പുസ്തകം 9 ലക്കം 9
ആഗസ്റ്റ് 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക



## മണ്ണിൽ നിന്നും മണ്ണിലേക്ക്....




മുരളീധർ കൊല്ലത്ത്
9387475851


# ഏഴുവർണ്ണം

ഏഴുവർണ്ണമൊരുങ്ങിയും
സൂര്യരേണു നിറഞ്ഞതും
ഓർമ്മയായി നിരന്നതും
അതിതീവ്രദുഃഖമിതെന്നുമേ
വിശ്വരാം രഥമേറിയോർ
വിജ്ഞാനഹൃത്തിനധിഷ്ഠിതർ
വീണുണർന്ന ചരിത്രമാം
മമഗാഥപാടിയ മണ്ണിത്

ഏക തത്ത്വമഹത്വമേ
മനതാരിൽമിന്നിമിനുങ്ങവേ
മലയാളഭാഷയിലാദരം
തീർത്തുനിർത്തുകഞ്ഞങ്ങളിൽ
പാരിലെന്നുടെജീവനായ്
വായുവും ജലമേകണേ
ജീവരേണുവിന്നൂറുവാൻ
വാഴ്ത്തിവീഴ്ത്തുക മാരിയെ

അമ്മ തന്നൊരു ഭാഷയെ
ഉമ്മവെച്ചൊന്നുണർത്തുക
ഉമ്മറം തഴുകുമർക്കനെ
ഊതി മാണിക്യമാക്കുക
സന്ധ്യയാം നാമമാവുക
സ്വന്തമാം ഹൃത്തിലേറുക
സ്വയമലിയുവാൻ വെമ്പുക
സ്വാർത്ഥമോഹം വെടിയുക.

അറിവിനായ് ജനിക്കുക
അലിവിനായ് വസിക്കുക
വരയുമക്ഷരജ്വാലയായ്
മഴനിലാവിലലിയുക
ഇവിടെയുണ്ടെന്നറിയുക
ഒരുമയുണ്ടെന്നറിയുക
നല്ല ശീലമൊരുക്കിയീ-
കാവ്യയോടമൊരുക്കുക



## പ്രതിനിധികളെ ആവശ്യമുണ്ട്

ഏക തത്ത്വയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻ ജില്ലാതലത്തിൽ പ്രതിനിധികളെ ആവശ്യമുണ്ട്. കലയിലും സാഹിത്യത്തിലും തത്പരരായവരും ദുശ്ശീലങ്ങൾ പാടെ ഇല്ലാത്തവരും നിസ്വാർത്ഥപ്രവർത്തന തത്പരതയുള്ള വ്യക്തികളെയാണ് ആവശ്യം. Profile അയക്കുക.


അയക്കേണ്ട വിലാസം
Eka Thathwa, Post Box No. 70.
Palakkad- 678001.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക :
9446443321, 9387118131

## ഏക തത്ത്വയുടെ പുസ്തകങ്ങൾ
## വാങ്ങുക, വായിക്കുക



പേജ് 156 വില 175 രൂപ



പേജ് 172 വില 200 രൂപ



പേജ് 116 വില 120 രൂപ



പേജ് 16 വില 40 രൂപ

₹ 15

# ഏക തത്ത്വ

## മാസിക

**പുസ്തകം 9 ലക്കം 9**

**ആഗസ്റ്റ് 2019**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**കവർചിത്രം**

ഉല്ലാസ് ഗോവർദ്ധൻ ആർ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

# ഉള്ളടക്കം



**ലേഖനം**
7 - ഐതിഹ്യ/പുരാണ കഥകളുടെ പ്രാധാന്യം - എം. എം. മേനോൻ
10 - വിലയിടിയുന്ന സാഹിത്യം - ഏഴംകുളം മോഹൻകുമാർ
18 - മറയൂരിലെ മുനിയറകൾ - ഡോ. സുനീത് മാത്യു
20 - ഭാരതീയം - പ്രൊഫ. വി. കെ. എം. നായർ
23 - മാമാങ്കം ഒന്നോർക്കാം - ആദർശ് കെ. വി.
42 - വരൂ നമുക്ക് വാക്കുകളാൽ ലോകം തീർക്കാം - ജിനു പ്രഭാകരൻ

**കഥ**
25 - എയ്ത്തുകാർ, സന്മനസ്സ് - സുരേഷ് തെക്കീട്ടിൽ
29 - ഒന്നും പറയാതെ - ടി. വി. ഹരികുമാർ
30 - നസീബ് - ടി. കെ. ഉണ്ണികൃഷ്ണൻ
31 - എന്ന് സ്വന്തം മണിക്കുട്ടി - സൈനുദീൻ മുണ്ടക്കയം
36 - സാക്ഷാൽ ഹർഷപുരം - ശ്രീപ്രകാശ് ഒറ്റപ്പാലം
37 - ഒരു 9.16 പുഞ്ചിരി - എം. ഡി. വിശ്വംഭരൻ
39 - നളിനാക്ഷിയമ്മയുടെ സാഹിത്യസഞ്ചാരങ്ങൾ - ശങ്കരൻ നായർ

**കവിത**
10 - സത്യമല്ലേ - അജയ് ബാലചന്ദ്രൻ
15 - പെണ്ണിര - രാജീവ് മാമ്പുള്ളി
16 - നീയും ഞാനും - ശരത് തരവത്ത്
22 - രാഷ്ട്രീയം - ഉണ്ണി വിശ്വനാഥ്
23 - ബാല്യം - രാജൻ കിണറ്റിൻകര
24 - തോന്നലുകളുടെ ഭാരം - തുളസി കേരളശ്ശേരി
28 - മനസ്സാക്ഷി - എടത്തറ ജയൻ
28 - തിരിച്ചറിവ് - നന്ദിനി പുത്തൻവീട്
29 - ഇടവപ്പാതി പെയ്യാതിരുന്നത് - അബ്ദുറബ്ബ് പറളി
30 - മാഞ്ഞു പോവുന്നത് - വിനോദ് ചെത്തല്ലൂർ
35 - ഈറൻമുകിൽ - മായ ബാലകൃഷ്ണൻ
41 - ബന്ധനം - ഭാരതി ഹരിദാസ്
41 - കറതീരും വരെ - ബിബിത് പാലക്കാട്

**കാഴ്ച്ചപ്പുറങ്ങൾക്ക(ഇ)പ്പുറം**
9 - ക്ഷണപ്രഭം - രാജേന്ദ്രൻ വയല

**ഓർമ്മച്ചിത്രങ്ങൾ**
11 - രാമായണ കാറ്റേ - മുക്കം ഭാസി

**വിജ്ഞാനച്ചെപ്പ്**
12 - പ്രീഡിഗ്രി അത്രകണ്ട് ഒരു മോശം ഡിഗ്രിയോ - ഡോ. ഒ. സി. പ്രമോദ്

**അനുഭവം**
16 - വംഗനാടിന്റെ അതിർത്തികടന്ന് - ഈശ്വർകുമാർ തരവത്ത്

**ആരോഗ്യം**
19 - കുഷിങ്ങ്സ് ഡിസീസ് - ഡോ. സി. രാമകൃഷ്ണൻ

**ഗായകരത്നങ്ങൾ**
26 - മലയാള സിനിമ പിന്നണിഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ - ടി. വി. നാരായണൻ കുട്ടി

**പൊതുവിജ്ഞാനം**
42 - പൊതുവിജ്ഞാനം - നൗഷാദ് ഖാൻ



ഇ. ടി. മുരളീധരൻ

# മണ്ണിൽ നിന്നും മണ്ണിലേക്ക്...

**ക**ർണ്ണാടകയിലും ഗോവയിലുമെല്ലാം കൂട്ടത്തോടെ എം. എൽ. എ.മാർ വോട്ടുചെയ്ത് ജയിപ്പിച്ച ജനങ്ങളെ മറന്ന് മറുഭാഗത്തേയ്ക്ക് പോകുന്നു. മറുഭാഗത്തിന് ലോട്ടറി അടിച്ച സന്തോഷവും ആവേശവും. പണ്ട് ഭരതൻ ജ്യേഷ്ഠനായ ശ്രീരാമൻ വരുന്നതുവരെ അദ്ദേഹത്തിന്റെ മെതിയടി വെച്ച് പൂജിച്ച് കാത്തിരുന്നു. പക്ഷെ ഇന്ന് തരം കിട്ടിയാൽ മെതിയടിയും അടിച്ചു മാറ്റി പിച്ചക്കാരനാക്കി ഏട്ടനെ പറഞ്ഞുവിടും കാലം. രാമായണത്തിൽ എല്ലാ ബന്ധങ്ങളുടേയും ഉത്തമ മാതൃകകളുണ്ട് എന്ന് പറഞ്ഞുപ്രചരിപ്പിക്കുന്നവർതന്നെ ജീവിതത്തിൽ പാലിക്കാൻ മറക്കുന്നു മാത്രവുമല്ല സ്വയം ഏത് കഥാപാത്രമാണെന്ന് തിരിച്ചറിയാതെ ദിനവും വേദഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നു. കൂറുമാറി വരുന്നവർ ഇനിയും കൂറുമാറും. പണ്ടും കൂറുമാറി വന്നവരാണിവർ അവരെ സ്നേഹപൂർവ്വം പുകഴ്ത്തി വാഴ്ത്തി കൂടെ ചേർത്തപ്പോൾ ഇപ്പോഴുള്ള പ്രതിസന്ധി അന്ന് മറുഭാഗത്തായിരുന്നിരിക്കാം. എപ്പോഴും നമ്മുടെ കൂടെ നടക്കുന്നവരെ ശ്രദ്ധിക്കണം. ഭാര്യയടക്കം പലരും നമ്മൾ നന്നല്ലെങ്കിൽ നമ്മെ വിട്ടുപോകും. അതിനിടയിൽ നമുക്ക് മദ്യവും മയക്കുമരുന്നും പോലുള്ള ദുശ്ശീലങ്ങൾ കൂടിയുണ്ടെങ്കിലോ ? അവരും വഴിപിഴച്ചെന്നുംവരാം. അതുപോലെ ഓരോ രാഷ്ട്രീയ പാർട്ടിയിലേയും വ്യക്തിത്വങ്ങൾ സ്വയമേവ നല്ല വ്യക്തികളായിരിക്കണം. എണ്ണം തികയ്ക്കാൻ വേണ്ടി വിലയ്ക്കുവാങ്ങിയാൽ അവർ നല്ല വില കിട്ടിയാൽ മറുകണ്ടം ചാടും കോടിക്കണക്കിന് സ്വത്തുണ്ടെങ്കിലും. 99 കോടി ആസ്തിയുള്ളവർക്ക് ഒരു കോടി തരാം എന്നു പറയുമ്പോഴേയ്ക്കും 99 കോടിയെ നൂറു കോടിയാക്കാനുള്ള വ്യഗ്രതയിൽ 99 കോടിയുടെ ആസ്തിയുള്ള വ്യക്തിയാണ് താനെന്നും ഇത്രയും തരംതാഴാൻ പാടില്ലെന്നും ചിന്തിക്കില്ല. അണികളെ മാത്രമല്ല ചിലപ്പോൾ അച്ഛനേയും അമ്മയേയും തള്ളിപ്പറഞ്ഞ് ഭാര്യയേയും മക്കളേയും ഉപേക്ഷിച്ചുചെല്ലും എന്നിട്ട് മരിക്കാൻ നേരം ഒരു രൂപപോലും ഉപകാരപ്പെടാതെ, കൊണ്ടുപോകാനാകാതെ, ഒരു കോടിമുണ്ട് പുതച്ച് കിടക്കും. പണക്കാരനും പാവപ്പെട്ടവനും അവസാനം എത്തുന്ന ഇടം ഒരേതരം മണ്ണിൽ...

മഴക്കാലം വന്നിട്ടും മഴയെ കണ്ടില്ലല്ലോ? പുഴകൾ വരണ്ടുകിടന്നു. പൊള്ളുന്ന വെയിൽ അത്ഭുതം. മഴക്കാലത്തും വെള്ളം വില കൊടുത്ത് വാങ്ങേണ്ടിവന്നു പലർക്കും. എന്നാലും കഴിഞ്ഞ കൊല്ലത്തെ പ്രളയ ഓർമ്മകൾ മൂലം മഴയോടൊന്ന് പെയ്യൂ എന്ന് പറയാനോ പ്രാർത്ഥിക്കാനോ കഴിയുന്നുമില്ല. അങ്ങനെയിരിക്കെ വൈകിയാണെങ്കിലും മഴയെത്തി തിമിർക്കാൻ തുടങ്ങി. ഫുട്ബോൾ കളികഴിഞ്ഞ് ഇങ്ങനെ ഗോൾ അടിക്കാമായിരുന്നു അങ്ങനെ ഗോൾ അടിക്കാമായിരുന്നു എന്നെല്ലാം പറഞ്ഞ് കളിക്കാരെ കുറ്റപ്പെടുത്തുന്ന കാണികളെ പോലെ കഴിഞ്ഞ മഴക്കാലത്ത് ഡാമുകൾ നേരത്തേ തുറക്കാമായിരുന്നു എന്നാൽ പ്രളയം സംഭവിക്കില്ലായിരുന്നു എന്നെല്ലാം പറഞ്ഞ് പ്രളയം കൊണ്ട് പലവിധത്തിൽ മുതലെടുപ്പ് നടത്തി പലരും. എന്നാൽ ഇത്തവണ ഡാം നേരത്തേ തുറക്കുകയും വേനലിലേയ്ക്ക് വേണ്ടത്ര ജലം കരുതാനാകാതെയും പോയാൽ ഡാം തുറന്നുവിട്ടതിനെ കുറിച്ചാവും കുറ്റം പറച്ചിൽ. കഴിഞ്ഞ തവണത്തേതുപോലെ മഴയില്ലാഞ്ഞിട്ടും എന്തിന് ഡാം തുറന്നുവിട്ടു അതല്ലേ വൈദ്യുതി ഉത്പാദിപ്പിക്കാനാകാതെ നാം ഇരുട്ടിലാകാൻ കാരണം. കുടിക്കാൻ പോലും വെള്ളമുണ്ടോ കുറ്റപ്പെടുത്താനും സന്ദർഭത്തെ മുതലെടുക്കാനും എന്നും മറുഭാഗം എത്തും. ഇരുകൂട്ടരും രാമായണം വായിക്കണം. അതിൽ ഒരു ഉത്തമ ഭരണാധികാരി എങ്ങിനെയുണ്ടായിരിക്കണം, ഒരു ഉത്തമ പൗരന് എന്തെല്ലാം കടമകളുണ്ട് എന്നെല്ലാം കാര്യകാരണസഹിതം പറഞ്ഞിട്ടുണ്ട്. ഭക്തി പൂണ്ട് വായിച്ചിട്ട് കാര്യമില്ല. ചടങ്ങിനായി വായിച്ചുതീർത്തിട്ടും കാര്യമില്ല. ഉൾക്കൊണ്ട് വായിക്കുക... ചിലപ്പോൾ എല്ലാറ്റിലും മാറ്റം വന്നാലോ... അതുപോലെ വിശുദ്ധ ഖുറാനിലും ബൈബിളിലുമുണ്ട് നല്ല മാതൃകകൾ. അവയെ സ്വീകരിച്ചുകൂടെ... മനസ്സിലാക്കി ജീവിച്ചവനും അല്ലാതെ ജീവിച്ചവനും പ്രത്യക്ഷത്തിൽ ഒടുവിലെത്തുക ഒരേ മണ്ണിലാണ്... പക്ഷെ... അതിനപ്പുറം ചിന്തിക്കാനുണ്ട്. എന്നാൽ ആദ്യം അതുവരെയെങ്കിലും ചിന്തകൾ എത്തേണ്ടേ... അതുകഴിഞ്ഞു വേണ്ടേ അതിനപ്പുറത്തെ ചിന്തകൾ.

കാശുകൊടുത്ത് മതത്തിൽ ആളെ ചേർക്കുന്നവരുണ്ട്. വരുന്നവർ നിവർത്തികേടുകൊണ്ട് വരുന്നവരാകാം. അതുമല്ലെങ്കിൽ പണവും സൗഭാഗ്യങ്ങളും കണ്ട് വരുന്നവരാകാം. ചില രാഷ്ട്രീയക്കാരെപ്പോലെ അവരും ഒരുനാൾ ഇതിലും നല്ല ഓഫർ ലഭിച്ചാൽ എല്ലാറ്റിനേയും കുറ്റപ്പെടുത്തി അടുത്ത മതത്തിലേയ്ക്ക്, രാഷ്ട്രീയ പാർട്ടിയിലേയ്ക്ക് പോകും. പോകുന്നവർ പോട്ടെ വരുന്നവർ വരട്ടെ ബലം പിടിച്ചും സ്വാധീനിച്ചും ആരേയും ആരും പിടിച്ചെടുക്കേണ്ട. അങ്ങിനെ വന്നവരെ വിശ്വസിക്കാനുമാകില്ല. ഗാന്ധിജി ഉണ്ടായിരുന്ന പാർട്ടിയിൽ എത്രപേരുണ്ടായിരുന്നു അതിന്റെ രൂപീകരണ സമയത്ത് ? പിന്നീട് എത്രയോ പേർ കൂടേ ചേർന്നു. തുടർന്ന് സ്വാർത്ഥപരതയിൽ പലരും പലപ്പോഴായി സ്ഥലം വിട്ടുകൊണ്ടിരുന്നു. അവരുടെ കാര്യങ്ങൾ കഴിഞ്ഞപ്പോൾ, നടക്കാതെ വന്നപ്പോൾ അവർ പോയി. ഇനിയും പലരും വരും പോകും പക്ഷെ ഒന്നിനേയും വിശ്വസിക്കുവാൻ പറ്റില്ല. ആദർശരഹിത രാഷ്ട്രീയം നാടിനാപത്തുതന്നെയാണ്. കൂറുമാറുന്നവർക്ക് എന്താദർശം ? അവരുടെ പിറകെ അണിചേരുന്നവർക്ക് എന്ത് ബോധം ?

ബ്രിട്ടീഷുകാർ കെട്ടിയ പാലം നൂറു വർഷം കഴിഞ്ഞിട്ടും പൊളിക്കാൻ സാധിക്കാതിരിക്കുമ്പോൾ നമ്മൾ പണിത പാലം ഒരു കൊല്ലം കൊണ്ട് നിലം പൊത്തുന്നു. ആർക്കും ആത്മാർത്ഥതയില്ലല്ലോ, അധികവും സ്വാർത്ഥൻമാരാണല്ലോ. ഒരുപാട് കണ്ടുപിടുത്തങ്ങൾക്ക് പുറകിൽ നമ്മുടെ പൂർവ്വീകരുണ്ടായിരുന്നു എന്ന് വാദിച്ചും തമ്മിലടിച്ചും ജീവിക്കുന്ന, ക്ഷമയില്ലാ

ത്ത, ക്രിയാത്മകമായി ഒന്നും ചെയ്യാനറിയാത്ത കുറേ ജനങ്ങളുണ്ടിവിടെ. കഷ്ടമായിപ്പോയി... എങ്കിലും ചന്ദ്രയാന്റെ വിക്ഷേപണം നമുക്ക് പ്രത്യാശ നൽകുന്നുമുണ്ട്. എന്തായാലും നമ്മുടെ പാരമ്പര്യത്തിൽ അഭിമാനിക്കുന്നതോടൊപ്പം എല്ലാവരേയും ഉൾക്കൊള്ളുന്ന നമ്മുടെ സംസ്കാരത്തിലൂന്നി ആത്മാർത്ഥമായി ജീവിക്കാൻ കഴിയണം. അതിനുള്ള സാഹചര്യമുണ്ടാവണം, ഉണ്ടാക്കണം. വിദ്യാഭ്യാസ നിലവാരം ഉയർത്തണം.

സാധാരണ സ്കൂളുകളിലും കോളേജുകളിലും ചെന്നുപെടുന്ന കുട്ടികൾ അല്പം നന്മയും കൂടുതൽ വ്യത്തികേടുകളുമാണ് പഠിക്കുന്നത്. അവർ അവിടെ പഠിച്ച പലതും നാട്ടിൽ പ്രാവർത്തികമാക്കി ജീവിച്ചുവരുന്നു. കഞ്ചാവ് കച്ചവടം, മദ്യം, പുകയില, കള്ളത്തരം പറയുക, പീഡിപ്പിക്കുക, ചതിക്കുക, കൊല്ലുക, രാഷ്ട്രീയം കളിക്കുക തുടങ്ങി പലതും കലാലയത്തിന് പുറത്ത് ചെയ്തുവരുമ്പോൾ മറുഭാഗത്ത് കാശ് കൂടുതൽ കൊടുത്ത് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുവളർന്നുവരുന്ന കുട്ടികൾ തങ്ങൾ ഏത് കാലാവസ്ഥയിലാണ് ജീവിക്കുന്നതെന്നുപോലുമറിയാതെ ലക്ഷങ്ങൾ ചിലവാക്കി ശീതീകരിച്ച മുറിയിലിരുന്ന് പഠിച്ച്, തടിച്ചുകൊഴുത്ത് സമൂഹവുമായി ബന്ധമില്ലാതെ വേറെ ഏതോ ഭൂഖണ്ഡത്തിൽ ജീവിക്കുന്നവരെപ്പോലെ പെരുമാറുന്നു, ലക്ഷ്യമില്ലാതെ ലക്ഷങ്ങൾ സമ്പാദിക്കുന്നു, പണത്തിന്റെ മൂല്യമറിയാതെ ധൂർത്തടിച്ച് ജീവിക്കുന്നു. വിദ്യാഭ്യാസത്തിലൂടെ മാനുഷിക, സാമൂഹിക മൂല്യങ്ങൾ യഥാവണ്ണം മനസ്സിലാക്കി കൊടുക്കാനായില്ലെങ്കിൽ വിദ്യാഭ്യാസക്കാലം എന്നത് ജീവിതത്തിൽ സമയനഷ്ടം വരുത്തുന്ന ഒരു പാഴ്ച്ചടങ്ങുമാത്രമായി അധഃപതിക്കില്ലേ? വിദ്യാഭ്യാസ സമ്പ്രദായത്തിലെ മൂല്യച്യുതിയല്ലേ ഇന്നുകാണുന്ന അവസ്ഥയ്ക്ക് കാരണം... ആറാം ക്ലാസ് പാസായ അതുമല്ലെങ്കിൽ സ്കൂളുപോലും കാണാത്ത പൂർവ്വീകരുടെ വിവരവും വിവേചനവും ഇന്നത്തെ തലമുറയ്ക്ക് ഉണ്ടോ, അന്നത്തെ നേതാക്കളേയും അദ്ധ്യാപകരേയും മറ്റും നോക്കുക. അവരുടെ അർപ്പണവും ദീർഘവീക്ഷണങ്ങളും നമ്മേ അത്ഭുതപ്പെടുത്തുന്നില്ലേ. ഇന്നത്തെ നേതാക്കളോടും അദ്ധ്യാപകരോടും വല്ല ബഹുമാനവുമുണ്ടോ ? ഈ രണ്ടുകൂട്ടരും നന്നായാലേ നാട് നന്നാവുകയുള്ളു. ഏവരും അവരുടെ കർത്തവ്യങ്ങളിൽ മായം ചേർത്താണ് ഇന്നത്തെ ഈ അവസ്ഥയ്ക്ക് കാരണം. നന്മ തിരിച്ചുപിടിക്കണമെങ്കിൽ ഇനി എല്ലാം ഒന്നിൽ നിന്ന് തുടങ്ങേണ്ട സ്ഥിതിയാണ്. പക്ഷെ ആര് മുൻകൈയെടുക്കും ?

കലാലയങ്ങളിൽ രാഷ്ട്രീയം വേണമെന്നും വേണ്ടെന്നും പറഞ്ഞ് തർക്കിക്കാറുണ്ട്. എല്ലായിടത്തും രാഷ്ട്രീയമുള്ളപ്പോൾ കലാലയത്തിൽ മാത്രമെങ്ങിനെ ഒഴിവാക്കാനാകും. ഇന്നുകാണുന്ന ഓരോ പാർട്ടിക്കുള്ളിലേയും തർക്കങ്ങൾ നല്ലതിന്റെ സൂചനയാണ്. (വേഷം കെട്ടലിനുമപ്പുറത്ത്) ആരൊക്കെയോ മാറ്റത്തിനായി ചിന്തിച്ചു തുടങ്ങിയിരിക്കുന്നു എന്ന് അർത്ഥം. ഓരോ മതത്തിലും ഇതുപോലെ ഉൾപ്പോരുകൾ ഇനി ശക്തമാകും. അപ്പോൾ അതും നന്നായി തുടങ്ങും. ഇതിനെല്ലാം കാരണം മനുഷ്യമനസ്സിലും യുദ്ധം നടക്കുന്നു. അല്പാല്പം മനുഷ്യൻ ചിന്തിച്ചുതുടങ്ങിയെന്ന് തോന്നുന്നു. എല്ലാം നല്ലതിന്.

പദവി കൊണ്ടും അധികാരം കൊണ്ടും ഉന്നതങ്ങളിലിരിക്കുന്നവർ പറയുന്നു തെറ്റുചെയ്തവർ നമ്മളിൽപ്പെട്ടവരല്ല. ചിന്തിക്കാനുണ്ട്. ഇനിയെങ്കിലും അണികൾ മനസ്സിലാക്കുക തമ്മിൽത്തല്ലി ആർക്കെങ്കിലും വേണ്ടി മരിക്കേണ്ട. കൂടെ നിൽക്കുന്നവൻ തന്നെ ചതിക്കും കൊല്ലും. സ്വാർത്ഥത വെടിഞ്ഞ് സമാധാനത്തിന്റെ പാതയിലേയ്ക്ക് വരുക... എന്തായാലും മണ്ണിലേയ്ക്ക് മടങ്ങും പക്ഷെ സംതൃപ്തിയോടെ കാലാവധി തീർത്തുമടങ്ങാലോ...

രാഷ്ട്രീയം കളിച്ച് രാഷ്ട്രീയക്കാരെ സ്വാധീനിച്ചും ജോലിയും അധികാരവും നേടുന്നവരുണ്ട്. അതുപോലെ ജോലിയും സ്ഥാനമാനങ്ങളും നഷ്ടപ്പെടുന്നവരുമുണ്ട്. പക്ഷെ അനുഭവിച്ചുതന്നെ പഠിക്കാൻ വന്നവനോട് വേദാന്തം പറഞ്ഞിട്ട് കാര്യമുണ്ടോ. അവനെന്ത് സുവിശേഷം അത്തരക്കാരെ നാം മാതൃകയാക്കാതിരുന്നാൽ നമുക്ക് പശ്ചാത്താപമില്ലാതെ മടങ്ങാം അല്ലാത്തപക്ഷം കൈക്കൂലിയും കുതികാൽ വെട്ടും അധികാരദുർവിനിയോഗവും കൊണ്ട് നേടിയതെല്ലാം വിനയാകും മരിച്ചാലും. എത്ര മഴ കൊണ്ടാലും മണ്ണിലേയ്ക്ക് മടങ്ങിയാലും നേടിയ ചീത്തപ്പേര് നിലനിൽക്കുകതന്നെ ചെയ്യും. അത് കഴുകിക്കളയാൻ ആകില്ല.

ഡോക്ടർ ആയ നിങ്ങളുടെ വീട്ടിൽ തന്നെയില്ലെ രോഗികൾ. ജ്യോത്സ്യനായ നിങ്ങളുടെ വീട്ടിൽ തന്നെയില്ലെ സമാധാനക്കേടുകൾ. അദ്ധ്യാപകനായ നിങ്ങളുടെ വീട്ടിലില്ലെ അനുസരണയില്ലാത്തവർ. അതുകൊണ്ട് എല്ലാവരേയും ഉൾക്കൊണ്ട് ജീവിക്കുക. നമ്മളെത്തേടി വരുന്നവരെ നമ്മൾ നമ്മുടെ ഉറ്റവരായി കാണുക, പരിചരിക്കുക, ആശ്വസിപ്പിക്കുക. പദവിയുണ്ടെങ്കിലും ഇല്ലെങ്കിലും പണമുണ്ടെങ്കിലും ഇല്ലെങ്കിലും പ്രശ്നങ്ങൾ എല്ലാവർക്കും ഉണ്ട്. അത് നമുക്ക് അറിവും പിന്നെ തിരിച്ചറിവും നേടിത്തരും, അത് നേടാനാണല്ലോ വന്നതും. സമാധാനം കാംക്ഷിക്കുക. നമ്മെയെല്ലാം തഴുകി നമ്മുടെ താപം ഏറ്റുവാങ്ങി നീരാവിയായി പറന്നുയർന്ന ജലം വീണ്ടും മഴയായി നമ്മേ തണുപ്പിക്കാനായി വന്നതുപോലെ നമ്മളുടെ ഓരോ തീരുമാനങ്ങളും ചുവടുകളും മറ്റുള്ളവർക്ക് ഗുണകരങ്ങളാകട്ടെ... സാന്ത്വന സ്പർശങ്ങളാകട്ടെ...

ചില കുരങ്ങനുമുമ്പിൽ ചെന്ന് നമ്മൾ എന്തുകാണിച്ചാലും തിരിച്ചുകാണിക്കും. അതുകണ്ടാൽ ആദ്യം ചിരി വരും പിന്നെ ദേഷ്യം വരും. അതിന്റെ വല്ല ആവശ്യമുണ്ടോ. കുരങ്ങന്റെ മുമ്പിൽ ചെല്ലാതിരുന്നാൽ പോരെ, കുരങ്ങനെ ഒഴിവാക്കിയാൽ പോരെ. കുരങ്ങനെ പോലെ ചാഞ്ചാടുന്ന മനസ്സിനെ ആദ്യം നിയന്ത്രിക്കുക. ചില കുരങ്ങുകൾ നമ്മൾ ശ്രദ്ധിക്കുന്നുണ്ടെന്നുകണ്ടാൽ ഗോഷ്ടികൾ കാട്ടും, ഉപദ്രവിയ്ക്കും. വേണ്ട അത്തരക്കാരെ അകറ്റിനിർത്തുക. മനസ്സമാധാനം കിട്ടാനായി ഇടയ്ക്കൊരു തീർത്ഥയാത്ര നല്ലതായിരുന്നു പക്ഷെ ഇന്ന് തീർത്ഥാടന കേന്ദ്രങ്ങളുടേയും പരിശുദ്ധി നഷ്ടപ്പെട്ടിരിക്കുന്നു.

ശബരിമല തീർത്ഥാടനത്തിനുപോകുമ്പോൾ പണ്ട് ഇരുമുടിക്കെട്ടിൽ പലരും അരിയും നെയ് തേങ്ങയും പണവുമെല്ലാം ഇടും. അതെല്ലാം സന്നിധാനത്തുചെന്ന് വേർപെടുത്തി പണം കാണിക്ക വഞ്ചിയിലിടും. അരിയിടാനായി വച്ചിരിക്കുന്ന സ്ഥലത്ത് അരി നിക്ഷേപിക്കും. പക്ഷെ ഇത്തവണ മലയ്ക്ക് പോയപ്പോൾ എനിയ്ക്ക് അത്ഭുതം തോന്നി. കെട്ടിനെ ടൂർ കണ്ടക്റ്റർക്ക് കൊടുത്ത് വർത്തമാനവും പറഞ്ഞ് ഇരിക്കുന്നു ഭക്തർ. കണ്ടക്റ്റർ കെട്ടുതുറന്ന് അവനുവേണ്ട പണമെല്ലാം എടുത്ത് കുറച്ച് ചില്ലറ പൈസകൾ മാത്രം കാണിക്ക വഞ്ചിയിലിടുന്നതുകണ്ട് ഞാൻ ചോദിച്ചു ഇത് എന്താ ഇങ്ങിനെ ചെയ്യുന്നത് ? അയാൾ ഒരു സങ്കോചവും കൂടാതെ ചിരിച്ചുകൊണ്ട് പറഞ്ഞു കാണിക്കവഞ്ചിയിലിട്ടാൽ നിരീശ്വരവാദിയായ ഗവൺമെന്റിന്

പോകും. പക്ഷെ ഞാനിത് എന്നെ ഇവിടെ അഭിഷേകത്തിനും മറ്റും സഹായിക്കുന്നവർക്ക് കൊടുക്കും. നമ്മുടെ പൈസ എന്തിന് ഗവൺമെന്റിന് പോകണം. എന്താല്ലേ പുതിയ കാരണങ്ങൾ, കണ്ടെത്തലുകൾ.

എന്റെ അച്ഛന്റെ അകന്ന ബന്ധത്തിൽ ഒരു അമ്മാവൻ പണ്ട് പഴനി മലയിലെ ഒരു പ്രമുഖ ലോഡ്ജിൽ ജോലിക്കാരനായിരുന്നു. അദ്ദേഹം അവിടെ വരുന്ന ഭക്തരെ മുഴുവൻ പറ്റിച്ച് പണമുണ്ടാക്കി. അഭിഷേകം ചെയ്തുതരാം, പൂജ നടത്തിത്തരാം എന്നുപറഞ്ഞ് പണം വാങ്ങി ആരും കാണാത്തൊരിടത്തിരുന്ന് തേങ്ങ പൊട്ടിച്ച് ഒരു ഭാഗം അയാളുടെ ബാഗിലും മറുഭാഗം ഭക്തന്റെ ബാഗിലും. അങ്ങിനെ ചന്ദനവും കർപ്പൂരവും എണ്ണയും തുടങ്ങി പലതിന്റേയും പകുതി ഇയാൾ എടുക്കും. എന്നിട്ട് അടുത്ത ഇരയേ കിട്ടുമ്പോൾ ബാക്കി പകുതി അയാളുടെ ബാഗിലും ഇട്ട് അയാൾ നല്കിയവ അതേപടി കടയിൽ കൊടുത്ത് പണമാക്കും. അങ്ങിനെ പണക്കാരനായി. ഇന്നയാൾ രണ്ടുകാലും മുറിച്ച് പഴനിമല പോയിട്ട് വീട്ടിനുള്ളിൽ നടക്കാൻ സാധിക്കാത്തവിധം നരകിച്ചുജീവിക്കുന്നു. ഭക്തിയുടെ മറവിലും അല്ലാതേയും കള്ളത്തരങ്ങൾ ചെയ്യുന്നവർ ഇടക്കിടെ ഹെൽത്ത് ചെക്കപ്പ് ചെയ്യുന്നത് നന്നായിരിക്കും. എന്തായാലും അതിനുള്ള പണം സ്വരൂപിക്കുന്നുണ്ടല്ലോ അല്ലേ... അതുമതി. മണ്ണിലേയ്ക്ക് മടങ്ങും മുൻപ് അതെല്ലാം നമുക്ക് ഹോസ്പിറ്റലിലും മറ്റും കൊടുത്തുതീർക്കാനുള്ളതാ...


ശബരിമലയിലെ സ്ത്രീകളുടെ മലകയറ്റം വലിയ വിവാദമാക്കി രാഷ്ട്രീയം കളിച്ചു. ഇലക്ഷൻ കഴിഞ്ഞു, ഉച്ചത്തിലുള്ള ശരണം വിളികൾ നിലച്ചു, ശബരിമലയുടെ ആവശ്യവും ചിലർക്ക് കഴിഞ്ഞെന്നുതോന്നുന്നു. ഇപ്പോൾ ചെന്നാൽ യഥാർത്ഥ ഭക്തരെ കാണാം. ആത്മസംതൃപ്തിക്കായി മലകയറുന്നവരെ കാണാം. അവരെല്ലാം വളരെ സ്നേഹത്തിലും സൗഹൃദത്തിലും സഹകരണത്തിലും കഴിയുന്നു. വൃത്തിഹീനമായ, പരിമിതമായ സൗകര്യത്തിൽ തീർത്ഥാടനം നടത്തും. കാലാകാലങ്ങളായി ഒരുപാട് പണം അവിടേയ്ക്ക് ഒഴുകിയിട്ടും മാറി മാറി വന്ന രാഷ്ട്രീയ പാർട്ടികൾ ഒന്നും തന്നെ ഭക്തർക്കായി ചെയ്യാത്തതെന്തേ ? പോരാത്തതിന് പലവിധ നിയന്ത്രണങ്ങളേർപ്പെടുത്തി ഇടയ്ക്കിടെ ഉപദ്രവവും. ഈയിടെയായി ശബരിമലയ്ക്ക് പോകുന്ന വാഹനങ്ങൾ എല്ലാം നിലയ്ക്കലിൽ നിർത്തണം. അവിടെനിന്ന് 23 കി. മീ. ഉണ്ട് പമ്പയിലേയ്ക്ക്. അവിടേയ്ക്ക് പോകാൻ നിറയെ കെ.എസ്. ആർ. ടി.സി. ബസ്സുകൾ നിരത്തി നിർത്തിയിട്ടുണ്ട്. വലിയ കാലതാമസമില്ലാതെ സർവ്വീസുകൾ നടത്തുന്നുമുണ്ട്. പക്ഷെ എല്ലാ ബസ്സിലും ആദ്യമേ ചെന്ന് കയറിയിരിക്കാൻ സമ്മതിക്കുകയില്ല. അനൗൺസ്മെന്റ് ചെയ്യുന്ന ബസ്സിലെ കയറാവൂ. അതിനായി ഉന്തും തള്ളും അടിപിടി ബഹളമാണ്. അതുകഴിഞ്ഞാൽ അന്തരീക്ഷമൊന്ന് ശാന്തമായാൽ അടുത്ത ബസ്സിന്റെ നമ്പർ അനൗൺസ് ചെയ്യും. ഈ ബസ്സ് ഈ അറ്റത്താണെങ്കിൽ അടുത്ത് ബസ്സ് മറ്റേ അറ്റത്താവും. ആളുകൾ കൂട്ടത്തോടെ അങ്ങോട്ടേയ്ക്കോടും. പിന്നെ ഉന്തും തള്ളും. കുടിവെള്ള കുപ്പികൾ നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കുപ്പിയിൽ വിൽക്കുന്ന ജ്യൂസിന് ഇതൊന്നും ബാധകമല്ല. വെള്ളം കിട്ടാതേയും പലവിധ ബുദ്ധിമുട്ടിനാലും തീർത്ഥാടനയാത്ര വെറുക്കും. അമിതവേഗതയിലാണ് കാട്ടുവഴികളിലൂടെയുള്ള ബസ് യാത്ര. ഡ്രൈവറും കണ്ടക്ടറും കൂടി സംസാരിക്കുന്നതു കേട്ടു, ഓ.ട്ടി ഇന്നും ഒപ്പിക്കണം വേഗം പോകാം. വേഗപ്പാച്ചിലിൽ ആക്സിഡന്റ്. അതേത്തുടർന്ന് മണിക്കൂറുനേരത്തെ ഗതാഗത കുരുക്ക്. ധൃതി പിടിച്ചോടുന്ന മനുഷ്യരെ കൊണ്ട് സമാധാനക്കേടും സമയ നഷ്ടവും വന്നുഭവിക്കുന്നു. എന്തായാലും പമ്പയിലേക്ക് നിറയെ കെ.എസ്.ആർ.ടി.സി. ബസ്സുകളുണ്ട് എന്നത് ആശ്വാസം തന്നെ. നാല്പതുരൂപയാണ് നിരക്ക്. ഒരാൾ മലയ്ക്ക് പോയി വരുമ്പോൾ എൺപത് രൂപ കെ. എസ്. ആർ. ടി. സിയ്ക്ക് കിട്ടും. കെ. എസ്. ആർ. ടി. സിയുടെ നഷ്ടം നികത്താനാകും പക്ഷെ ഭക്തർക്കു വേണ്ടി എന്തെങ്കിലും ചെയ്യേണ്ടേ? ഭക്തർക്കുവേണ്ട ഒരു സൗകര്യവും നിലയ്ക്കലില്ല. കുറേ പണി കഴിപ്പിച്ച ശുചിമുറികളുണ്ടെങ്കിലും വൃത്തിയില്ല, വെള്ളമില്ല, വെളിച്ചമില്ല, കതകുകളില്ല. മഴ വന്നാൽ, വെയിലുവന്നാൽ കയറി നില്ക്കാൻ ഷെഡ്ഡുകളില്ല. ഇരിക്കാൻ നല്ല ഇരിപ്പിടങ്ങളില്ല. എന്തേ ഇതെല്ലാം പണിയാത്തത് ? എന്തേ ആരും ഇതൊന്നും പ്രതികരിക്കാത്തത്? സമരം ചെയ്യാത്തത് ?

ടൂ വീലർ ഓടിക്കുന്നവനു പുറമെ പുറകിലിരിക്കുന്നവരും ഹെൽമറ്റ് ധരിക്കണം. കാറിൽ എല്ലാ യാത്രക്കാരും സീറ്റ് ബെൽറ്റ് ധരിക്കണം തുടങ്ങി പലതും നിയമത്താൽ നിർബന്ധമാക്കുമ്പോഴും പലവിധത്തിൽ കരം പിരിക്കുമ്പോഴും എന്തേ നല്ല റോഡ് പണിയാത്തത് ? തീർത്ഥാടനകേന്ദ്രങ്ങളിൽ എന്തേ നല്ല സൗകര്യങ്ങൾ ഒരുക്കാത്തത് ? നിയമം സാധാരണ ജനങ്ങൾക്കുമാത്രമോ ? റോഡും പരിസരവും വൃത്തിയാക്കിവെയ്ക്കണം. സംഗതി ശരിയാണ്. ജനം തയ്യാറുമാണ് പക്ഷെ ആവശ്യത്തിന് വേസ്റ്റ് ബിന്നുകളുണ്ടോ ? ആദ്യം സ്വയം നന്നാവുക എന്നിട്ടുമതി മറ്റൊരുത്തനെ നന്നാക്കാൻ എന്നതുപോലെ ആദ്യം അധികാരികൾ, ഭരണകർത്താക്കൾ, നേതാക്കൾ നല്ല നാടിനുവേണ്ടതെല്ലാം ഒരുക്കിവെയ്ക്കുക എന്നിട്ടു പറഞ്ഞാൽ കേൾക്കാത്തവരെയാണ് പിടിക്കേണ്ടത്, ശിക്ഷിക്കേണ്ടത്. ഹെൽമറ്റ് ഇടാം പക്ഷെ റോഡ് നന്നാക്കി വെയ്ക്കാമോ സാർ എന്ന് ചോദിക്കേണ്ടേ നമ്മൾ ? പ്രളയത്തിന്റെ പേരിലും അല്ലാതേയും ഒരുപാട് പണം പിരിച്ചെടുത്തിട്ടുണ്ടല്ലോ പോരെങ്കിൽ ഇനിയും തരാം, നാടിനെ നന്നാക്കൂ.

പണത്തിനുപിന്നാലെ പായുന്നവരേ നിങ്ങൾ അട്ടയേ കണ്ടിട്ടില്ലേ ? അവ ദേഹത്തുകയറി ഇരുന്നാൽ നമ്മൾ അറിയില്ല. ചോര കുടിച്ചുകൊണ്ടിരിക്കും എന്നിട്ട് സ്വയം വയറുപൊട്ടി മരിക്കും. അതുപോലെ അനധികൃതമായി സമ്പാദിക്കുന്നവർ ഇടക്കിടെ ശരീരത്തെ ശ്രദ്ധിക്കണം, വീർത്തുവരുന്നുണ്ടോ എന്ന് പരിശോധിക്കണം. പിന്നെ ഇതിനുമുൻപ് ഇതുപോലെ പണം സ്വരൂപിച്ചവർ എന്തുനേടി ഒടുവിൽ എന്നുകൂടി പഠിക്കണം. പഠിച്ചാലും പഠിച്ചില്ലെങ്കിലും മണ്ണിലെത്തും പിന്നെ നീയും ഞാനുമൊക്കെ വെറും മണ്ണ്.

പലതരത്തിൽ പ്രശ്നങ്ങളെ അഭിമുഖീകരിച്ച് തളരുമ്പോൾ മനുഷ്യന് മരിക്കാൻ തോന്നും, ജീവിതമവസാനിപ്പിക്കാൻ തോന്നും, മനസ്സ് ക്ഷീണിക്കും, വയ്യാതാകും, ശരീരം ശോഷിക്കും, അവസാനം മണ്ണിലേയ്ക്ക് മടങ്ങും. വൈദ്യുതിയ്ക്കും മണ്ണിലേയ്ക്ക് മടങ്ങാനാണ് താത്പര്യം. പക്ഷെ അവ ബൾബിലൂടെ കടന്നുചെന്ന് പ്രകാശമാകുന്നു, ഫാനിലൂടെ കടന്നുചെന്ന് കാറ്റായി തീരുന്നു, ഒരുപാടുപേർക്ക് ഗുണം ലഭിക്കുന്നു, ഒടുവിൽ വൈദ്യുതി ശോഷിച്ച് ശോഷിച്ച് ഇല്ലാതാകുന്നു. അതുപോലെ നാമും ഈ ശരീരത്തെ കൊണ്ട് മറ്റുള്ളവർക്ക് പ്രയോജനമായ കാര്യങ്ങൾ ചെയ്തും ചെയ്തു വച്ചും വേണം മടങ്ങാൻ അല്ലെങ്കിൽ ജീവിതം വ്യർത്ഥം. മണ്ണിനുമീതെയുള്ളതെല്ലാം മണ്ണായിത്തീരും... ●

# ഐതിഹ്യ/പുരാണ കഥകളുടെ പ്രാധാന്യം



എം. എം. മേനോൻ
0491 6451469, 0491 2572939

മനുഷ്യന്റെ ജീവിതരീതി, പലവിധ ആധുനിക പ്രശ്നങ്ങളിൽ ഇന്നത്തെ അളവിൽ കലങ്ങി മറിയുന്നതിനുമുമ്പ്, വിശ്വസനീയമായ ഒരു താങ്ങിന്റെ പിൻതുണയാൽ നിവർന്നു നിൽക്കുന്നുണ്ടായിരുന്നു. അന്ന് ഈശ്വര സങ്കല്പം, മതങ്ങൾ, ഐതിഹ്യ/പുരാണ കഥകൾ എന്നിവയുടെ സഹായത്തോടുകൂടി, ജീവിതത്തിൽ ഉന്നതലക്ഷ്യസാധ്യത്തിനായി ശ്രമിക്കാൻ ജനങ്ങൾക്ക് പ്രേരണയുമുണ്ടായിരുന്നു. (ഇന്നോ ? ഇന്ന് എല്ലാവരും busy ആണ്. ഗുണകരമായ ഒന്നും ചെയ്യാനില്ലെങ്കിലും കാതിനോട് ഒട്ടിച്ച സ്മാർട്ട് ഫോണുകൾ ഉണ്ടല്ലോ ! വിശ്വ പ്രധാന വിഷയങ്ങളെക്കുറിച്ച് ചർച്ചക്ക് തോരാത്ത സംസാരമോ, ഫേസ് ബുക്ക്, ടിറ്റർ, യൂട്യൂബ് മുതലായവയിലൂടെ അഭിപ്രായ പ്രകടനമോ ഇല്ലെങ്കിൽ ലോകചലനം തീരെ സ്തംഭിച്ചു പോവുകയില്ലേ? വ്യതിചലനത്തിന് ക്ഷമായാചനം !!) ഈ പുരാണ കഥകൾ മൗലിക മാനവ മൂല്യങ്ങളെ (സത്യം, ധർമ്മം, അഹിംസ, സ്നേഹം, ദയ, അനുകമ്പ, സഹായസഹകരണം, സരളത, ക്ഷമ, സഹിഷ്ണുത, ത്യാഗം മുതലായവയെ) നട്ടുവളർത്തി പോഷിപ്പിക്കാൻ സഹായിക്കുന്നവയായിരുന്നു. കുട്ടിക്കാലം തൊട്ട് നന്മ നിറഞ്ഞ ഇത്തരം കഥകൾ സന്ധ്യക്ക്/രാത്രി വായിച്ച്/ചൊല്ലിക്കൊടുത്ത്, പ്രധാന അംശങ്ങൾക്ക് ഊന്നൽ കൊടുത്തുറക്കിയ/ഉറങ്ങിയവർ സുഖനിദ്രയനുഭവിക്കുമെന്ന് മാത്രമല്ല, ഭാവി പെരുമാറ്റത്തെ ഉത്തമ വിധത്തിൽ രൂപീകരിക്കാൻ ഉപകാരപ്പെട്ടിരുന്നു.

പുരാണ കഥകൾ ആദ്യകാലത്ത് ഏത് രൂപത്തിലായിരുന്നു എന്നു തീർത്തുപറയുവാൻ എളുപ്പമല്ല. കേട്ടുകേൾവി, മുൻവിധി (Prejudice), അതിശയോക്തി എന്നീ കാരണങ്ങളാൽ രൂപാന്തരം വന്നിട്ടുണ്ടാവണം എന്നു അനുമാനിക്കാം. എന്തെന്നാൽ അച്ചടി, ടേപ് റെക്കോർഡർ (Tape Recorder), വീഡിയോ ഒന്നുമുണ്ടായിരുന്നില്ലല്ലോ. അന്ന് ഇവക്ക് ചെറുതോതിൽ മാത്രമേ പ്രചാരം ഉണ്ടായിരിക്കുകയുള്ളു. കാലക്രമത്തിൽ 'പൊടിപ്പും തൊങ്ങലും' ചേർത്തു, അതിശയോക്തിക്ക് പുറമെ, സമയാനുസാരം വക്രീകരിക്കപ്പെടാനും സാധ്യതയുണ്ട്. എന്തുതന്നെയായാലും ഇവയിൽ ഉത്തമ പെരുമാറ്റത്തിന്റെ മാതൃകകൾക്കും, അവയ്ക്ക് ലഭിച്ച അനുമോദനത്തിനും, പുറമെ അനുചിതപ്രവൃത്തികൾക്ക് നിന്ദയും ശിക്ഷയും ഉണ്ടായിരുന്നതിനാൽ കുട്ടികളുടെ ചിന്തനത്തിനും പെരുമാറ്റത്തിനും നേർവഴിയിൽ മുന്നേറുവാൻ പ്രചോദനമുണ്ടായിരുന്നു. സ്വയം വായിച്ചുതുടങ്ങുന്നതിനുമുമ്പ്, സ്നേഹമുള്ള മുതിർന്നവരുടെ വായിൽ നിന്ന് തക്കതായ, വേണ്ടവടെ ഊന്നൽ ലഭിച്ച കുട്ടികൾ, പിന്നീട് ഗുണകര കഥകളെ വായിച്ചുചിന്തിക്കുമ്പോൾ കഥകളുടെ ഉചിത/ഉന്നത സാരത്തെ ഗ്രഹിച്ചു, മുന്നേറി, വരും തലമുറയ്ക്ക് വഴികാട്ടികളായി സമുദായത്തിന് ഗുണം ചെയ്യാതിരിക്കുകയില്ല. പൊതുവെ ഈ പുരാണകഥകൾ, നമ്മൾ സ്വീകരിക്കേണ്ട ഗുണകര വഴികളേയും, ഒഴിവാക്കേണ്ട അനുചിത/ഹാനികര മാർഗ്ഗത്തേയും എടുത്തുകാട്ടുന്നവയാണ്. എന്നാൽ 'കരിമ്പിന് കമ്പുദോഷം', അതുപോലെത്തന്നെ 'പൂർണ്ണചന്ദ്രനിലും കളങ്കം ഉണ്ട്' എന്നുള്ള വാസ്തവത്തെ നാം മറക്കരുത്. കരിമ്പിന്റെ കമ്പിലും പൂർണ്ണചന്ദ്രന്റെ കളങ്കത്തിലും മാത്രം അനാവശ്യ ശ്രദ്ധ ചെലുത്തി വിലപിക്കാനും ഒച്ചപ്പാടുണ്ടാക്കാനുമുള്ള വക്രബുദ്ധി അധികം ദോഷം ചെയ്യും എന്ന് സംശയമില്ല. അതിനാൽ വ്യർത്ഥ തർക്കവും ബുദ്ധിയുടെ കുപ്രയോഗവും ഒന്നുകിൽ ഒഴിവാക്കി, അല്ലെങ്കിൽ ക്ഷമയോടെ സ്നേഹത്തോടെ തുറന്ന ചർച്ചചെയ്തു, സമാധാനം ഉണ്ടാക്കേണ്ട ആവശ്യം തീർച്ചയായും ഉണ്ട്. ഒന്ന് ഓർമ്മ വേണം. അനാവശ്യ കുതർക്കത്താലും പാണ്ഡിത്യപ്രദർശനത്താലും, അനുചിത വശങ്ങളെ ഊതിവീർപ്പിച്ച് ദർശിപ്പിച്ചതിനാൽ മൗഢ്യവും നിരാശയും അല്ലാതെ എന്താണ് ഉണ്ടാവുക ? അനുചിത ചോദ്യങ്ങൾക്കും തർക്കങ്ങൾക്കും സമാധാനം നൽകാൻ ആദ്യത്തെ രചയിതാക്കൾ ഇല്ലല്ലോ ! അതിനാൽ ക്ഷേമവർദ്ധകമായ ഉത്തരങ്ങൾ കണ്ടുപിടിക്കേണ്ട ബാധ്യതയും കുതർക്കപ്രിയ കുശാഗ്രബുദ്ധികളുടേതല്ലെ ?

പുരാണകഥകളുടെ ഉദ്ദേശത്തെ വളച്ചൊടിച്ചു, പുരുഷമേധാവിത്വം ചൂഷണം എന്നിവയുടെ ഉദാഹരണങ്ങളായി ചിത്രീകരിക്കുന്നത് അറിവും കഴിവും ഉള്ള എഴുത്തുകാർക്ക് ശോഭ തരുന്നില്ല. മറിച്ച്, ആവേശം/ഉത്തേജനം സൃഷ്ടിച്ചു, ദൃശ്യ മാധ്യമങ്ങളുടെ TRP (Television Rating Points) വിലയിരുത്തൽ വഴികളേയും അച്ചടി പ്രകാശനങ്ങളുടെ (Circulation), പ്രചാരണത്തേയും വർദ്ധിപ്പിക്കാനുള്ള, തീരെ അനുചിത മാർഗ്ഗങ്ങളേയും ഖണ്ഡനമാണ് ചെയ്യേണ്ടത് ! പുരുഷന്മാരുടെ അധമ പെരുമാറ്റം എന്ന് താഴ്ത്തിക്കാട്ടിയ ശേഷം, സ്ത്രീകളും ഇത്തരം ചർച്ചകളെ ആവർത്തിക്കാൻ ശ്രമിക്കുകയാണെങ്കിൽ ലോകത്തിൽ ശാന്തിഭംഗവും വരും തലമുറയുടെ വിനാശവുമല്ലാതെ എന്താണ് ഉണ്ടാവുക? സ്നേഹം, സഹകരണം എന്നിവയെ കൈവിട്ടു, 'ഞാനോ നീയോ' എന്ന് മത്സരിച്ച് പരസ്പരം ദോഷം ചെയ്യുന്നത്, മുഖത്തിന്റെ ഗർവ്വ് ശമിപ്പിക്കാൻ മൂ

ക്കിനെ മുറിച്ചുകളയുന്നതുപോലെ ആത്മഹത്യ സമാനമായ ഘൃണായോഗ്യ പ്രവൃത്തിയല്ലെ ? പുരാണ കഥകൾ വിവിധ അവസരങ്ങൾക്കായി പലതരത്തിൽ രചിച്ചവയായതിനാൽ വായനക്കാരുടെ രുചിയനുസാരം വേറിട്ട ഉദാഹരണങ്ങൾ ലഭിക്കും. ലോക നന്മയെ മുൻനിർത്തി ഉചിത/ഗുണകര വശങ്ങളെ തിരഞ്ഞെടുത്ത് ഊന്നൽ കൊടുക്കേണ്ടത് നമ്മളേവരുടേയും കടമയാണ്.

മനുസ്മൃതി ഞാൻ വായിച്ചിട്ടില്ല. എന്നാൽ 'ശൈശവ കാലത്ത് പിതാവ് രക്ഷിക്കുന്നു, യൗവ്വനത്തിൽ ഭർത്താവ് രക്ഷിക്കുന്നു, വാർദ്ധക്യത്തിൽ പുത്രൻ രക്ഷിക്കുന്നു' എന്നതിനാൽ സ്ത്രീകൾക്ക് പ്രത്യേക സ്വാതന്ത്ര്യം ആവശ്യമില്ല എന്ന് അഭിപ്രായപ്പെടുന്നതിൽ മഹാപാപം ഉണ്ടെന്ന് തോന്നുന്നില്ല ! ഗാന്ധിജിയുടെ ഹിന്ദ് സ്വരാജിൽ സ്പഷ്ടമാക്കിയതുപോലെ സ്വാതന്ത്ര്യം എന്നത് 'തോന്നിയതുപോലെ ചെയ്യുവാനുള്ള' അനുമതി എന്ന് ചിന്തിക്കരുത്. അത് അത്യധികം ഭാരമുള്ളതും കഠിനമായതുമായ 'ചുമതലയാണ്'. കൂടാതെ കഴിയില്ലെങ്കിൽ മാത്രമേ ഈ കൂടുതൽ ചുമട്, കുഞ്ഞുങ്ങളുടെ പാലനം, പോഷണം, മൗലിക മാനവ മൂല്യങ്ങളെ നട്ട്/വിതച്ച് ശക്തിപ്പെടുത്തൽ എന്നിവക്കും പുറമെ, ചുമത്താവൂ ! സ്ത്രീകൾക്ക് ശക്തിയില്ല എന്നല്ല അർത്ഥം. ഭാവി പൗരന്മാരുടെ ഉചിതവിധ പാലനം/ പോഷണം എന്നതിനുതന്നെ ഭഗീരഥപ്രയത്നം ആവശ്യമാണ്. 'സ്വധർമ്മനി ധനം ശ്രേയഃ, പരധർമ്മൊ ഭയാവഹഃ എന്ന് ഗീതയിൽ (CH III SL 35) അർജ്ജുനന് കൊടുത്ത ഉപദേശപ്രകാരം സ്ത്രീകളും ത്യാഗം കലർന്ന സഹകരണത്തോടുകൂടി വരും തലമുറയുടെ നന്മയ്ക്കായി മാർഗ്ഗദർശനം ചെയ്തുകൊടുക്കാതെ ഭാവിയെ അന്ധകാരത്തിൽ എങ്ങനെ രക്ഷപ്പെടുത്താം ? ഗാന്ധിജിയുടെ 'സത്യാഗ്രഹ' സമര നേതൃത്വത്തിൽ നാം സ്വാതന്ത്ര്യം നേടി. പക്ഷെ ചുമതലാബോധം തീരെയില്ലാഞ്ഞിട്ട് ഇന്ന് നാട്ടിൽ കുഴപ്പങ്ങൾ വർദ്ധിക്കുകയല്ലെ ചെയ്യുന്നത് ? (ഈ വ്യതിചലനത്തിനും ക്ഷമായാചനം ചെയ്യുന്നു!)

**പേജ് 35ലെ പ്രസ്താവന ആവർത്തിക്കുന്നു...**

*പൂർണ്ണ ഗർഭിണിയായ സീതാദേവിയെ കാട്ടിലേക്ക് തള്ളിയപ്പോൾ...*

ഭാരതീയ വിദ്യാഭവന്റെ സ്രഷ്ടാവ്, രാമഭക്തൻ, പണ്ഡിതൻ കെ. എം. മുൻഷിയുടെ അഭിപ്രായ പ്രകാരം ആദ്യത്തെ വാൽമീകി രാമായണം ലങ്കാദഹനത്തിനുശേഷം ശ്രീരാമ പട്ടാഭിഷേകത്തോടുകൂടി കഴിഞ്ഞു. ശേഷമുണ്ടായ കൂട്ടിച്ചേർക്കലിൽ ശ്രീരാമൻ അത്യധികം മനക്ലേശത്തോടുകൂടി ഒരു മാതൃകാ രാജാവിന്റെ രാജധർമ്മപ്രകാരം ജനത്തിന്റെ അഭിപ്രായത്തിന് മുൻഗണന നൽകുന്നു എന്നുകാട്ടി, സീതയെ ബഹിഷ്കരിച്ചു എന്നുണ്ട്. (Bhavan's Journal Vol 65 No. 17, Apr 2019, Page 8 'കുലപതിവാണി' നോക്കുക) ഇതേപോലെ ദ്രൗപദിയുടെ വസ്ത്രാക്ഷേപത്തെ എതിർക്കാൻ ഒരു പുരുഷനും തുനിഞ്ഞില്ല. അഹല്യ, ഗാന്ധാരി ഇവരെക്കുറിച്ചുള്ള പ്രസ്താവനകൾ പുരുഷന്മാരെ താഴ്ത്തിക്കെട്ടാൻ ശ്രമമല്ലാതെ എന്താണ്? എല്ലാം തന്നെ കെട്ടുകഥകളുടെ ആധാരത്തിൽ ! ഇത്തരം വക്രീകൃത അഭിപ്രായം ഏക തത്ത്വയിലൂടെ പ്രകാശിതമാക്കിയതിനാൽ എന്ത് പ്രയോജനം ? ഭൗതിക മേഖലയിൽ സ്ത്രീകളുടെ സമത്വത്തിന് വക്കാലത്തിനാൽ ആത്മീയ മേഖലയിൽ ഉണ്ടാകാവുന്ന ക്ഷതിക്ക് പരിഹാരമുണ്ടോ ?

ഏക തത്ത്വ പുസ്തകം 9 ലക്കം 6 മെയ് 2019 ലെ മുഖചിത്രത്തിന്റെ അടിക്കുറിപ്പാണ് 'എല്ലാം അവന്റെ സൃഷ്ടി...', ഉടനെത്തന്നെ 'അതാ! MCPയുടെ (Male Chauvinist PIG) - പുരുഷ മേധാവി പണിയുടെ നൂതന ഉദാഹരണം' എന്ന ഒച്ചപ്പാട് എന്തുകൊണ്ട് ഉയർന്നില്ല ??

ഭാരതം അർദ്ധനാരീശ്വരന്റെ സങ്കല്പം ഉന്നയിച്ച നാടാണ്. സ്ത്രീപുരുഷ സഹകരണ മഹത്വത്തെ എടുത്തുകാട്ടുന്ന ഉദാഹരണങ്ങൾക്ക് ഒരു കുറവുമില്ല പുരാണകഥകളിൽ ശൂരസംഹാരത്തിന് ശിവപാർവ്വതി ചേർന്നല്ലെ സുബ്രഹ്മണ്യൻ ഉണ്ടായത് ? അതുപോലെ ശിവനും വിഷ്ണു (മോഹിനി)വും ചേർന്നല്ലെ ശത്രു സംഹാരത്തിന് അയ്യപ്പ സൃഷ്ടിയുണ്ടായത് ? സമത്വ- സഹകരണത്തിന്റെ പ്രാധാന്യം പുരാണങ്ങളിൽ കൊടുത്തതിനെ അവഗണിച്ച് തുച്ഛ വക്രീകരണങ്ങൾക്ക് മുഖ്യത്വം നൽകുന്നത് മാന്യത ലഭിച്ച, അറിവും കഴിവുമുള്ളവർക്ക് ശോഭ നൽകുന്നില്ല !

ദമ്പതികൾ ഒന്നായി ചേർന്നു, കുട്ടികളുടെ നന്മക്കായി കുടുംബത്തിന് മുഖ്യത്വം കൊടുത്തു (കൂട്ടുകുടുംബവും ഉണ്ടായിരുന്നു), സ്വാർത്ഥ തൽപരതയില്ലാതെ, കേവലം ധനാർജ്ജനം ലക്ഷ്യമാക്കാതെ കഴിഞ്ഞ കാലമുണ്ടായിരുന്നു. വരവിനൊത്ത ചിലവ് ചെയ്തു, ക്ഷണികവും ഉത്തേജകവുമായ ആധുനിക ഭൗതികതയുടെ നേട്ടങ്ങൾക്കായി പരക്കം പായാതെ, ഫ്രാൻസിസ് പുണ്യവാളന്റെ പ്രാർത്ഥനയിലെ 'It is in giving that we receive... (കൊടുക്കുന്നതിലാണ് നാം നേടുന്നത്...) എന്നതുപോലെ കൊടുത്തുശീലിച്ച കാലമുണ്ടായിരുന്നു. ശ്രദ്ധിക്കുക! കൊടുത്തതിനാലാണ് നാം നേടുന്നത് എന്നത് കച്ചവടമനസ്ഥിതി ആയി. തിരിച്ചുകിട്ടുന്ന പ്രതീക്ഷയില്ലാതെ കൊടുക്കുന്നതിൽ സങ്കോചം ഉണ്ടായിരുന്നില്ല. ത്യാഗം മനുഷ്യത്വത്തിന്റെ പ്രധാന ചിഹ്നമായിരുന്ന കാലം. സമുദായം ഇന്നത്തെ അളവിൽ അധഃപതിക്കുന്നതിന്റെ മൂലകാരണം ഗുണകര പുരാണ കഥകളെ 'പുരാനാ' (പഴഞ്ചൻ!) എന്ന് തള്ളിക്കളഞ്ഞ്, വീട് വിട്ട്, മരുമരീചികയെത്തേടി പരക്കം പാഞ്ഞുകൊണ്ടുവരുന്ന നമുക്ക്, ശാശ്വത സുഖശാന്തി എങ്ങിനെ ലഭിക്കും ?

മാർഗ്ഗദർശനത്തിന് കഴിവില്ലെങ്കിലും ആധുനിക ചിന്തകർ (!), വഴി തെറ്റിക്കാതിരുന്നാൽത്തന്നെ ഭാവിയെ വിനാശത്തിൽ നിന്ന് രക്ഷിക്കാൻ കഴിയും. വേണ്ടത് ആത്മവിശ്വാസം, മൗലികമാനവ മൂല്യങ്ങളുടെ പുനരുദ്ധാരണം. ഇത് അസാധ്യമല്ല, ആത്മാർത്ഥ ശ്രമമുണ്ടെങ്കിൽ. മധ്യവർഗ്ഗമെ ! ഉത്തിഷ്ഠത ! ജാഗ്രത ! നമ്മളാൽ തീർച്ചയായും കഴിയും ! ●

# ക്ഷണപ്രഭം



**രാജേന്ദ്രൻ വയല**
**9446377201**

**ഈ**യിടെ ഒരു സാംസ്കാരിക സമ്മേളനവേദിയിൽ വച്ച് സാമാന്യേന പ്രശസ്തനായൊരു കവിയെ പരിചയപ്പെട്ടു. അദ്ദേഹം യോഗത്തിന്റെ ഉദ്ഘാടകനും പ്രധാന പ്രഭാഷകനുമായിരുന്നു. ഞങ്ങളൊക്കെ ആശംസക്കാർ. മുൻനിരയിൽ ഗംഭീരാശയഭാവത്തോടെ ഇരിക്കുന്നു കവി. അങ്ങോട്ട് സംസാരിക്കുന്നരോട് ഒന്നോ രണ്ടോ വാക്കുകളിൽ മാത്രം മറുപടി പറയുന്നുണ്ട്. ചിരിയുടെയോ സൗഹൃദഭാവത്തിന്റെയോ കണികയും മുഖത്തില്ല.

ആ എഴുത്തുകാരനെ ഒന്നു പരിചയപ്പെടണമെന്ന് വിചാരിച്ചിരുന്ന ഞാൻ എന്തുകൊണ്ടോ അതൊക്കെ കണ്ട് വേണ്ടെന്ന് വച്ചു. അദ്ദേഹത്തിന്റെ ഘനഗംഭീര ഉദ്ഘാടനവും കൂട്ടത്തിൽ കവിതാപാരായണവും നടത്തിയവർ വാങ്ങി പോകുന്നതിനിടയിൽ ഞാൻ എന്റെ ചെറുപുസ്തകം അദ്ദേഹത്തിന് ഒപ്പിട്ടുനൽകി.

“നോ താങ്ക്സ്. ഇപ്പോൾത്തന്നെ ഒരുപാട് പുസ്തകങ്ങൾ വീട്ടിലും ഓഫീസിലും ഒക്കെ കെട്ടിക്കിടക്കുന്നുണ്ട്. വായിക്കാൻ നേരമില്ല. സൂക്ഷിക്കാൻ സ്ഥലവും...”

അദ്ദേഹം അതൊന്ന് വാങ്ങി നോക്കുകയോ പേര് ചോദിക്കയോ കൂടി ഉണ്ടായില്ല എന്നത് എന്നെ വല്ലാതെ വിഷമിപ്പിച്ചു. ഈ എഴുത്തുകാരൻ പൊതുപ്രസ്ഥാനത്തിലൂടെ വന്ന് ഔദ്യോഗികരംഗത്തും യൂണിയൻ തലത്തിലും പിന്നെ പ്രസ്ഥാനം ഭരണത്തിലെത്തിയപ്പോൾ ഒരു സാംസ്കാരികസ്ഥാപനത്തിന്റെ അധിപനായും ഒക്കെ ഉന്നതിയിലെത്തിയ ആളാണ്. അതിനുശേഷം അടുത്തൊരു സർക്കാർ മാറിവന്നപ്പോൾ അവരുടേയും പ്രീതി നേടി അതേ കസേരയിൽ തുടരണമെങ്കിൽ അസാധാരണമായ ‘ഉൾമെയ്‌വഴക്കവും’, ബന്ധങ്ങൾ സൂക്ഷിക്കുന്നതിൽ പാടവവും ആവശ്യമാവുമല്ലോ. അത് എങ്ങനെ സാധിക്കുന്നു എന്നതിലായിരുന്നു എന്റെ സന്ദേഹം.

സന്ദേഹം അധികാരകേന്ദ്രങ്ങളുടെ ഭരണരീതിയുമായി പരിചയമുള്ളൊരു പൊതുപ്രവർത്തകനോട് ചോദിച്ചപ്പോൾ ‘ഉൾക്കൊള്ളേണ്ടവരെ കൊള്ളാനും തള്ളേണ്ടവരെ തള്ളാനും’ അഭയം പ്രാപിക്കേണ്ടവരെ പരമാവധി പാദസേവ ചെയ്ത് പൂജിക്കാനുമറിയുന്ന അതിവിദഗ്ദ്ധരിലൊരാളാണ് അയാളെന്നും അതു കണ്ട് പഠിച്ച് ഉൾക്കൊണ്ടാൽ നീയും അതുപോലെ വിരാജിക്കുമെന്നും’ ഉത്തരം തന്നുവിട്ടു. ഈ അസാധാരണ മെയ്‌വഴക്കം പഠിച്ച് കൂടുതൽ പേരും പണവും, അധികാരവുമൊക്കെ നേടാൻ ആ വഴി ഉപയോഗിക്കണമെന്ന് എനിക്ക് തോന്നിയില്ല. മഹാഭാഗ്യമോ പൂർവ്വീക സുകൃതമോ ആയിരിക്കാം. ഇതേക്കുറിച്ചുള്ള ചിന്തനം എന്നെ എത്രയോ ഓർമ്മകളുടെ ലോകത്തേക്ക് ആനയിക്കപ്പെടുകയുണ്ടായി.

ചെറുപ്പകാലത്ത് വായനാശാലയിൽ നിന്നെടുത്ത് വായിച്ച എത്രയോ പ്രശസ്തരായിരുന്ന എഴുത്തുകാരുടെ കൃതികളുടെ പുതിയ കോപ്പികൾ ഇന്നെവിടെയാണാവോ കണ്ടെടുക്കാനാവുക ! അന്നത്തെ പുസ്തകപ്രസാധകർ തന്നെ വിരലിൽ എണ്ണാവുന്നത്ര ചുരുക്കംപേർ. ആദ്യകാലത്തെ മംഗളോദയം, കമലാലയം, ശ്രീരാമവിലാസം, എസ് റ്റി. റെഡ്യാർ, വീനസ് (ഇവരിൽ ഒന്നോ രണ്ടോ പേരേ നിലവിൽ പേരിനെങ്കിലുമുള്ളു) പിന്നെ വന്നത് എൻ. ബി. എസ്.

വായനശാലയ്ക്ക് ഗ്രാന്റ് കിട്ടിയാൽ ഉടൻ പുസ്തക സെലക്ഷൻ തുടങ്ങുകയായി. എൻ. ബി. എസ്. വാർഷിക കാറ്റലോഗാണ് കൂട്ടത്തിൽ തടിയൻ. നോവലുകൾക്കാണ് സെലക്ഷൻ ലിസ്റ്റിൽ മുൻഗണന. പിന്നെ ഡിറ്റക്ടീവ് നോവലുകൾ (ആ ലിസ്റ്റ് തന്നെ പേജുകൾ വരും), ചെറുകഥ, നാടകങ്ങൾ, കവിത, ബാലസാഹിത്യം, അങ്ങനെയങ്ങനെ അത് നീണ്ടുപോകുന്നു.

എഴുത്തുകാർ ആരൊക്കെയെന്നോ, എല്ലാവരേയും ഓർമ്മയില്ലെങ്കിലും മനസ്സിൽ തെളിയുന്നവർ ഇവരൊക്കെയാണ്. മാടശ്ശേരി മാധവവാര്യർ, സി. മാധവൻ പിള്ള, പയ്യംപള്ളി, ഹരിഹരൻ പരമാര, നീലകണ്ഠൻ പരമാര, മൊയ്തു പടിയത്ത്, ആവിലേരി ഭരതൻ, സർദാർ പണിക്കർ, ഡി. എം. പൊറ്റക്കാട്, സി. എ. കിട്ടുണ്ണി തുടങ്ങിയവർ മുടിചൂടാമന്നൻമാർ തന്നെയായിരുന്നു. അവരുടെ നിരയിൽ ഇനിയുമെത്രയോ പേർ – ഓർത്തെടുക്കാനാവാതെ.

കാലത്തിന്റെ കുത്തൊഴുക്കിൽ പുസ്തകങ്ങളും എഴുത്തുകാരുമൊക്കെ ഒഴുകി അനന്തമായ മഹാസമുദ്രത്തിൽ നീർമണികളെപ്പോലെ വിലയിക്കുന്നു. പുസ്തകങ്ങളും എഴുത്തുകാരും മാത്രമല്ല പത്ത് വർഷം മുമ്പ് പൊതുജീവനത്തിലും പത്ര പംക്തികളിലും വാർത്തകളായി നിറഞ്ഞുനിന്നവർ, നടീനടൻമാർ. അങ്ങനെ പ്രശസ്തിയുടേയും പണത്തിന്റേയും അധികാരസീമയുടേയും പരിധിയിൽ അഭിരമിച്ചിരുന്നവർ, ജീവിച്ചിരുന്നപ്പോൾ പാഠപുസ്തകങ്ങളിലോ മറ്റോ തങ്ങളുടെ രചനകളെ കടത്തിവിട്ടവരെ ഒരുപക്ഷേ കുറേക്കാലം കൂടി ആരെങ്കിലും ഓർക്കുമായിരിക്കും. തങ്ങളുടെ ഹൃദയാന്തരാളങ്ങളിൽ നിന്നും ഉറന്നൊഴുകുന്ന നന്മയും സ്നേഹവും സാഹോദര്യവും കൊണ്ടുമാത്രം തലമുറകൾ കടന്ന് ജനതയുടെ മനസ്സുകളിലിടം നേടിയ ചിലരുണ്ടാവുകയില്ലേ ! ഉണ്ട്.


തീർച്ചയായും. അധസ്ഥിതർക്കുവേണ്ടി ജീവിതം തന്നെ സമർപ്പിച്ച സ്വാമി ആനന്ദതീർത്ഥൻ, പണ്ഡിറ്റ് ജവഹർലാൽ വെച്ചുനീട്ടിയ വിലപ്പെട്ട ഗവർണ്ണർ പദവി നിരസിച്ച കേളപ്പജി, അക്ഷരം തൊട്ടറിയാത്തവനെങ്കിലും കരളിൽ അതിലും വലിയ ജ്ഞാനോദയം സൂക്ഷിച്ച മഹാവിപ്ലവകാരി അയ്യൻ കാളി, കൊച്ചു കുട്ടിയുടെ ആശയങ്ങളോടും സംവദിച്ചിരുന്ന എ. കെ. ജി., മദ്യത്തിനെതിരെ ജീവിതം ഉഴിഞ്ഞു വച്ച എം. പി. മന്മഥനും, കുമാരപിള്ള സാറും, ത്യാഗം കൊണ്ട് മഹാത്മജിയുടെ മനസ്സിലും പത്രമുഖപ്രസംഗത്തിലും ഇടം നേടിയ കൗമുദി ടീച്ചർ, അങ്ങനെ ചുറ്റുവട്ടങ്ങളിൽ നന്മയുടെ പൂത്തിരിവെട്ടം തെളിച്ച അറിയപ്പെടാത്തവർ നമ്മുടെ മനസ്സിലുണ്ട് വെളിച്ചമായ്.

പദവിയും പണവും അധികാരവുമൊക്കെ ക്ഷണപ്രഭമെന്നറിയാൻ അക്ഷരം തൊട്ടറിഞ്ഞാൽ പോര മനുഷ്യനേയും സകലചരാചരങ്ങളേയും മറയില്ലാതെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന ഒരു കുടുംബവും സഹജീവി പരിഗണനയും കൂടി വേണം. മറ്റുള്ളവരെ വിലയിരുത്തുന്നതിനുമുമ്പേ നമുക്കെല്ലാം ഒരാത്മപരിശോധനയും അനിവാര്യമാകുന്നുണ്ട്.

●

■ ലേഖനം

# വിലയിടിയുന്ന സാഹിത്യം




**ഏഴംകുളം മോഹൻകുമാർ**
**9447743242**



സർഗ്ഗാത്മകത ഒരനുഗ്രഹമാണ്. കലയിലും സാഹിത്യത്തിലും മാത്രമത് ഒതുങ്ങുന്നില്ല. എഴുത്തിനേക്കാൾ സർഗ്ഗാത്മകത അനിവാര്യമായിത്തീരുന്ന മേഖലകൾ നിരവധിയുണ്ട്. സർഗ്ഗാത്മകതയുടെ സംഭാവന സാമൂഹ്യപ്രതിബദ്ധതയ്ക്ക് വേണ്ടിയാകണം. ഒരുകാലത്ത് സമൂഹത്തിൽ മാന്യമായ സ്ഥാനം സാഹിത്യകാരനു ലഭിച്ചിരുന്നു. ബഹുമാനിക്കേണ്ട വ്യക്തിത്വങ്ങളുടെ കൂട്ടത്തിൽ സാഹിത്യകാരനൊപ്പം അദ്ധ്യാപകർക്കും മഹത്തായ പദവിയാണ് സമൂഹം കല്പിച്ചുപോന്നത്. എന്നാൽ അപ്രകാരം മാനിക്കപ്പെടേണ്ട എഴുത്തുകാരൻ ഇന്ന് അവഹേളനത്തിന് പാത്രമാകുന്നു. സമൂഹത്തിന്റെ മാനസിക ഉന്നമനത്തിന് കാരണക്കാരനാണ് എഴുത്തുകാരൻ എന്ന ചിന്താഗതി സമൂഹത്തിൽ നിന്നും മാറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. അധമ സാഹിത്യം മൂലമാണിതെന്നൊരു തെറ്റായ ധാരണയുണ്ട്. ഉത്തമകൃതികൾക്കൊപ്പം ആത്മകഥകൾ, സാഹിത്യപഠനങ്ങൾ, യാത്രാവിവരണങ്ങൾ, ജീവചരിത്രങ്ങൾ എന്നിവയൊന്നും നവസമൂഹം പഴയതുപോലെ ഉൾക്കൊള്ളുന്നില്ല.

പുസ്തകങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുന്നുവെങ്കിലും സാഹിത്യതാല്പര്യത്തിന് തീർച്ചയായും ഇടിവ് സംഭവിച്ചിട്ടുണ്ട്. ഇന്ന് സമൂഹത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നത് രാഷ്ട്രീയമാണ്. പുതിയ സാഹചര്യത്തിൽ ഫലപ്രദമായ രചന നിർവ്വഹിക്കാനാകുന്നുണ്ടോ എന്നും ചിന്തിക്കേണ്ടതാണ്.

എല്ലാ രംഗങ്ങളിലുമെന്നപോലെ മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒന്നായി സാഹിത്യവും മാറിയിരിക്കുന്നു. സമൂഹത്തിന്റെ ഉൾത്തുടിപ്പുകളിലേക്കിറങ്ങി ഭാവനാപരമായി സംഭവങ്ങളെ സമത്വ സാഹിത്യകാരൻ ഇന്ന് ക്ലിക്കുകളുടേയും സ്ഥാനമാനങ്ങളുടേയും പാരിതോഷികങ്ങളുടേയും പിന്നാമ്പുറങ്ങൾ തേടിയലയുകയാണ്. ഇതൊരു അവലക്ഷണമായിട്ടാണ് സമൂഹം കാണുന്നത്. സ്ഥാനമാനങ്ങൾക്കായി കലഹിക്കുന്നവർ എല്ലാക്കാലത്തും സമൂഹദൃഷ്ടിയിൽ കരടുതന്നെയാണ്.

ഒരു സൃഷ്ടിയെക്കൊണ്ട് ചെറിയൊരു ചലനമെങ്കിലും സൃഷ്ടിക്കാനായാൽ സർഗ്ഗാത്മകത അംഗീകരിക്കപ്പെടും. അക്കാദമിക്ക് സാ


**അജയ് ബാലചന്ദ്രൻ**
**9895659050**

■ കവിത

# സത്യമല്ലേ?

ദോശ തിന്ന് ആശ തീർത്തവരുണ്ടോ?
പൂ മണത്തു പൂതി മാറ്റിയവരുണ്ടോ?
കാഴ്ചകൾ കണ്ടു കൊതി തീർന്നവരുണ്ടോ?
തൂവൽതലോടലിൻ തല്പം തിരസ്കരിപ്പവരുണ്ടോ?
മധുരമാം ഈണത്തിൽ മതിവരുവോളമലിഞ്ഞവരുണ്ടോ?
ആശയ്ക്കറുതി വരുത്താൻ
കേവലം അഞ്ചു ജനാലകൾക്കാമോ?
ആഴിതൻ അലകൾക്കാമോ
ഇന്നും ഊഴി മുഴുക്കെ നനച്ചീടാൻ?

കർമ്മത്തിൻ പൂർണ്ണത തേടിയലഞ്ഞവൻ ഭ്രാന്തൻ,
വാക്കിലെ സത്യത്തെ തേടിവലഞ്ഞവൻ ഭ്രാന്തൻ,
പുറംലോകത്തിൽ പവിത്രത തേടിനടന്നവൻ ഭ്രാന്തൻ,
എങ്കിലും ഉള്ളിലെ നാളം തെളിഞ്ഞവൻ
ലോകർക്കു ഭ്രാന്തൻ!

ഹിത്യകാരന്മാർ ഇന്ന് വൻതോതിൽ രംഗത്തുണ്ടെങ്കിലും പ്രത്യേകിച്ചെന്തെങ്കിലും നേട്ടം ഭാഷയ്ക്കോ സാഹിത്യത്തിനോ കൈവന്നിട്ടുള്ളതായി അവകാശപ്പെടാനാവില്ല. മിക്ക രചനകളും ഗവേഷണ പ്രബന്ധങ്ങളാണ്. കടം കൊണ്ട ദർശനങ്ങളും ആശയങ്ങളും അപചയമുണ്ടാക്കുന്നതായി കാണാം. അച്ചടിക്കാൻ വകയുണ്ടെങ്കിൽ എന്തെഴുതിയാലും പുസ്തകമാക്കി അംഗീകാരം നേടാം എന്ന ചിന്താഗതി പുതിയ എഴുത്തുകാരിൽ നിലയുറപ്പിച്ചിട്ടുണ്ട്. കുറച്ച് മാധ്യമ പരിഗണന വേണമെന്നേയുള്ളു.

സാഹിത്യം ഇന്നൊരു പ്രതിസന്ധിയിലാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം മാത്രമല്ല കാരണം. എഴുത്തുകാരുടെ രചനകൾ വേണ്ടത്ര ചർച്ച ചെയ്യപ്പെടുന്നില്ല. ശക്തമായ നിരൂപണമില്ല. നിരൂപണങ്ങൾ വെറും കുറിപ്പുകളായി ആനുകാലികങ്ങളിൽ അവശേഷിക്കുകയാണ്. വായനയുടെ കുറവും മികച്ച കൃതികളുടെ ദൗർലഭ്യവും സാഹിത്യ മേഖലയ്ക്ക് വെല്ലുവിളിയാണ്. വിപണി ലക്ഷ്യംവെച്ച് തന്ത്രങ്ങൾ മെനയുകയും വാദകോലാഹലങ്ങളിലൂടേയും മറ്റും ശ്രദ്ധ പിടിച്ചുപറ്റാൻ ശ്രമിക്കുകയും ഒരു ഉല്പന്നമാക്കി മാർക്കറ്റിലിറക്കുകയും ചെയ്യുന്നതിലൂടെ പ്രതിസന്ധി മറ്റൊരു വഴിക്ക് തിരിയുന്നു. എങ്ങനെയും ഉല്പന്നം വിറ്റഴിക്കാൻ എഴുത്തുകാരനും പ്രസാധകനും വളഞ്ഞ വഴിതേടുന്നു. അതിലൊന്നാണ് രചനകളിലെ അശ്ലീലവൽക്കരണം.

എഴുത്തുകാരന്റെ രചന പുറത്തുവന്നാൽ അത് സമൂഹത്തിന്റെ പൊതുസ്വത്താണ്. എഴുത്തുകാരനെ വിലയിരുത്തേണ്ട ചുമതല അതോടെ വായനക്കാരിലെത്തുന്നു. സാങ്കേതിക പരിജ്ഞാനത്തോടൊപ്പം കലാസാഹിത്യാദി വിഷയങ്ങളിൽ താല്പര്യമുള്ള ഒരു തലമുറ വളർന്നു വരേണ്ടതുണ്ട്. നല്ലതിനെ നല്ലതെന്നും മോശം കൃതികളെ മോശമെന്നും പറയാനും നിരസിക്കാനും ആർജ്ജവം വായനക്കാർക്കൊപ്പം നിരൂപകനും കാട്ടേണ്ടതാണ്. ●



# രാമായണ കാറ്റേ...



മുക്കം ഭാസി
9846138693

**കൈ**തപ്രത്തിന്റെ മനോഹരമായ ഒരു ഗാനമാണ് രാമായണ കാറ്റേ, നീലാംബരി കാറ്റേ... എന്നത്. കേൾക്കാനിമ്പമുള്ള പാട്ട്. സത്യം പറയട്ടെ, രാമായണ കാറ്റ് എന്ത് കാറ്റാണ് എന്ന് എനിയ്ക്ക് പുടി കിട്ടിയിട്ടില്ല. ഇളം കാറ്റ്, കൊടും കാറ്റ്, ചുഴലി കാറ്റ് എന്നൊക്കെ നാം കേട്ടിട്ടുണ്ട്. പക്ഷെ രാമായണ കാറ്റ് ? കർക്കിട കാറ്റാവുമോ ? രാമായണ മാസമാണല്ലോ ഇപ്പോൾ കർക്കിടകം. അപ്പോൾ രാമായണം വായിയ്ക്കുന്ന മാസത്തിലെ ഈർപ്പം നിറഞ്ഞ കാറ്റ്, അതാവാം രാമായണ കാറ്റ്.

അമ്മ പറഞ്ഞ് കേട്ട ഒരു കഥയാണ്. പണ്ട് ഏതോ ഒരു വീട്ടിൽ മൂന്ന് നാല് വിരുന്നുകാർ വന്നു. പഞ്ഞമാസമാണ്. അവർക്ക് സദ്യയൊരുക്കണം. അരി അത്യാവശ്യത്തിനുണ്ട്. തേങ്ങയും മറ്റും. കറിയ്ക്ക് ഒരു കഷണവുമില്ല. എന്തുചെയ്യും ? വീട്ടുകാരിയ്ക്ക് ഒരു യുക്തി തോന്നി. കിണറ്റിൻ കരയിൽ ഒരു ചീഞ്ഞ പാളയുണ്ടായിരുന്നു. അത് ചെറുതാക്കി നുറുക്കി വേണ്ട ചേരുവകളൊക്കെ ചേർത്തി സുന്ദരമായ ഒരു കറിയൊരുക്കി. വിരുന്നുകാർ മൃഷ്ടാന്നം ഭക്ഷിച്ചു. ഒടുവിൽ ഒരു കമന്റും സദ്യ കേമം. കറി കെങ്കേമം !

എഴുത്തുകാരും കവികളുമൊക്കെ നല്ല പാചകക്കാരാണ്. എന്തുകിട്ടിയാലും അവർ ആസ്വാദ്യകരമാക്കും. പാട്ടിനെ വിമർശിയ്ക്കാനല്ല ഈ ലേഖനം. ഒരിയ്ക്കലുമല്ല. പഴയ കാലത്തെ ഏറ്റവും വറുതിയുള്ള കർക്കിടകത്തെ പരാമർശിയ്ക്കാനാണ്. ഇപ്പോഴത് രാമായണ മാസമായി മാറിയിരിയ്ക്കുന്നു. പണ്ട് ഈ മാസം പഞ്ഞമാസമായിരുന്നു. കള്ള കർക്കിടകം എന്നൊക്കെയാണ് ആളുകൾ പറഞ്ഞിരുന്നത്.

കർക്കിടകത്തിൽ മുടി മുറിയിക്കില്ല. താടി വടിയ്ക്കില്ല. വടിയ്ക്കാൻ പാടില്ല. എന്താ കാരണം ? കാശ് വേണ്ടേ ? അപ്പോൾ അത് ഒരു ആചാരമാക്കി മാറ്റി. ഏറെക്കുറേ മുഴു പട്ടിണിയുടെ കാലം. തോരാത്ത മഴ – പുറത്തിറങ്ങാൻ പറ്റില്ല. ഒരു മാസത്തേയ്ക്കുള്ള ഉപ്പ് കരുതിവെയ്ക്കും. കഞ്ഞിയാണ് പ്രധാന ഭക്ഷണം. അതും ആവശ്യത്തിനില്ല. മുക്കാൽ പട്ടിണിയുടെ കാലം.

തണുപ്പ് മാറ്റാൻ അടുപ്പിന്റെ അടുത്തുകൂടും. പ്രായമായവർ പ്രത്യേകിച്ചും. കുറുക്കനും കുഞ്ഞനും കുളിരില്ല എന്നാണ് ചൊല്ല്. അതുകൊണ്ട് കുട്ടികൾ അടുപ്പിനടുത്ത് കാണില്ല. ഇനി പഴയകാലത്തെ അടുപ്പ് പുതിയ തലമുറയ്ക്ക് സ്വപ്നം കാണാനൊക്കില്ല. അടുക്കളയിൽ തറയിലുള്ള കുഴിയടുപ്പായിരിയ്ക്കും. പ്ലാറ്റ്ഫോമും ഗ്യാസും ഒന്നും കേട്ടുകേൾവിയിൽ പോലുമില്ല. മേടം, ഇടവം മാസങ്ങളിൽ കിട്ടുന്ന ചക്കയിൽ നിന്ന് ചക്കക്കുരു ശേഖരിച്ചുവെച്ചിരിക്കും. കേട് വരാതിരിയ്ക്കാൻ മണ്ണ് പുരട്ടിവെയ്ക്കും. അത്തരം ചക്കക്കുരു ചുട്ടുതിന്നും. കൂടാതെ മാങ്ങ ചെത്തി പൂളാക്കി പുകയത്ത് വെച്ച് ഉണക്കിയതും ഉണ്ടാവും ധാരാളം. അതും ശാപ്പിടും. ഒരു കാര്യം. അക്കാലത്ത് ചക്കയും മാങ്ങയും സമൃദ്ധമാണ്. ഇന്നത്തെ പോലെ വിദേശികളൊന്നും മാങ്ങയിൽ കടന്നുകൂടിയിരുന്നില്ല. അധികവും നാടൻ മാങ്ങകൾ ഗോമാങ്ങ – അതോ കോമാങ്ങയോ – ഒരു വലിപ്പം കൂടിയ ഇനവും കാണും. ചേര്യൻ, കോഴിക്കോടൻ, ഒളോറൻ, ഉരുണിയൻ, തത്തച്ചുണ്ടൻ ഇവയൊക്കെയാണ് മാങ്ങായിനങ്ങൾ.

ഇവയൊക്കെ അകത്താക്കി ●

കുറച്ച് ചൂടുവെള്ളവും കുടിച്ച് ഏമ്പക്കമിട്ട് ആരെങ്കിലും രാമായണം വായിക്കുന്നത് കേട്ട് സമയം കൊല്ലും. രാമായണം വായനയ്ക്ക് സമയമൊന്നുമില്ല. വളരെ ദുർല്ലഭം ആളുകൾക്കേ വായിക്കാനറിയൂ. അവർ പല വീടുകളിലും ചെന്ന് വായിച്ചുകൊടുക്കും. മാത്രവുമല്ല, രാമായണം പുസ്തകവും ദുർലഭം.

ദാരിദ്ര്യത്തിൽ നിന്നാണ് ഭക്തിയുണ്ടാവുന്നത് എന്ന് എനിയ്ക്ക് തോന്നിയിട്ടുണ്ട്. സമ്പന്നന്റെ ഭക്തി പ്രകടനാത്മകവും കൃത്രിമവും ആണ്. അവൻ കാശ് കൊടുത്ത് സ്വർഗ്ഗം കൂടി നേടിക്കളയും. വിലയ്ക്കെടുക്കാൻ കഴിയുന്നതെന്തും നേടാമെന്നാണ് അവന്റെ മോഹം.

ദരിദ്രന് ഭക്തിയുണ്ടെങ്കിലും അവൻ ദൈവത്തെ ചോദ്യം ചെയ്തുകളയും ? എന്ത് കൊണ്ടിങ്ങനെ? ചിലർ സമ്പന്നർ - മറ്റു ചിലർ പട്ടിണി പാവങ്ങൾ ? ദൈവത്തിന് രണ്ട് നീതിയോ ? അവിടെ ജന്മജന്മാന്തരങ്ങളുടെ കഥയും പുനർജ്ജന്മ വിശ്വാസവും അവനെ കീഴ്പ്പെടുത്തും. ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് തിരിച്ചറിയാൻ പറ്റാത്ത അവസ്ഥ. അവസാനം അവൻ വിധിയുടെ വേട്ടമൃഗമാകും.

സത്യൻ അഭിനയിച്ച ഒരു പടം ഓർമ്മയിൽ വരുന്നു. പേര് ഓർമ്മ വരുന്നില്ല. ഒരു സംഘം യാചകർ ഒരു ഉത്സവസ്ഥലത്ത് വരി വരിയായി ഇരിയ്ക്കുന്നു. പെട്ടെന്ന് സത്യൻ ഒരു ചായക്കടയിൽ നിന്ന് പഴുത്ത ഒരു വാഴക്കുലയെടുത്ത് ഇരിഞ്ഞ് പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്നു. അപ്പോളൊരു പാട്ടും -


*അറിയാമോ, ചോറാണ് ദൈവം*
*മനുജർക്ക്, വലുതാണ്,*
*വയറാണ് ദൈവം...*
*അറിയാമോ...?*

പറഞ്ഞുവന്നത്, വിശപ്പിൽ നിന്ന് രക്ഷ നേടാനുള്ള ഒരു സൂത്രം കൂടിയായിരുന്നു പണ്ടത്തെ രാമായണ വായന. കാലം മാറി... പല പല ലേബലുകളിൽ ആചാരങ്ങൾ പുത്തനുടുപ്പുകളണിഞ്ഞ് അരങ്ങ് തകർക്കുന്നു !!

(തുടരും)

■ വിജ്ഞാനച്ചെപ്പ്

# പ്രീഡിഗ്രി അത്രകണ്ട് ഒരു മോശം ഡിഗ്രിയോ ?



**ഡോ. ഒ. സി. പ്രമോദ്**
**9446071421**

**ഒ**രു കാലത്ത് ഇന്റർമീഡിയറ്റ് എന്നും പിൽക്കാലത്ത് പ്രീഡിഗ്രി എന്ന പിഡിസിയും ഇക്കാലത്ത് പ്ലസ് ടു എന്ന ഓമനപ്പേരിലും അറിയപ്പെടുന്ന വിദ്യാഭ്യാസ കളരി ഒരു വഴിത്തിരിവിന്റെ കാലവും കൗമാരത്തിന്റെ തുടിപ്പറിയുന്ന കാലഘട്ടവും കൂടിയാണ്. പത്താം തരം വരെ എല്ലാവരും എല്ലാ വിഷയവും പഠിക്കുമ്പോൾ, അത് കഴിഞ്ഞാൽ കൂടുതൽ സെലക്ടീവ് ആകുന്നു. അവരവർക്ക് ഇഷ്ടപ്പെടുന്ന വിഷയങ്ങളിലേക്ക് ഊളിയിടാവുന്നതും വിജയക്കൊടി പാറിക്കാവുന്നതും ആണ്. പ്രീഡിഗ്രിക്കാലത്ത് പ്രധാനമായും നാല് ഗ്രൂപ്പുകൾ ആണ് ഉണ്ടായിരുന്നത്. ഫസ്റ്റ് ഗ്രൂപ്പുകാർ എഞ്ചിനീയറിംഗ് രംഗത്തേക്കും സെക്കന്റ് ഗ്രൂപ്പുകാർ മെഡിക്കൽ രംഗത്തേക്കും ഫോർത്ത് ഗ്രൂപ്പുകാർ ബാങ്കിംഗ്, ഇൻഷ്യൂറൻസ്, അക്കൗണ്ടിംഗ് രംഗത്തേക്കും ചേക്കേറേണ്ടവരും ആണെന്നാണ് വെപ്പ്. മാനവീക വിഷയങ്ങൾക്ക് മുൻതൂക്കം നൽകുന്ന വിഷയങ്ങളായിരുന്നു തേഡ് ഗ്രൂപ്പിൽ ഉണ്ടായിരുന്നത്. മനുഷത്വത്തിന് ഊന്നൽ നൽകുന്ന ഗ്രൂപ്പായതിനാൽ അത്തരം ജോലികൾ ആണ് തേഡ് ഗ്രൂപ്പുകാർക്ക് പൊതുവെ ലഭിച്ചിരുന്നത്. (മറ്റുള്ളവർ യന്ത്രങ്ങളേയും, രോഗികളേയും, കണക്ക് പുസ്തകങ്ങളേയും പരിചരിച്ച് മനസ്സ് മരവിച്ചിരിക്കുമ്പോൾ, മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയും അവരുടെ ക്ഷേമത്തിനും വേണ്ടിയും പ്രവർത്തിക്കുന്നവർ ആയാണ് മാനവീക വിഷയങ്ങൾ പഠിക്കുന്നവരെ പൊതുവെ കണ്ടുവരുന്നത്) ഇന്ന് പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപെടുത്തി സ്കൂളിന്റെ ഭാഗം ആക്കിയിരിക്കുന്നു. ഹയർ സെക്കന്ററി കോഴ്സ് അഥവാ പ്ലസ് ടു എന്ന പേരിലാണ് അത് പൊതുവെ ഇന്ന് അറിയപ്പെടുന്നത്. പഴയ ഫസ്റ്റ് ഗ്രൂപ്പും സെക്കന്റ് ഗ്രൂപ്പും ഒന്നിച്ചാക്കി സയൻസ് ഗ്രൂപ്പെന്ന പേരിലാണ് ഇന്ന് അത് അറിയപ്പെടുന്നത്. ഒരു കോഴ്സ് ചെയ്താൽ രണ്ടിടത്തും (മെഡിക്കൽ, എഞ്ചിനീയറിംഗ്) പ്രയോജനപ്പെടുത്താൻ ആവും. പഴയ തേഡ് ഗ്രൂപ്പ് ഇന്ന് ഹ്യൂമാനിറ്റീസ് എന്ന പേരിലും ഫോർത്ത് ഗ്രൂപ്പ് കൊമേഴ്സ് എന്ന പേരിലും ഇന്ന് അറിയപ്പെടുന്നു.

രണ്ട് കോഴ്സുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോഴ്സ് എന്ന നിലയിൽ ആണ് ഇതിനെ ഇന്റർമീഡിയറ്റ് എന്ന പേരിൽ അറിയപ്പെട്ടത്. പേര് മാറ്റിയെങ്കിലും ആ സ്വഭാവം തന്നെയാണ് ഇതിന് ഇപ്പോഴും. പഴയ കാലത്ത് പ്രീഡിഗ്രി പാസ്സാകുന്നവർ മൊത്തം പരീക്ഷ എഴുതുന്നവരിൽ 30% പോലും വരാറില്ലായിരുന്നു. അതുകൊണ്ടുതന്നെ അക്കാലങ്ങളിൽ പ്രീഡിഗ്രിക്കാരന് അല്പസ്വല്പം വിലയുണ്ടായിരുന്നു. പഠനത്തിന്റെ ലൈൻ മനസ്സിലാക്കിയ ആളെന്ന നിലയ്ക്ക് പഠിച്ച വിഷയത്തിൽ ഒരു ഡിഗ്രി നേടാൻ ഒട്ടും പ്രയാസപ്പെടേണ്ടതില്ല എന്ന കാലം. ആ കാലഘട്ടത്തിലാണ് ശ്രീനിവാസന്റെ കഥാപാത്രം പ്രീഡിഗ്രി ഒരു മോശം ഡിഗ്രി അല്ല എന്ന കാര്യം 'നാടോടിക്കാറ്റ്' എന്ന സിനിമയിൽ പ്രതിപാദിച്ചത്. ഹയർ സെക്കന്ററിയുടെ ആരംഭ കാലഘട്ടത്തിൽ NCERT (National Council of Educational Research and Training) ന്റെ സിലബസ് അവിടെ ഉണ്ടായിരുന്നത്. കാലക്രമേണ അതിൽ വെള്ളം ചേർക്കുകയും DPEP (District Primary Education Progra

mme), SSA (Sarva Siksha Abhiyan) തുടങ്ങിയവയിലൂടെ കടന്നുവന്ന കുട്ടികൾക്ക് മനസ്സിലാക്കാൻ എല്ലാം ലളിതവത്ക്കരിക്കുകയും ചെയ്തു. തുടർന്ന് നിലവാരം കുറയുകയും വഴിപാട് പോലെ ആയിത്തീരുകയും ചെയ്തു. ഗ്രേസ് മാർക്കിന്റെ ബലത്തിൽ കൂടി ജയിച്ചുവന്ന ചില കുട്ടികൾ ഹയർ സെക്കന്ററി ക്ലാസ്സുകളിൽ ഇരിക്കുന്നത് കാണാം. വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങി അവരുടെ സ്റ്റാറ്റസ് താഴെ പോകാതിരിക്കാൻ, അടുത്ത വീട്ടിലെ കുട്ടികളേക്കാൾ മോശക്കാരല്ല എന്ന് കാണിക്കാൻ കുട്ടികൾ ഹയർ സെക്കന്ററി ക്ലാസ്സുകളിൽ ഇരിക്കുന്നുണ്ട്. കണക്ക് കൂട്ടാനും കുറയ്ക്കാനും കാൽക്കുലേറ്ററിൽ സഹായം ഇല്ലാതെ ഒന്നും ചെയ്യാൻ പറ്റാത്തവർ.

കെമിസ്ട്രിയും ഫിസിക്സും പഠിപ്പിക്കുമ്പോൾ അദ്ധ്യാപകരുടെ ശരീരവടിവും അംഗലാവണ്യവും കണ്ട്, മനോരാജ്യത്ത് മുഴുകിയിരിക്കുന്നവർ. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ വേണ്ടി മാത്രം ജീവിതം ഹോമിച്ചവർ ആണ് ഇവർ. അവരുടെ ശരീരം ക്ലാസ്സിലെ ബഞ്ചിൽ ഉറപ്പിച്ചിരിക്കും, പക്ഷെ മനസ്സ് പാകപ്പെടാത്തതിനാൽ വേറെ ലോകത്തേക്ക് പോവുക സ്വാഭാവികം. മറ്റുള്ളവരുടെ റെക്കോർഡ് ബുക്കുകൾ പകർത്തിയെഴുതി, പരീക്ഷയ്ക്ക് കോപ്പിയടിച്ചും പറ്റുമെങ്കിൽ ഗ്രേസ് മാർക്ക് ഒപ്പിച്ചും ഇവർ ഹയർ സെക്കന്ററി കടന്ന് കൂടും. മലയാള അക്ഷരങ്ങൾ കൂട്ടി വായിക്കാൻ അറിയാത്ത അവർ പഠിക്കുന്ന ഇംഗ്ലീഷ് ടെക്സ്റ്റുകൾ വായിക്കാനറിയാത്ത പലരും നമ്മുടെ സ്കൂളുകളിൽ ഇരിപ്പുണ്ട്. സ്കൂളുകളിൽ എല്ലാവരേയും പത്താം തരം പാസ്സാക്കുന്നതിന്റെ തിക്താനുഭവം ആണ് ഇത്. എഴുത്തും വായനയും അറിയാത്തവരെ ഹയർ സെക്കന്ററിയിൽ എത്തിച്ചിട്ട് എന്ത് കാര്യം ?

മിടുക്കന്മാരായ പ്ലസ് ടു ജേതാക്കൾക്ക് ധാരാളം അവസരങ്ങൾ ഉണ്ട്. നല്ല മാർക്കോടുകൂടി പ്ലസ് ടു സയൻസ് പാസ്സായി എൻട്രൻസ് പരീക്ഷയിലൂടെ IIT (Indian Institute of Technology)യിൽ ബി.ടെകിന് പ്രവേശനം നേടാം. ഒരു സാദാ ഇഞ്ചിനീയറിംഗ് കോളേജിനേയും IITയേയും ഒരുപോലെ കാണരുത്. ഒരു സംസ്ഥാനത്തിലെ മൊത്തം വിദ്യാഭ്യാസത്തിന് വേണ്ടി ചെലവഴിക്കുന്നതിനേക്കാൾ വലിയ തുകയാണ് ഭാരത സർക്കാർ ഒരു IITക്ക് വേണ്ടി ചിലവിടുന്നത്. ലോകത്തിലെ തന്നെ ഏറ്റവും നല്ല എഞ്ചിനീയറിംഗ് വിദ്യാഭ്യാസം ആണ് IITകളിൽ കൊടുക്കുന്നത്. ബോംബേ, ഡൽഹി, കാൺപൂർ, ഖരക്പൂർ, മദ്രാസ്, ഗോഹട്ടി എന്നിവയാണ് ഇന്ത്യയിലെ ആദ്യകാല IITകൾ. അവിടെനിന്നും പഠിച്ചിറങ്ങുന്നവരെ വൻതുക കൊടുത്ത് പ്രലോഭിപ്പിച്ച് റാഞ്ചിക്കൊണ്ടുപോകുവാൻ കഴുകൻ കണ്ണുകളുമായി വിദേശ രാജ്യങ്ങളിലെ കമ്പനികൾ എത്തിച്ചേരാറുണ്ട്. പ്രതിവർഷ ശമ്പളം 1.5 കോടി രൂപയോളമാണ് അത്തരം കമ്പനികൾ വാഗ്ദാനം ചെയ്യുന്നത് എന്നറിയുമ്പോൾ അത്തരം സ്ഥാപനങ്ങളുടെ മഹത്വം നാം തിരിച്ചറിയേണ്ടതുണ്ട്. ഇത് കൂടാതെ വാർഷിക ബോണസ്സും സൗജന്യമായി താമസ സൗകര്യവും കൊടുക്കുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. (ശരാശരി പ്രതിമാസം 9 ലക്ഷത്തോളം വരും)

മേൽപ്പറഞ്ഞ 6 IIT കൂടാതെ 10 IIT കൾ 2011ൽ ആരംഭിച്ചിട്ടുണ്ട്. ഇന്ന് ഇന്ത്യയിൽ മൊത്തം 23 IIT കൾ ഉണ്ട്. കേരളത്തിന്റെ ചിരകാല അഭിലാഷമായിരുന്ന IIT ഒടുവിൽ പാലക്കാട് - കഞ്ചിക്കോട് എന്ന സ്ഥലത്ത് ആരംഭിച്ചു. പക്ഷെ ബാലാരിഷ്ടതയിലൂടെ കടന്നുപോകുന്ന ഈ സ്ഥാപനം അതിവേഗത്തിൽ വളർന്ന് വരട്ടെ എന്ന് ആശിക്കാം.

ISRO (Indian Space Research Organisation)യുടെ ബി.ടെക് കോഴ്സുകൾ ബഹിരാകാശ പദ്ധതികളുമായി ബന്ധപ്പെടുത്തിയാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. പ്രത്യേക എൻട്രൻസ് പരീക്ഷ പാസ്സാകുന്നവർക്കേ ഇവിടെ പ്രവേശനം ലഭിക്കുകയുള്ളു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISC) ബാംഗ്ലൂർ, മറ്റൊരു പ്രശസ്തമായ സ്ഥാപനമാണ്. Indian Institute of Information Technology (IIIT) സ്ഥാപനങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കാണാം. ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് പഠിച്ചിറങ്ങിയവർക്ക് ഒരിക്കലും ജോലി തേടി നടക്കേണ്ട, മറിച്ച് ആദ്യ വർഷം തന്നെ ബഹുരാഷ്ട്ര കമ്പനിക്കാർ അവരെ വട്ടം ചുറ്റിയാണ് നടക്കുന്നത്.

പഴയ Regional Engineering College (REC) ഇന്ന് National Institute of Technology (NIT) എന്ന പേരിലാണ് അറിയപ്പെടുന്നത്. മിക്കവാറും ഒരു സ്റ്റേറ്റിൽ ഒന്ന് എന്ന ക്രമത്തിലാണ് ഇത് അനുവദിച്ച് കാണുന്നത്. കേരളത്തിൽ ഇത് സ്ഥിതി ചെയ്യുന്നത് കോഴിക്കോടാണ്. എൻട്രൻസ് പരീക്ഷയിലെ മികവാണ് ഇവിടെയും മാനദണ്ഡം. നമ്മുടെ നാട്ടിലെ ഗവ. എൻജിനീയറിംഗ് കോളേജുകൾ പൊതുവേ മികച്ച നിലവാരം പുലർത്തുന്നവയാണ്. അതിൽ തന്നെ College of Engineering,(തിരുവനന്തപുരം) വലിയ പ്രാധാന്യം അർഹിക്കുന്നു. മെറിറ്റിൽ അഡ്മിഷൻ കിട്ടിയവരേയും, അതുവരെയുള്ള പരീക്ഷാ മികവിന്റെ അടിസ്ഥാനത്തിലും സാമാന്യം നല്ല ശമ്പളം വാഗ്ദാനം നൽകി വൻകിട കമ്പനിക്കാർ ഇത്തരക്കാരെ കൊണ്ടുപോകാറുണ്ട്. എയ്ഡഡ് എഞ്ചിനിയറിംഗ് കോളേജിലും നല്ല നിലവാരം കാണാൻ കഴിയും. കൊല്ലത്തെ TKM എഞ്ചിനീയറിംഗ് കോളേജ് അത്തരത്തിലുള്ള മികച്ച സ്ഥാപനം ആണ്.

നാഷണൽ ഡിഫൻസ് അക്കാദമിയിലേക്ക് (NDA) സെലക്ഷന് പ്ലസ് ടു ആണ് യോഗ്യതയായി വേണ്ടത്. എഴുത്തു പരീക്ഷയിൽ ജയിക്കുന്നവരെ SSB (Service Selection Board) ഇന്റർവ്യൂവിന് വിളിക്കുന്നു. കഠിനമായ പരിശ്രമം വേണ്ടതുള്ള പരീക്ഷയാണ് ഇത്. ലാഘവ ബുദ്ധിയോടെ കൈകാര്യം ചെയ്യുന്നവർക്കുള്ളതല്ല NDA. ഇവിടുത്തെ സെലക്ഷൻ കഴിയുന്നവർ ആണ് Class I മിലിറ്ററി ആഫീസർമാരായി പിന്നീട് വളർന്ന് വരുന്നത്.

മെഡിക്കൽ രംഗവും പ്ലസ് ടുവിലെ മിടുക്കന്മാർക്ക് ഉള്ളതാണ്. MBBS, BDS, BAMS, BHMS, AH & VS തുടങ്ങിയ ബേസിക് മെഡിക്കൽ ഡിഗ്രി കോഴ്സുകൾ പലരുടേയും

സ്വപ്നം ആണ്. സ്വപ്നം കാണുന്നത് ഫലത്തിൽ കൊണ്ടുവരാൻ കഠിനമായ പരിശ്രമം ആവശ്യമാണ്. മെഡിക്കൽ ഡിഗ്രിക്ക് അഡ്മിഷൻ കിട്ടിയില്ലെങ്കിൽ മെഡിക്കൽ ഡിപ്ലോമ കോഴ്സുകൾക്ക് മെഡിക്കൽ കോളേജിൽ അപേക്ഷിക്കാവുന്നതാണ്. കോഴ്സ് പൂർത്തിയാക്കിയാൽ അവർക്ക് മെഡിക്കൽ അസിസ്റ്റന്റ് ആയി ജോലി ലഭിക്കും. ഇവർ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സഹായികൾ ആണ്. പല കണ്ണട കടകളിലും കണ്ണ് ഡോക്ടറുടെ സേവനം സൗജന്യമായി കൊടുക്കുന്നു എന്ന് എഴുതിവെച്ചിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിരിക്കുമല്ലോ ! യഥാർത്ഥത്തിൽ അവർ ഡിപ്ലോമയോ B.Sc. Ophthalmology യോ കഴിഞ്ഞവരായിരിക്കും. ഒരു കണ്ണടക്കടയിലും MS (Ophthalmology) കഴിഞ്ഞ ഒരാളെ പോറ്റി വളർത്താൻ കഴിയില്ല. അല്ലെങ്കിൽ കസ്റ്റമേഴ്സ് ഡോക്ടർ ഫീസ് കൊടുക്കണം.

പഞ്ചവത്സര LLB കോഴ്സിന് പ്ലസ് ടു വിജയം ഉണ്ടാവണം. വക്കീലാകാനോ Legal Advisor / Insurance Advisor ഒക്കെ ആകാൻ ഒരു നിയമ ബിരുദം കൂടിയേ തീരു. നല്ല മാർക്കുള്ളവർക്ക് ഗവ. ലോ കോളേജിലും മറ്റുള്ളവർക്ക് പ്രൈവറ്റ് ലോ കോളേജും ഉണ്ട്.

പ്രൈമറി സ്കൂൾ അദ്ധ്യാപകരാവാൻ വേണ്ട TTC കോഴ്സിന് പ്ലസ് ടു പരീക്ഷ സാമാന്യം നല്ല മാർക്കോടെ ജയിക്കണം. ഇന്ന് TTC ക്ക് Diploma in Education (D.Ed) എന്നാണ് പറയുന്നത്. പ്രൈമറി ക്ലാസ്സുകൾ എന്നാൽ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളെ ആണ്. (പലരും 1 മുതൽ 4 വരെ ആണ് എന്ന് തെറ്റിദ്ധരിച്ചിരിക്കുകയാണ്) പ്രൈമറി ക്ലാസ്സുകളെ 2 ആയി തിരിച്ചിരിക്കുന്നു. ഒന്നു മുതൽ നാല് വരെയുള്ള ക്ലാസ്സുകളെ ലോവർ പ്രൈമറി (LP) എന്നും 5 മുതൽ 7 വരെ ഉള്ളതിനെ അപ്പർ പ്രൈമറി (UP) എന്നുമാണ് പറയുന്നത്. ഈയിടെയായി K.TET (Kerala Teacher Eligibility Test) കൂടി പാസ്സായാലെ പ്രൈമറി സ്കൂൾ അദ്ധ്യാപകൻ ആകാൻ പറ്റൂ എന്ന നിയമം കൊണ്ടുവന്നിരിയ്ക്കുകയാണ്.

പ്ലസ് ടു സയൻസ് നല്ല രീതിയിൽ പാസ്സാകുന്നവർക്ക് പോളിടെക്നിക് കോളേജുകളിൽ ലാറ്ററൽ എൻട്രി വഴി 2 വർഷം ക്ലാസ്സുകളിലേക്ക് നേരിട്ട് പ്രവേശനം നൽകാറുണ്ട്. രണ്ട് വർഷം കൊണ്ട് 3 വർഷ കോഴ്സ് തീർത്ത് ജൂനിയർ എഞ്ചിനിയർ തസ്തികയിൽ ജോലി നോക്കാവുന്നതാണ്. കുറച്ചുവർഷത്തെ തൊഴിൽ പരിചയം ഉണ്ടെങ്കിൽ എഞ്ചിനീയറിംഗ് ഡിഗ്രിക്കാർക്ക് ലഭിക്കുന്ന ജോലികളും ഇവർക്ക് കൈകാര്യം ചെയ്യാവുന്നതാണ്.

സ്പോർട്സിൽ താത്പര്യം ഉള്ള പ്ലസ് ടു പാസ്സാകുന്ന, കുട്ടികൾക്ക് മൂന്ന് വർഷ BPE (Bachelor of Physical Education) എന്ന കോഴ്സിന് ചേരാവുന്നതാണ്. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയെടുക്കുകയും ഒരു വർഷത്തെ BP.Ed. കോഴ്സും ചെയ്തവർ ഫലത്തിൽ മൂന്ന് വർഷത്തെ BPE കോഴ്സിനേക്കാൾ മെച്ചപ്പെട്ടതാണെങ്കിലും രണ്ടിനും ഒരേ പരിഗണനയാണ് നമ്മുടെ അധികാരികൾ കല്പിച്ചിരിക്കുന്നത്.

ഹോട്ടൽ മാനേജ്മെന്റ് രംഗത്തേക്ക് പ്ലസ് ടു പാസ്സായവരെയാണ് വേണ്ടത്. BHM (Bachelor of Hotel Management), B.Sc Catering & Culinary Science തുടങ്ങിയ ഡിഗ്രി കോഴ്സുകൾ നല്ല സ്ഥാപനങ്ങളിൽ ചേർന്ന് പഠിച്ചാൽ അവിടെത്തന്നെയുള്ള Placement Cell വഴി ഇന്ത്യയിലും വിദേശത്തും ഉള്ള പഞ്ചനക്ഷത്ര ഹോട്ടലുകളിൽ മാനേജർ തസ്തികയിൽ ജോലി നേടാം.

നേഴ്സ്മാരാവണമെങ്കിൽ ഏതെങ്കിലും വിഷയത്തിൽ പ്ലസ് ടു വിജയം മതി. (നേരത്തേ സയൻസ് തന്നെ വേണമെന്ന് നിബന്ധന ഉണ്ടായിരുന്നു) General Nursing and Mid Wifery (GNM) എന്നത് 3 വർഷം ആണ്. നമ്മുടെ നാട്ടിൽ കാണുന്ന 80% നഴ്സ്മാരും ഈ കോഴ്സ് ചെയ്തവരാണ്. നഴ്സിംഗ് ഡിഗ്രി BSc Nursing എന്നാണ് അറിയപ്പെടുന്നത്. അത് നാല് വർഷം ആണ്. പ്ലസ് ടു സയൻസ് നിർബന്ധമാണ്. എന്നാൽ GNM കഴിഞ്ഞവരെ ആ Certificate ന്റെ ആനുകൂല്യത്തിൽ BSc Nursing ലേക്ക് എടുക്കാറുണ്ട്. Lateral Entry വഴി രണ്ടാം വർഷ ക്ലാസ്സിലേക്ക് നേരിട്ട് പ്രവേശിക്കുകയും ചെയ്യാം. ഭൂലോകത്തുള്ള എല്ലാ പ്രമുഖ ആശുപത്രികളിലും മലയാളി നേഴ്സുമാർ സേവനം അനുഷ്ഠിക്കുന്നുണ്ട് എന്നത് ഓരോ മലയാളിക്കും അഭിമാനിക്കാവുന്ന കാര്യമാണ്. പ്ലസ് ടു നല്ല മാർക്കോടുകൂടി പഠിക്കുന്നവർക്ക് മിലിട്ടറി നേഴ്സ് ആകാനുള്ള അവസരമുണ്ട്. എൻട്രൻസ് വഴി സെലക്ഷൻ കിട്ടിയാൽ നഴ്സിംഗ് കോഴ്സ് അവർ പഠിപ്പിച്ചുകൊള്ളും. പിന്നീട് മിലിറ്ററിയിൽ ക്ലാസ്സ് I ആഫീസറായി നിയമിക്കുകയും ചെയ്യും. ഒരുപക്ഷെ ഇന്ത്യയിൽ നഴ്സ്മാർക്ക് ഏറ്റവും വലിയ പദവി കൊടുക്കുന്നത് നമ്മുടെ മിലിറ്ററി സർവ്വീസ് ആയിരിക്കണം. കാനഡ പോലെയുള്ള രാജ്യങ്ങളിൽ ഡോക്ടർമാരേക്കാൾ ശമ്പളം പറ്റുന്നവരാണ് അവിടുത്തെ നഴ്സുമാർ.

IIT കളിലും ബിർല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിലും സോഷ്യൽ സ്റ്റഡീസ് വിഷയങ്ങളിൽ ഡിഗ്രിയും പി. ജി.യും ചെയ്യാനുള്ള സൗകര്യമുണ്ട്. ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി പല നല്ല സ്ഥാപനങ്ങളിലും ജോലി സാധ്യത ഉള്ളതാകയാൽ ഇത്തരം കോഴ്സുകൾ മിടുക്കന്മാർക്ക് മാത്രം ഉള്ളതാണെന്ന് പറയേണ്ടതില്ലല്ലോ.

ഏത് ഡിഗ്രി കോഴ്സിന് ചേരണമെങ്കിലും (അത് മുഖ്യധാര വിദ്യാഭ്യാസം ആയാലും തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം ആയാലും) പ്ലസ് ടുവിന് സാമാന്യം ഭേദപ്പെട്ട മാർക്ക് വേണം. ബി.എ, ബി.കോം, ബി. എസ്സി തുടങ്ങിയ ഡിഗ്രി കോഴ്സുകൾ വീണ്ടും പൂർവ്വാധികം ശക്തിയോടെ തിരിച്ചുവന്നിരിക്കുന്നു. (അത്തരം കാര്യങ്ങൾ അടുത്ത ലക്കത്തിൽ പ്രതിപാദിക്കാം)

പ്ലസ് ടു കഴിഞ്ഞ ഉടനെ ഒരു ജോലിയാണ് ലക്ഷ്യമിടുന്നതെങ്കിൽ, പല ജോലികളും അത്തരക്കാരെ കാത്തിരിക്കുന്നുണ്ട്. കേരളത്തിലെ സായുധ സേനാംഗങ്ങളുടെ വി

ദ്യാഭ്യാസ യോഗ്യത 10-ൽ നിന്ന് പ്ലസ് ടുവിലേക്ക് ഉയർത്തിയിരിക്കുന്നു. സിവിൽ പോലീസ് ആഫീസർ (പഴയ കോൺസ്റ്റബിൾ), ബീറ്റ് ഫോറസ്റ്റ് ആഫീസർ (പഴയ ഫോറസ്റ്റ് ഗാഡ്), എക്സൈസ് ഗാഡ്, ഫയർമാൻ തുടങ്ങിയ തസ്തികയിലേക്ക് അപേക്ഷിക്കണമെങ്കിൽ പ്ലസ് ടു പാസ്സായിരിക്കണം എന്ന വ്യവസ്ഥ ഈയടുത്ത കാലത്ത് കൊണ്ടുവന്നിരിക്കുന്നു. ആയിരക്കണക്കിന് ഒഴിവുകളുള്ള ഈ ഡിപ്പാർട്ട്മെന്റിലേക്ക് നിയമനം ലഭിക്കുന്നതിന് കായിക ശേഷിയും പ്രധാന ഘടകമാണ്.

പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റായി ജോലി നോക്കുന്നവർ പ്ലസ് ടു പാസ്സായവരാണ്. കേന്ദ്ര പോലീസ് സേനയിൽ സബ്ബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്ലസ് ടു പാസ്സായവരെ എടുത്തുകാണുന്നു. അല്പസ്വല്പം സാമർത്ഥ്യം ഉള്ളവർക്ക് കുറഞ്ഞ കാലയളവിൽ പ്രമോഷൻ സാധ്യതയും കാണുന്നു.


ഏത് ജോലിയിൽ പ്രവേശിച്ചാലും അതിനോട് ചേർന്ന് നിൽക്കുകയും അതുമായി ബന്ധപ്പെട്ട കോഴ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും പുതിയ കാര്യങ്ങൾ കൗതുകത്തോടെ പഠിച്ചെടുക്കുവാനുള്ള മനസ്സും കാണിച്ചാൽ പ്രമോഷനുകളും ഐശ്വര്യവും താനെ നമ്മുടെ ഒപ്പം വരും. ജോലിയോട് ഒരു പ്രതിബദ്ധതയും ഇല്ലാതെ ദൈവത്തിന് മുമ്പിൽ മാത്രം വിനയം കാണിക്കുകയും, കുറച്ച് നാണയത്തുട്ടുകൾ അവിടെ നിക്ഷേപിക്കുകയും ചെയ്താൽ ഐശ്വര്യം വരുത്താൻ, ദൈവം അവരുടെ വേലക്കാരനാണോ ? അത്രയ്ക്ക് വിലയില്ലാത്തതാണ് ദൈവം എന്നും, ഇതൊന്നും തിരിച്ചറിയാനുള്ള വിവേകം പോലും നഷ്ടപ്പെട്ടവനാണ് ഈശ്വ

■ കവിത




# പെണ്ണിര

രാജീവ് മാമ്പുള്ളി
9400418318



വേദനകടിച്ചമർത്തിയ
വിതുമ്പലുകളിൽ
വേനൽബാഷ്പം
കവിഞ്ഞൊഴുകിവരണ്ട
ദു:ഖസ്ഥലരാശികളിൽ
കള്ളിമുൾച്ചെടിയായി
വളർന്നവൾ

ഉടലളവുതിരിവുകളിൽ
മനമളവുതിരിയാതുലഞ്ഞു
വെറുത്തുവെന്തു
മറുത്തുരിയാതെ
നൊന്തുപിടഞ്ഞു
കിടന്നുകൊടുപ്പവൾ

കാലമേറെ
പേറുമിമ്പത്താൽ
തൻമക്കളെ-
യൻപിൻപാശത്താൽ
ഉടൽപൊതിഞ്ഞുയിർ
കാത്തു
കടവുപിരിയാ-
ത്തോണിയാകുവോൾ

കൺകെട്ടി, മനംകെട്ടി
മദംകെട്ടി, മന്ത്രംകെട്ടി
വേർ വെട്ടി, ഉടൽ വെട്ടി
വെറുംകാഴ്ചയ്ക്കായ്
മുരടിപ്പിക്കുമാൽമര-
മാകുവോൾ


അവൾക്കേതു
കാലവുമൊരേപേർ
അവളെന്നുംതനിയേ
അവൾക്കായെന്നും
ഒറ്റയടിപ്പാത
അവൾക്കെവിടെസമയം,
അവളിലെയവൾക്കായ്
വാഴാൻ!

കഴിയട്ടെയവൾക്ക്,
കാർമുകിലിലൊളിപ്പിച്ച
വിത്തെടുത്ത്
കറതീർത്തുതുടച്ച്
നനച്ച്പുതച്ച്
കരിമണ്ണിലാഴത്തിൽ
കിളച്ചുപാകി
കലികാലമഴിയും
വരെകാക്കും
കരിങ്കാളിയായി-
യുയിർക്കാൻ.

കനൽത്തടവറ
കുതിച്ചുതാണ്ടി
കദനചിലമ്പുടച്ചു
തകർക്കാൻ.

രൻ എന്ന് വിചാരിക്കുന്നവൻ ഈശ്വരന്റെ യഥാർത്ഥ കഴിവിൽ വിശ്വാസം ഇല്ലാത്തവനാണ്. അദ്ധ്വാനിക്കുന്നവന്റേയും ഭാരം ചുമക്കുന്നവനോടും ഒപ്പം ഈശ്വരൻ അദൃശ്യനായി കൂടെ കാണും. അതിന് സദാ സമയവും ഈശ്വരനെ വിളിക്കുകയോ നാണയത്തുട്ടുകൾ ഇടുകയോ ചെയ്യേണ്ട കാര്യമില്ല. ആ ചൈതന്യത്തെ എപ്പോഴും വിളിച്ച് ഓർമ്മപ്പെടുത്തേണ്ട കാര്യമില്ല. കുറച്ച് നാണയത്തുട്ടുകൾക്ക് മുമ്പിൽ കണ്ണ് മഞ്ഞളിക്കുന്ന ആളല്ല അദ്ദേഹം.

■ കവിത





**ശരത് തരവത്ത്**
8714128429


## നീയും ഞാനും

വിരലുകൾ കോർക്കുന്ന
ഹൃദയങ്ങൾ
അടിവെച്ചു നീങ്ങുന്ന ഇടവഴികളിൽ
നാം ചൊല്ലും കഥകൾ
കനവുകൾ നിനവുകൾ
കൊഞ്ചലുകൾ
കാതോർത്തു മൂളിടും കാറ്റിന്റെ
താളത്തിലാടുന്ന കൂന്തലിൽ
വിരലുകൾ വേരുകളായാഴ്ന്നിറങ്ങി
കയ്യിൽ പൊതിഞ്ഞ്
അധരങ്ങളുരുമ്മി
നിൻ മുഖം നെഞ്ചോടു ചേർത്തു
കാർമുകിലൊളിപ്പിച്ച പ്രണയം
തുള്ളിയായി പെയ്ത നാൾ
ഒരു കുടയിൽ കൂട്ടക്ഷരം പോലെ
കെട്ടിപ്പിടിച്ചു നാം
മുല്ലവള്ളിയായെന്നിൽ പടർന്നു നീ
ഉയിരായി നിൻ പൂമണം
കണ്ണുകൾ കവണകളായെയ്യുന്ന
കല്ലുകൾ
ആഴിതൻ ആഴത്തിൽ ഊഴ്ന്നിറങ്ങി
നാക്കുകൾ അറിയാതെ
നോക്കുകൾ ചൊല്ലിയ
നൊമ്പരങ്ങൾ
അകലെനിന്നേതോ മുകിലുകൾ
അലഞ്ഞെത്തിയലിഞ്ഞു ചേർന്നു
നീയും ഞാനും നമ്മളാവുമ്പോൾ
ഉലകം പ്രണയകാവ്യം

■ അനുഭവം

# വംഗനാടിന്റെ അതിർത്തി കടന്ന് .....




**ഈശ്വർകുമാർ തരവത്ത്**
9946655277


**ആ**യിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റെട്ടിലെ ഒരു ഡിസംബർ മാസം...

എന്റെ നാവികജീവിതത്തിലെ ഒരോർമ്മ. ചരക്കുകപ്പൽ ബംഗ്ലാദേശിലെ ഖുൽനാ ഹാർബറിൽ, യാദൃശ്ചികമായുണ്ടായ എഞ്ചിൻ റൂമിലെ ചില സങ്കീർണ്ണ പ്രവർത്തികൾക്കായി നിർത്തിയിട്ടിരിക്കയാണ്. കൽക്കത്തെയിൽനിന്ന് കമ്പനി എഞ്ചിനീയർമാരും വിദഗ്ധജോലിക്കാരും എത്തി പ്രവർത്തികൾ ഏറ്റെടുത്തിരിക്കുന്നു. ഒരാഴ്ചയിലധികം അവിടെയുണ്ടാകുമെന്നറിയാൻ കഴിഞ്ഞു. ഞങ്ങളുടെ മാസ്റ്റർ, ക്യാപ്റ്റൻ സൽദാന, ഹാർബറിലെ പ്രിൻസിപ്പൽ ഏജന്റ് മുഖാന്തരം കോൺസലേറ്റിൽ നിന്ന് വളരെ റിസ്ക് എടുത്ത് മോഹൻബാബു, തിമ്മയ്യ, ഞാനുമടക്കം മൂന്നുപേർക്കുള്ള ഒരു യാത്രാനുമതി തരപ്പെടുത്തിത്തന്നു.!

ഘോറുദ്ദാൻ കുന്നുകളിലേക്കൊരു വിനോദയാത്ര... അത്ര പ്രശസ്തിയാർജിച്ചിട്ടൊന്നുമില്ലെങ്കിലും 'മലകയറ്റ' ത്തിനു പലരും വന്നുപോകുന്ന സ്ഥലം...

പോർട്ടിൽ ഉദ്യോഗസ്ഥനായ ഷുഹൈൽ ഞങ്ങൾക്ക് യാത്രക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങളും തന്റെ ജൻമഗ്രാമമായ സയ്യൂണിലെ അബ്ദുൾ മജീദിനെ കാണാൻ ഒരു കത്തെഴുതി തരികയും ചെയതു.

മുൻപു രണ്ടുതവണ ബംഗ്ലാദേശിൽ പോയപ്പോഴും കപ്പലിൽ നിന്നു പുറത്തുപോകാൻ കഴിയാതെ, പുനർജനാധിപത്യത്തിനായി ഇളകിമറിയുന്ന നാടിനെ കപ്പലിനകത്തിരുന്നു കാണാനേ കഴിഞ്ഞിരുന്നുള്ളു. വിസ്ഫോടനത്തിനുമുമ്പുള്ള അസ്വസ്ഥത നേരിട്ട് അനുഭവിച്ചറിയാനായില്ലെങ്കിലും, പുകയുന്ന ജന പ്രക്ഷോഭം തീർച്ചയായും ഭരണാധികാരികളുടെ വരുംദിവസങ്ങളിലെ ഉറക്കം കെടുത്തുന്ന ഒന്നായിരിക്കുമെന്ന്, ഹാർബർ തൊഴിലാളികളിൽനിന്നും സെക്യൂരിറ്റി ജീവനക്കാരിൽനിന്നും ഊഹിക്കാൻ കഴിഞ്ഞിരുന്നു. അവരുടെ ആകാംക്ഷകളേയും സ്വപ്നങ്ങളെയും പങ്കിട്ടപ്പോൾ ഒരുകാര്യം വ്യക്തമായി : മതത്തിന്റേയും രാഷ്ട്രീയത്തിന്റെയും മതിലുകളെ മാറ്റിനിർത്തിയാൽ, വംഗ ദേശികളുടെ മുഖമുദ്ര നൂറു ശതമാനവും വംഗസംസ്ക്കാരത്തിലധിഷ്ഠിതം തന്നെ... അതുകൊണ്ടുതന്നെ, ഭരണകൂട വിരുദ്ധത അവരുടെ വർഗപരമായ സത്തയുടെ മുഖ്യവിശേഷണവും കൂടിയായി വേർതിരിഞ്ഞു നിൽക്കുന്നു...

മതമൗലികവാദികളുടെ ഒരു രാജ്യമാണതെന്ന് ഇന്നും പലരും കരുതിവരുന്നുണ്ടെങ്കിലും അതിൽ അത്ര യാഥാർത്ഥ്യമൊന്നുമില്ല. പക്ഷേ, ഗംഗക്കിരുവശവുമുള്ള ബംഗാളുകൾ തമ്മിലുള്ള അകൽച്ച വ്യക്തമായിത്തന്നെ കാണാൻ കഴിയുന്നുമുണ്ട്... ഇന്ത്യയുടെ അതിർത്തി ഗ്രാമമായ ബേനേപോളിൽ നിന്ന് ബംഗ്ലാദേശിലെ ഖുൽന വരെ നീളുന്ന ബ്രോഡ്ഗേജ് തീവണ്ടിപ്പാത പാഴ്ച്ചെടികളാൽ മൂടപ്പെട്ടും മുളങ്കൂട്ടങ്ങളാൽ മറയ്ക്കപ്പെട്ടും കിടക്കുന്നതു തന്നെ അതിന്റെയൊരു തെളിവാണ്. കൊൽക്കത്തയിൽനിന്ന് ശാന്തിനികേതൻ സ്ഥിതി ചെയ്യുന്ന ബോൽപ്പൂരിലേക്കും ബംഗ്ലാദേശിലെ ഖുൽനാ നഗരത്തിലേക്കും ഏറെക്കുറെ ഒരേ അകലമാണെന്നറിയുമ്പോൾ, രാഷ്ട്രീയം അതിനെ വട്ടം കറക്കുകയാണോ എന്ന് തോന്നിപ്പോയാൽ കുറ്റം പറയാനാകില്ല...

പിറ്റേന്ന് കാലത്ത് ഏഴു മണിക്കുതന്നെ ഞങ്ങൾ ഗാങ്ങ് വേയിറങ്ങി...

പൊടിപടലം നിറഞ്ഞ നിരത്തുകൾ... നമ്മുടെ TATA നിർമ്മിത ബസ്സുകളാണേറെയും... ബസ്സുകളുടെ പിന്നിലെ കോണിയിലും പുറത്തും അള്ളിപ്പിടിച്ചിരിക്കുന്ന യാത്രക്കാർ... ചെറിയ ചെറിയ കടമുറികൾ... കടുകെണ്ണയുടെ രൂക്ഷഗന്ധമാർന്ന അന്തരീക്ഷം.

ഖുൽനയിൽ നാലര മണിക്കൂർ ബസ് യാത്രക്കുശേഷം ഖുത്രിയെന്ന മലഞ്ചെരിവിലെ ഗ്രാമത്തിലെത്തി. ഇവിടെനിന്ന് സയൂദ ഗ്രാമത്തിലേക്ക് ടൊഗായ് നദിയുടെ പോഷകനദി മുറിച്ചുകടക്കണം. നീളമുള്ള മുളങ്കോൽ അടിത്തട്ടിൽ കുത്തിനിർത്തി ഊന്നിത്തുഴയുന്ന ടോംഗി (പ്രാകൃതരീതിയിലുള്ള ഒരു തരം തോണി) യിലാണ് മറുകര കടക്കേണ്ടത്. പാറയിടുക്കുകളിലൂടെയുള്ള ശക്തിയായ ഒഴുക്കിലൂടെ ഒരുമണിക്കൂർ ദുർഘടയാത്ര. ദൂരെ ഇടതൂർന്ന കുന്നിൻ ചെരിവുകളിൽ ഒറ്റപ്പെട്ട വീടുകൾ.

മൂന്നുമണിയോടെ ഞങ്ങൾ സയൂദയിലെത്തി. ചെറിയൊരു ഗ്രാമം. ഒരു പ്രൈമറി ഹെൽത്ത് സെന്ററും പോസ്റ്റാഫീസും കുറച്ചു കടകളുമുണ്ട്. ചണ തന്നെയാണ് പ്രധാന കൃഷി.

കത്തുവായിച്ച മജീദ് സ്നേഹത്തോടെ ഞങ്ങളെ വരവേറ്റു. തികച്ചും നിഷ്ക്കളങ്കനായ ഒരു ഗ്രാമീണൻ. കൂട്ടുകാരെയും സഹവാസികളേയും പരിചയപ്പെടുത്തി. കട്ടൻ ചായയും, കല്ലുമ്മക്കായ പോലുള്ള ഒരുതരം പലഹാരവും നിർബ്ബന്ധിച്ചു കഴിപ്പിച്ചു. ബംഗാളിയും അൽപം ഹിന്ദിയും കലർന്ന ഭാഷയിലാണ് സംസാരം.

കാലാവസ്ഥ മോശപ്പെട്ടു വരികയായിരുന്നു. ചാറ്റൽ മഴ തുടങ്ങിയതോടെ തണുപ്പും തുടങ്ങി. സയൂണിലെ തദ്ദേശവാസികളോടൊപ്പം ചെറിയൊരു വിശ്രമത്തിനുശേഷം യാത്ര തുടരാനായിരുന്നു ഞങ്ങളുടെ പദ്ധതി. എന്നാൽ അന്നവിടെ തങ്ങാൻ മജീദ് ഉപദേശിച്ചു. മലനിരകളിലെ മഞ്ഞുമൂടിയ അറ്റങ്ങളിൽ പുകപടലം പോലെ എന്തോ ഒന്ന് പടരാൻ തുടങ്ങിയിരുന്നു.

ഗ്രാമീണർ കുടിലുകളുടെ മേൽക്കൂരകൾ അടുത്തുള്ള മരങ്ങളിലും കുറ്റികളിലും ബലമുള്ള ചണക്കയറുകൾകൊണ്ട് കെട്ടുന്നതു കണ്ടു.

തുടക്കം പതുക്കെയായിരുന്നെങ്കിലും ക്രമേണ കാറ്റ് കരുത്താർജ്ജിച്ചു കൊണ്ടിരുന്നു. പിന്നീട് ചുഴലിയായി മാറി പൊടിപടലങ്ങളും ചപ്പിലകളും മാനത്തേക്കുയർന്നു പൊന്തി. ഇരുട്ടിന്റെ കൂടെ അതിന് ഗതിവേഗം കൂടിക്കൂടി വരികയാണെന്നു തോന്നി.

തിമ്മയ്യ ബാഗിലുണ്ടായിരുന്ന വായുമാപിനിയുമായി പുറത്തേക്കിറങ്ങിയെങ്കിലും അതിനെ ദൂരേക്കു തകർത്തെറിഞ്ഞു കൊണ്ടു കാറ്റ് ശക്തിയോടെ ചീറ്റി.

കൂട്ടിയിട്ടിരുന്ന വൈക്കോൽ കൂനകൾ അന്തരീക്ഷത്തിൽ പറന്നലിഞ്ഞു. മറ്റുള്ളവരെല്ലാം കിടന്നപ്പോഴും ഭയം കൊണ്ട് ഞങ്ങൾ മൂന്നുപേരും ഇരുന്നുനേരം വെളുപ്പിച്ചു. പുലർച്ചക്കുശേഷം കാറ്റിന്റെ ശക്തി കുറഞ്ഞപ്പോൾ ഞങ്ങൾ പോകാനൊരുങ്ങുന്നതു കണ്ട്, മജീദും ഹസനെന്ന ചങ്ങാതിയും ഞങ്ങൾക്കൊപ്പമിറങ്ങി.

പിന്നീടുള്ള യാത്രയിൽ വഴിതോറും നിരവധി മരങ്ങളും കുടിലുകളും സാധനങ്ങളും ചിതറിക്കിടക്കുന്നതു കണ്ടു. ഇതിവിടെ പതിവാണെന്നും ഭയപ്പെടേണ്ടതില്ലെന്നും മജീദ് ഞങ്ങളെ സമാധാനിപ്പിച്ചു കൊണ്ടിരുന്നു.

അവർ ഞങ്ങളെ പുഴയോരത്തേക്കാണ് കൊണ്ടുപോയത്. ഞൊടിയിടയിൽ അയാൾ ടോംഗിയിൽ പായകെട്ടി ശരിയാക്കി, ധൂമാൻ കുന്നുകൾ ലക്ഷ്യമാക്കി മുളങ്കോൽ കുത്തി തുഴ തുടങ്ങി. ഇടക്കുള്ള പാറകളിൽ തട്ടാതെ സുരക്ഷിതമായ ഇടങ്ങളിലൂടെ കാറ്റിനൊപ്പം സമർത്ഥമായി ടോംഗി നിയന്ത്രിക്കുന്ന അയാളിലെ നാവികനെ ഞങ്ങൾ അത്ഭുതാദരങ്ങളോടെ നോക്കിയിരുന്നു. കുത്തൊഴുക്കുള്ള ഭാഗങ്ങളിൽ കുന്തവും ഉളിയും ഉപയോഗിച്ചുള്ള പ്രത്യേകതരം മത്സ്യ ബന്ധനത്തിന് ഇവർ ഇവിടങ്ങളിൽ പതിവായി വരാറുണ്ടത്രെ.

കുത്തൊഴുക്ക് കുറഞ്ഞ ഒരുഭാഗത്ത് ടോംഗി കെട്ടി ഞങ്ങളിറങ്ങി. തണുത്ത കാറ്റിനൊപ്പം മഞ്ഞുവീഴ്ച്ചയും തുടങ്ങിയിരുന്നു.

തണുപ്പുള്ള കാലാവസ്ഥകളിൽ മഞ്ഞുറയുന്ന ഈ ഒഴുക്കിന് നല്ല ആഴമുണ്ടാകുമെന്ന് മജീദ് പറഞ്ഞു. കാറ്റിൽ കടപുഴങ്ങിവീണ മരങ്ങൾ ഇതിലൂടെ ഒഴുകിവരുന്നത് പിടിച്ചെടുത്ത് വിൽക്കുന്നത് ഇവരുടെ മറ്റൊരു ഉപജീവന മാർഗ്ഗമാണ്.

മലമ്പാതയിലൂടെ മുകളിലേക്കു കയറുന്തോറും മഞ്ഞിനും തണുപ്പിനും കട്ടി കൂടിക്കൂടി വന്നു. പുല്ലിനുമേലിലായി ആവി തങ്ങിനിൽക്കുന്ന പോലെ തോന്നിച്ചു. ഇതിൽ നിന്നു രക്ഷപെടാൻ വഴി മാറി മാറി നടക്കുക മാത്രമേ നിവർത്തിയുള്ളു. കാലുകൾ നനഞ്ഞ് മരവിച്ചു തുടങ്ങി.

വീണടിഞ്ഞ മരത്തടികളും കൊമ്പുകളും അങ്ങു വിദൂരതയോളം പരന്നു കിടക്കുന്നു. ഒരു മനുഷ്യജീവിയേയോ പക്ഷിയേയോ കൂടി കാണാനില്ല. ഒട്ടും സുഖകരമല്ലാത്ത ഒരു കാഴ്ച്ചയായി അതു തോന്നി. ഇതു വിനോദയാത്രക്കു യോജിച്ചൊരു സമയമല്ലന്നും തിരിച്ചുപോയാലോ എന്നും ഞങ്ങൾ പരസ്പരം ചോദിച്ചു. "ഏതായാലും വന്നില്ലേ, കണ്ടു മടങ്ങാം" മജീദും ഹസനും ഞങ്ങളെ നിർബന്ധിച്ചു.

മോഹനും തിമ്മയ്യയും ഞാനും മുന്നിലും, മജീദും ഹസനും പിന്നിലുമായി നടക്കുകയാണ്. പിറകിൽ അവരുടെ കാലടി ശബ്ദം കേൾക്കാം. കുറച്ചുദൂരെ മുന്നിൽ കാണുന്ന കുന്നുകൂടികയറി തിരിച്ചിറങ്ങാമെന്നു മജീദ് പറഞ്ഞു. കുറെ നടന്നു. പിറകിലെ കാലടി ശബ്ദം കേൾക്കാതെ തിരിഞ്ഞു നോക്കിയപ്പോൾ, ഹസനും മജീദും കുനിഞ്ഞിരുന്ന് എന്തോ പരിശോധിക്കുന്നതു കണ്ടു. തിരിച്ചുപോയി കാര്യമെന്താണെന്ന് ചോദിച്ചപ്പോൾ മജീദ് പറഞ്ഞു :

"ഒരാൾ നമുക്കു മുന്നിൽ ഇതിലെ

പോയിട്ടുണ്ട്. അയാളുടെ കാലടികളാണ് ഈ കാണുന്നത് .''

ആ കാലടിപ്പാടുകൾ വീണുകൊണ്ടിരിക്കുന്ന പുത്തൻ മഞ്ഞിൽ മറഞ്ഞുകൊണ്ടിരുന്നു. നദിയെ ലക്ഷ്യം വെച്ചുള്ള ആ കാലടിപ്പാടുകൾ ദിശയിൽ നിന്നു മാറി മാറിയാണ് മുന്നോട്ടു പോയിരിക്കുന്നത് . “ഒന്നുകിൽ അയാൾ രോഗിയാണ്. വേച്ചു വേച്ചു നടന്നു പോയ പോലെയാണ് കാണുന്നത്.'' അവരുറപ്പിച്ചു കഴിഞ്ഞിരുന്നു...

ഉത്സാഹമെല്ലാം ക്ഷയിച്ച് നിരാശയോടെ യാന്ത്രികമായി ഞങ്ങൾ അവർക്കൊപ്പം നടന്നു. ഏതാണ്ട് അരമണിക്കൂറിനുള്ളിൽ ആ കാലടിപ്പാടുകൾ ഏറെ തെന്നിമാറിയതായി ഞങ്ങൾക്കു തോന്നി. പരമാവധി കരുത്തുനിലനിർത്തി മുന്നോട്ടു പോകാനാണ് അയാൾ ശ്രമിച്ചിട്ടുണ്ടാവുക.

പെട്ടെന്നു ഞങ്ങളതു കണ്ടു. ഏകദേശം അമ്പതോളം ചുവട് മാറി, ഒരു മരത്തിൽ ചാരി അയാളിരിക്കുന്നു... തല താഴ്ത്തി, ഒരു കൈപത്തി അടുത്തുള്ള പാറയിൽ വെച്ചിട്ടുണ്ട്. കണ്ണുകളടച്ചിരുന്നു. അയാൾക്കു ചുറ്റും എന്തിനോ തയ്യാറായിരിക്കുന്ന ആറേഴുകഴുകൻമാർ .!!

അവ ഞങ്ങളെക്കണ്ട് പ്രതിഷേധ ശബ്ദമുണ്ടാക്കി. ഞങ്ങൾ അടുത്തുപോയി നോക്കി. ജീവനുണ്ട്. സമയം കളയാതെ ഞങ്ങൾ അയാളെ ബെഡ്ഷീറ്റിൽ കിടത്തി എടുത്ത് സയ്യൂദയിലേക്കു മടങ്ങി.

സയ്യൂദയിലെ പ്രാഥമിക ചികിത്സക്കും ഖുൽനാ ആശുപത്രിയിലെ വിദഗ്ധ ചികിത്സക്കും ശേഷം അയാൾക്ക് സുഖപ്പെട്ടെന്ന് പിന്നീട് അറിയാൻ കഴിഞ്ഞു.

പോലീസ് സ്റ്റേഷനിലേയും ആശുപത്രിയിലേയും രണ്ടു ദിവസങ്ങളിലെ കയറ്റിറക്കങ്ങളോടെ, ഞങ്ങളാഗ്രഹിച്ച മലകയറ്റം സമാപിച്ചു. ഇന്നും ബംഗ്ലാദേശെന്ന് കേൾക്കുമ്പോൾ, ധൂമ്രാൻ കുന്നുകളേയും സയ്യൂദിലെ ടോംഗിയേയും ഓർക്കും. ഒപ്പം മജീദിനേയും ഹസനേയും അവരുടെ ആതിഥ്യമര്യാദകളേയും...

■ലേഖനം

# മറയൂരിലെ മുനിയറകൾ



**ഡോ സുനീത് മാത്യു**
**09486382600**

**മൂ**ന്നാറിൽനിന്നും നാൽപതു കിലോമീറ്റർ യാത്ര ചെയ്താൽ മറയൂരിലെത്താം. കേരളത്തിനെ തമിഴ്നാടിനോട് ബന്ധിപ്പിക്കുന്ന ഒരു ചെറിയ പട്ടണ ഗ്രാമം. തമിഴ്നാട്ടിൽ നിന്നും വരുന്നവർക്ക് ഉദുമൽ പേട്ടയിലിരുന്നും ഇവിടെയെത്താം. ചന്ദനമരങ്ങളുടെ പ്രകൃതിദത്ത വനങ്ങൾക്ക് പേരുകേട്ട പ്രദേശം. ഇവിടെയുള്ളത്ര ചന്ദന മരങ്ങൾ മറ്റെവിടെയും ഉണ്ടാകാനിടയില്ല. അതുപോലെതന്നെ കരിമ്പ് കൃഷിക്കും പേരെടുത്തിരുന്ന പ്രദേശം. മറയൂർ ശർക്കര ഒരിക്കൽ വളരെ പ്രസിദ്ധമായിരുന്നുവല്ലോ.

ചന്ദനവും കരിമ്പുമല്ലാതെ മറയൂരിനെ പ്രസിദ്ധമാക്കുന്ന മറ്റൊന്നുകൂടി ഇവിടെയുണ്ട്. പുരാതന കാലഘട്ടത്തിലേക്ക് വെളിച്ചം വീഴ്ത്താൻ അനന്ത സാധ്യതകളുള്ള മുനിയറകളാണവ. മുനി, അറ എന്നീ രണ്ടുവാക്കുകൾ ചേർന്നാണ് ഈ പദം ഉണ്ടായിരിക്കുന്നത്. മുനി എന്നാൽ സന്യാസി എന്നും, അറ എന്നാൽ ചെറിയ മുറി എന്നുമാണല്ലോ അർത്ഥം. മുനിയറകൾ യഥാർത്ഥത്തിൽ ചെറിയ മുറികൾ തന്നെയാണ്.

നീളം കൂടിയ രണ്ടു കല്ലുകളും, അത്ര നീളമില്ലാത്ത രണ്ടുകല്ലുകളും ചേർത്ത് ചതുരാകൃതിയിൽ നിർമ്മിച്ചിരിക്കുന്ന ഭിത്തി. അതിന്റെ മുകളിൽ എടുത്തുവച്ചിരിക്കുന്ന മറ്റൊരു കല്ലാണ് മേൽക്കൂര. ചെറിയ ഭിത്തികളിൽ ഒന്നിൽ ഒരു ദ്വാരവുമുണ്ടാകും. ഒരാൾക്ക് നീണ്ടു കിടക്കുവാൻ വേണ്ട സ്ഥലമുണ്ടാകും ഉൾവശത്തിന്. ഇവിടെ ധാരാളമായി കണ്ടുവരുന്ന ഗ്രാനൈറ്റ് കല്ലുകൾ കൊണ്ടാണ് നിർമ്മാണം. കല്ലുകൾ വേണ്ടവിധം പോളിഷ് ചെയ്യാത്തതുകൊണ്ട് തിളക്കമില്ല എന്ന് മാത്രം. ഇത് നിർമ്മിച്ചിരിക്കുന്ന കാലമാണ് ഇതിന്റെ പ്രസക്തി. ഇതൊരു യുഗത്തിന്റെ അവശിഷ്ടമാണ്. മഹാശിലായുഗത്തിലെ (മെഗാലിത്തിക് ഏജ്) നിർമ്മിതിയാണിത്. ബി സി യിലും എ ഡി ആദ്യ നൂറ്റാണ്ടുകളിലുമായി





രിക്കണം ഇത് നിർമ്മിച്ചിരിക്കുക. ഇത്രയും പഴക്കമുള്ള ഒരു നിർമ്മിതി കാണുക എന്നതുതന്നെ നിർവൃതി പകരുന്ന ഒരനുഭവമാണ്. അപ്പോൾ ഇതിനെക്കുറിച്ച് പഠനം നടത്തുന്നവർക്ക് ഇതിന്റെ പ്രാധാന്യം എത്രയായിരിക്കും.

എന്നാൽ പല അറകളും ഇന്ന് തകർന്നു തുടങ്ങിയിരിക്കുന്നു. ഇത് തകർക്കുന്നതിൽ സാമൂഹ്യ വിരുദ്ധരുടെ പങ്കും ചെറുതല്ല. കാലങ്ങളെ അതിജീവിച്ച ഈ അറകൾ നശിപ്പിക്കപ്പെടാതെ സംരക്ഷിക്കുന്നതിൽ ഭരണകൂടം പരാജയപ്പെടുന്നുണ്ട്. ഇതിൽ ഒരു മല ഖനനത്തിന് നൽകുക പോലുമുണ്ടായത്രേ. ഏതൊക്കെയോ കോടതിവിധിയുടെ ആനുകൂല്യത്തിൽ ഇപ്പോൾ കുറെയൊക്കെ നമുക്ക് കാണുവാൻ വേണ്ടി നില കൊള്ളുന്നു. ഇത് സംരക്ഷിച്ചു നിറുത്തേണ്ടത്, ചരിത്ര ഗവേഷണത്തിന് അത്യന്താപേക്ഷികമാണ്. കാരണം ഇവ ശിലായുഗ ശേഷിപ്പുകളാണ്.

മറയൂരിൽ പലയിടങ്ങളിലും മുനിയറകൾ കാണാം. കൂടുതലായി കാണുന്നത് മുരുകൻ മലയിലും, പാമ്പാറിന്റെ കരയിലുള്ള ആനപ്പാറ മലയിലുമാണ്. മുനികൾ പ്രാർത്ഥിച്ചിരുന്നതോ, ജീവിച്ചിരുന്നതോ ആകാം ഇത്തരം അറകൾ. അതുപോലെ മരണാനന്തരം അവരെ അടക്കം ചെയ്തതുമാകാം. അല്ലെങ്കിൽ ഈ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ഉപയോഗിച്ചിരുന്നിരിക്കാം. ഒരുപക്ഷേ ബുദ്ധ സന്യാസിമാരായിരിക്കാം ഇവരെല്ലാം. ഇതെല്ലാം ഗവേഷണങ്ങൾ നടത്തി സ്ഥിതീകരിക്കേണ്ടവയാണ്.


ഇത്തരത്തിലുള്ള ശിലായുഗ ചരിത്രാവശിഷ്ടങ്ങൾ ധാരാളമായി കണ്ടെത്തിയിട്ടും അത് ഫലപ്രദമായി സംരക്ഷിക്കുവാൻ കഴിയാത്തത് എന്നെ കുറച്ചൊന്നുമല്ല അത്ഭുതപ്പെടുത്തുന്നത്. ഇതിന് ആവശ്യമായ പ്രാധാന്യം കൊടുത്തു സംരക്ഷിക്കുകയാണെങ്കിൽ ഇത് ചരിത്രത്തിനും വിനോദ സഞ്ചാരത്തിനും മുതൽക്കൂട്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.

NB : മുനിയറകൾ ഇംഗ്ളീഷിൽ Dolmenoid cists എന്നറിയപ്പെടുന്നു. ലോകത്തിന്റെ പലകോണുകളിലും ഇത്തരം അറകൾ കണ്ടെത്തിയിട്ടുണ്ട്. അവയെല്ലാം നല്ല രീതിയിൽ സംരക്ഷിക്കപ്പെടുന്നുമുണ്ട്.

■ആരോഗ്യം

# കുഷിങ്ങ്സ് ഡിസീസ്

## (Cushing's Disease)



**ഡോ. സി. രാമകൃഷ്ണൻ**
**9447358663**

**ഒ**രു അസാധാരണ രോഗമാണ് ഇത്. ഈ അസുഖം അധികവും കണ്ടുവരുന്നത് സ്ത്രീകൾക്കാണ്. ഇസെങ്കോ (Itsenko), കുഷിങ്ങ് (Cushing) എന്നീ ഭിഷഗ്വരന്മാരാണ്, ഈ അസുഖം വൃക്കയിലെ അഡ്രിനൽ ഗ്രന്ഥിയുടെ ACTH (Adrenocorticotrophic Hormone) എന്ന ഹോർമോണിന്റെ അമിതസ്രാവം മൂലം തലച്ചോറിലെ ഹൈപോത്തലാമസ്സിനേയും (Hypothalamus) പിറ്റ്യൂട്ടറി (Pituitary) ഗ്രന്ഥിയുടെ ഒരുവശത്തേയും ബാധിക്കുന്നതുമൂലമാണ് എന്ന് സ്ഥിരീകരിക്കപ്പെട്ടത്. സുമാർ ഇരുപതിന്റേയും നാല്പതിന്റേയും വയസ്സിന്നിടയിലുള്ള സ്ത്രീകൾക്കാണ് ഈ അസുഖം കണ്ടുവരുന്നത്. ഇത് വളരെ ദീർഘകാലം നീണ്ടുനിൽക്കുന്നതുമൂലം ഒരുപക്ഷെ അർബുദ രോഗത്തിന് സാധ്യതയുള്ളതും തന്മൂലം മരണത്തെ പ്രാപിക്കുവാനും സാദ്ധ്യത ഏറെയാണ്. തലവേദന, ക്ഷീണം, ഉറക്കം തൂങ്ങൽ, ശരീരത്തിന്റെ തൂക്കം കൂടുക, അസ്ഥികളിലെ വേദന, ലൈംഗിക താല്പര്യക്കുറവ്, ആർത്തവ വ്യതിയാനം, മുഖം വൃത്താകൃതിയും ഇളം നീലയും ചുവപ്പും കലർന്ന നിറമാവുക, മുഖത്തും ഇടുപ്പിന്നുമുകൾ ഭാഗത്തും കൊഴുപ്പു നിറയുക (എന്നാൽ ഇടുപ്പിന്നു താഴെ മാറ്റം ഒന്നും ഉണ്ടാവുകയില്ല) ഉയർന്ന രക്തസമ്മർദ്ദം ഹൃദയ പേശികൾക്ക് വീക്കം, ഹൃദ്രോഗം, വൃക്കകളെ ബാധിക്കുന്നത് മൂലം മൂത്രത്തിൽ രക്തത്തിന്റെ അംശം, പ്രോട്ടീൻ എന്നിവ കാണുക, കൂടാതെ പ്രമേഹ രോഗം എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ. ഇതിന്നുപുറമെ പുരുഷസ്വഭാവം (Virilism) ഒരു പ്രധാനലക്ഷണമാകുന്നു. സമയോചിത ചികിത്സകൾ എടുക്കുന്നതുമൂലം രോഗത്തെ നിയന്ത്രിക്കാനാവും. രോഗലക്ഷണത്തെ ആധാരമാക്കിയുള്ള ചികിത്സ ആകയാൽ, ഹോമിയോ ചികിത്സ പരീക്ഷിക്കാവുന്നതാണ്.

# ഭാരതീയം

(ഭാഗം – 1)

**അ**യ്യായിരം വർഷം മുമ്പ് ഉയർന്ന ഒരു സംസ്കാരം സിന്ധു നദിയുടെ പല ഭാഗങ്ങളിലായി നിലനിന്നിരുന്നു എന്ന യാഥാർത്ഥ്യം ഒഴിച്ചുനിർത്തിയുള്ള ഇന്ത്യനിസം എന്ന പഠനം അപൂർണ്ണമായിരിക്കും. കാരണം, ഇന്ത്യനിസത്തിന്റെ തായ് വേര് സിന്ധുനദീതട സംസ്കാരത്തിലാണ്. ഈ സംസ്കാരം മറ്റേതൊരു പഴയ സംസ്കാരത്തിനോടും ഒപ്പം നിൽക്കാൻ ശക്തിയാർജ്ജിച്ചതാണ്. ഏതൊരു സംസ്കാരത്തിന്റേയും ശക്തി അതിന്റെ ബാഹ്യപ്രകടനമായ പരിഷ്കാരത്തിൽ കണ്ടെത്താനാവും.

സിന്ധുനദീതട സംസ്കാരത്തിലുണ്ടായിരുന്ന മികച്ച നഗരാസൂത്രണപദ്ധതികൾ, കെട്ടിടങ്ങൾ, റോഡുകൾ, ആരേയും അത്ഭുതസ്തബ്ധരാക്കുന്ന ജലമാലിന്യ നിർഗ്ഗമന പദ്ധതി, 180 അടി നീളവും 108 അടി വീതിയും 7 അടിയോളം ചുവടുള്ള ചുറ്റുമതിലോടും അതിന്റെ പകുതി വലിപ്പമുള്ള ഉൾമതിലോടും എട്ട് അടി ആഴത്തിലും 39 അടി നീളത്തിലും 23 അടി വീതിയിലുമുള്ള ടാങ്കും പടവുകളും, വിവിധ ഭാഗത്തുള്ള മുറികളും ആധുനികസാങ്കേതിക വിദ്യയോട് കിടപിടിക്കുന്ന 'ഗ്രെയിറ്റ് ബാത്ത്' മോഹൻജദാരോയിൽ ഉൾഖനനം നടത്തിയപ്പോൾ കണ്ടതാണ്. അതേപോലെ ഹാരപ്പായിലെ കളപ്പുരയും ആരേയും അത്ഭുതപ്പെടുത്തും. 169 അടി നീളം 135 അടി വീതിയുള്ള കളപ്പുരകളുടേയും ഇടയ്ക്ക് 23 അടി വീതിയിലുള്ള നടപ്പാത, ഓരോന്നിനും തുല്യവലിപ്പമുള്ള നാലറകൾ ! ചെമ്പ്, വെള്ളി, പിത്തള, ദന്തം ഇവയുടെ ഉപയോഗം ശരിക്കും അറിഞ്ഞിരുന്ന ദേശവാസികൾ, ലോഹസംസ്കരണത്തിൽ കേമന്മാരായിരുന്നു എന്ന് നിസ്സംശയം പറയാം. ഇവരുടെ മതം ഏതായിരുന്നു എന്നു ചോദിച്ചാൽ പറയാവുന്നത് ഇവർ പ്രകൃതിയേയും അമ്മദേവിയേയും ആരാധിച്ചിരുന്നവരായിരിക്കണമെന്നാണ്. മൃഗങ്ങളാൽ ചുറ്റപ്പെട്ട പശുപതിയുടെ ചിത്രവും അനവധി സ്ത്രീകളുടെ ചിത്രവും ഇവർ fertility cultൽ (ലിംഗയോനീപൂജയിൽ) വിശ്വസിച്ചിരുന്നു എന്ന് അനുമാനിക്കാൻ വക നൽകുന്നു. അയ്യായിരം വർഷം മുൻപ് ഒരു പ്രത്യേക വിശ്വാസം മതമെന്ന പേരിൽ ഉണ്ടാകാൻ വഴിയില്ല. അന്നുള്ള ആദിവാസികൾക്ക് മതമേത് മതമല്ലാത്തത് ഏത് എന്ന് തിരിച്ചറിയാൻ കഴിഞ്ഞിരുന്നു എന്ന അഭ്യൂഹവും യുക്തിക്ക് നിരക്കുന്നതല്ല.



**പ്രൊഫ. വി. കെ. എം. നായർ**
**0491 – 2501782, 9497504782**

പൗരസ്ത്യ സംസ്കൃതിയുടെ ഒരു പ്രധാന പ്രഭവസ്ഥാനമാണ് സിന്ധുനദീതട സംസ്കാരം. 5000 വർഷം മുമ്പ് സിന്ധുനദീതടത്തിൽ ജീവിച്ചിരുന്നവർക്ക് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ വിവിധ പ്രദേശങ്ങളുമായി അടുത്ത ബന്ധമുണ്ടായിരുന്നു. പല സ്ഥലത്തും പല വാഹനങ്ങൾ ഉപയോഗിച്ചെത്താനും വിലയേറിയ ലോഹങ്ങൾ സംഭരിക്കാനും അവർ ശ്രമിച്ചിട്ടുണ്ടാവാം. അവരുണ്ടാക്കിയ ആഭരണങ്ങളും പലേ ലോഹങ്ങൾ ഉരുക്കി ഒരുമിപ്പിച്ചുണ്ടാക്കിയ ഉപകരണങ്ങളും അതിന് തെളിവാണ്. പ്രകൃതിക്ഷോഭത്താലോ വിദേശ ആക്രമണത്താലോ അവർ സിന്ധുനദീതടം ഉപേക്ഷിച്ച് ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ അഭയം തേടിയിരിക്കാനാണ് സാദ്ധ്യത. അവരുടെ എഴുത്ത് ഇന്നുവരേയ്ക്കും ആരും കൃത്യമായി വ്യാഖ്യാനിക്കപ്പെടാത്ത അവസ്ഥയിൽ അവരെക്കുറിച്ചുള്ള അറിവ് പരിമിതമായി തുടരുന്നു.

ഇന്ത്യ ഒട്ടാകെ നിയന്ത്രിക്കാൻ ശക്തമായ ഒരു രാജഭരണം പണ്ടൊന്നും ഇല്ലാതിരുന്ന അവസ്ഥയിൽ ഇന്ത്യയിലേക്ക് പലരും കുടിയേറ്റം നടത്തിയിട്ടുണ്ട്. അക്കൂട്ടരിൽ പ്രഥമസ്ഥാനത്താണ് ഇൻഡോ ആര്യൻസിനുള്ളത്. യൂറൽ – ആൾട്ടായ് പ്രദേശത്ത് വസിച്ചവരിൽ ഒരു കൂട്ടർ, ആ പ്രദേശം വിട്ട് ബാൾക്ക് പ്രദേശത്ത് കുടിയേറ്റം നടത്തിയതായും ഇവിടെവച്ച് ബാൾക്ക് പ്രദേശവാസികളായിരുന്നവരോടൊത്ത് വളരെക്കാലം താമസിച്ചശേഷം അവർ രണ്ടായി പിരിഞ്ഞ് ഒരുകൂട്ടർ ഇപ്പോൾ ഇറാൻ എന്ന് പറയപ്പെടുന്ന ഭാഗത്തേക്കും മറ്റൊരു കൂട്ടർ സിന്ധുനദീതട ഭാഗത്ത് എത്തിയെന്നുമാണ് അഭ്യൂഹം. രണ്ട് കൂട്ടരുടേയും ഭാഷാപഠനം അടിസ്ഥാനമാക്കിയാണ് അഭിജ്ഞർ ഇങ്ങനെ ഒരു നിഗമനത്തിൽ എത്തിയിട്ടുള്ളത്. (Paper XIviii Ed's preface. The Cultural Heritage of India Vol. 1) Indo Aryans നെക്കൂടാതെ അസ്സീറിയൻസ്, ബാബിലോണിയൻസ്, പേർഷ്യൻസ്, സൈതിയൻസ്, ഗ്രീക്ക്സ്, പാർത്തിയൻസ്, ടർക്സ്, അർമേനിയമൻസ്, പോർട്ടുഗീസ്, ഫ്രെഞ്ച്, ഇംഗ്ലീഷ്, ഡച്ച് എലമെന്റ് തുടങ്ങി പല ദേശക്കാർ ഇന്ത്യയിൽ പലപ്പോഴായി വന്നിട്ടുണ്ട്. പലരും വ്യാപാര സംബന്ധമായോ മറ്റേതെങ്കിലും ഉദ്ദേശത്തോടെയോ ആണ് ഇന്ത്യ ഉപഭൂഖണ്ഡത്തിൽ എത്തിയത്. അവരിൽ പലരും ഇന്ത്യനിസത്തിന് വളരെ വിലപ്പെട്ട സംഭാവനകളും നൽകിയിട്ടുമുണ്ട്. ഇവരെല്ലാം ഇന്ത്യൻ സംസ്കാരസാഗരത്തിൽ ലയിച്ചുചേർന്ന പല തുള്ളികളാണ്. ഇവരുണ്ടാക്കിയത് വെറും ഒരു മിശ്രിതമല്ല. രാസമിശ്രിതമെന്നുവേണം പറയാൻ.

ഇൻഡോ ആര്യൻസ് ഏത് വർഗ്ഗത്തിൽപ്പെടുന്നു എന്നത് അപ്രസക്തം. പക്ഷേ, ഇൻഡോ ആര്യൻസ് രൂപപ്പെടുത്തിയ സംസ്കൃത ഭാഷയിലാണ് ഇൻഡ്യനിസത്തിന്റെ ഭാഗമായ തത്ത്വശാസ്ത്രവും, സാഹിത്യവുമെല്ലാം. സംസ്കൃതം ഇൻഡോ യൂറോപ്യൻ ഭാഷ ആണെന്നതും അനിഷേധ്യം തന്നെ. സംസ്കൃതത്തിന്റെ പ്രേരണയാൽ ഇന്ത്യയിൽ മറ്റനേകം ഭാഷകളുണ്ടാകുകയും സംസ്കൃതത്തിന് അവഗണന സംഭവിക്കുകയും ചെയ്തു എന്നത് ഒരു ദുഃഖവാർത്തയാണ്. ഇൻഡോ യൂറോപ്യൻ ഭാഷകളിൽ ഇംഗ്ലീഷും,

ഫ്രെഞ്ചും, ജർമ്മനും, ലാറ്റിനും, ഗ്രീക്കും എല്ലാം പെടുന്നപോലെ സംസ്കൃതവും പെടുന്നു. സംസ്കൃതം ഒരു പ്രത്യേക വർഗ്ഗത്തിന്റെ ഭാഷയായി കാണാനുള്ള ശ്രമവും അശാസ്ത്രീയമാണ്. സംസ്കൃതം ഒരിന്ത്യൻ ഭാഷയായിട്ടും സംസ്കൃതസാഹിത്യം ഇന്ത്യൻ സാഹിത്യമായിട്ടും വീക്ഷിക്കുന്നതാവും ഉചിതം.

സംസ്കൃതഭാഷയുടെ പ്രധാന സംഭാവനയാണ്, വേദങ്ങളും ബ്രാഹ്മണങ്ങളും, ആരണ്യകങ്ങളും ഉപനിഷത്തുകളും, സ്മൃതികളും ഇതിഹാസങ്ങളുമെല്ലാം, 'വേദ' എന്ന പദത്തിനർത്ഥം അറിവ് എന്നാണ്, വേദങ്ങൾ ഋഗ്, യജുർ, സാമ, അഥർവ്വ എന്നിവയാണ്. വേദങ്ങൾ ഋഷി പ്രോക്തങ്ങളാണ്. സംവത്സരങ്ങളോളം വായ്മൊഴി സമ്പ്രദായത്തിലൂടെ ബ്രാഹ്മണർ അത് നിലനിർത്തിപ്പോന്നു. ഋഗ്വേദത്തിൽ 1028 സൂക്തങ്ങളാണുള്ളത്. പ്രപഞ്ച ശക്തികളെ വാഴ്ത്തുന്ന ഭക്തിഗാനങ്ങളും ആചാരാംശങ്ങളും താത്വികവശങ്ങളും അടങ്ങിയതാണ് ഋഗ്വേദം. അഥർവ്വവേദം ഭിന്നാത്മക മന്ത്രങ്ങളുടെ സംഗ്രഹമാണ്. യജുർ, സാമവേദങ്ങൾക്ക് ബലികർമ്മങ്ങൾ (യജ്ഞം) നടത്തേണ്ട ആചാരമുറകൾക്കാണ് പ്രാധാന്യം. ബ്രാഹ്മണങ്ങളിലാണ് കൃത്യമായും ആചാരമുറകൾ വിധിച്ചിരിക്കുന്നത്. ആരണ്യകങ്ങൾ ഉപാസനാകാണ്ഡം എന്നാണറിയപ്പെടുന്നത്. പ്രാർത്ഥന നടത്തേണ്ട വിധം സൂചിപ്പിക്കുന്നതാണ് ആരണ്യകങ്ങൾ. ഉപനിഷത്തുകൾ ജ്ഞാനകാണ്ഡമാണ്. ആത്മീയതയെ കൂടുതൽ ബുദ്ധിപരവും യുക്തിസഹവുമാക്കുകയാണ് ഉപനിഷത്തുകളുടെ ലക്ഷ്യം. ഋഗ്വേദമാണ് എല്ലാ വേദങ്ങൾക്കും അടിസ്ഥാനമായുള്ളത്.

ഇന്ത്യനിസം ആത്മീയതയുടെ പര്യായമാണ്, മൂല്യങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഇൻഡ്യനിസത്തിന്റെ സത്ത, സ്വത്തിനായാലും (അർത്ഥ), സന്തോഷത്തിനായാലും (കാമ), ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ അടിസ്ഥാന ഊന്നൽ ധർമ്മത്തിലാണ്. (തിരുവള്ളുവരുടെ തിരുക്കുറൾ വായിക്കുക). ധർമ്മമെന്നതിൽ സാധാരണജീവിതത്തിന്റെ പ്രധാന ഘടകങ്ങളെല്ലാം ഉൾപ്പെടുന്നു, നിയമം, സദാചാരം, സാന്മാർഗ്ഗികത, മനോവീര്യം (ആത്മവീര്യം), തത്ത്വജ്ഞാനം, കർമ്മം, നന്മ എല്ലാത്തിനുമുപരി, അറിവും ധർമ്മത്തിന്റെ ഭാഗം തന്നെ. ഒരു സമുദായത്തെ, ഒരു രാജ്യത്തെ തന്നെ താങ്ങി നിർത്തുന്ന വൻതൂണാണ് ധർമ്മം. I am pleasure, unopposed to dharma എന്നാണ് ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ പറയുന്നത്. (ധർമ്മാ വിരുദ്ധോ ഭൂതേശു കാമോസ്മി vii, II) മനുഷ്യനായി ജനിച്ചാൽ മനുഷ്യനേക്കാൾ ഉയർന്ന നിലയിലെത്താനാവണം ശ്രമം വേണ്ടത്. ഒരു സൂപ്പർമാൻ ആകുകയാവണം ലക്ഷ്യം. ദൈവത്തോളം ഉയരുക എന്നായാലും ഇൻഡ്യനിസത്തിന് അത് എതിരല്ല, മനുഷ്യനിലുള്ള ദൈവികാംശത്തെ സ്വയമറിയുക എന്നതാവട്ടെ ജീവിതലക്ഷ്യം. 'Man is not destined to end as man !' വർഷത്തിനുമുമ്പ് ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് മഹാത്മാക്കളുടെ ജീവിതം, തിരുക്കുറളിന്റെ കർത്താവായ തിരുവള്ളുവരും, ശ്രീബുദ്ധനും, ചക്രവർത്തിയായിരുന്ന അശോകനും സാഹിത്യചക്രവർത്തിമാരായ കാളിദാസനും, രബീന്ദ്രനാഥ ടാഗോറും, മഹാത്മരിൽ മഹാനായ മഹാത്മജിയും ആത്മീയപ്രഭുക്കളായ രാമകൃഷ്ണ പരമഹംസനും വിവേകാനന്ദനും അരബിന്ദോയുമെല്ലാം സൂപ്പർമെൻ വിഭാഗത്തിൽപ്പെടുന്നവരാണ്.

A faith of one god or 330 million gods ? ചോദ്യം പാശ്ചാത്യരുടേതാണ്. The History of Religion' page 62 Hinduism, by K Farrington) സങ്കല്പങ്ങൾ പ്രതീകങ്ങളാണെന്നറിയാനുള്ള സാമാന്യബുദ്ധിയും ആത്മീയ ശക്തിയും ഉള്ളവരാണ് ഇന്ത്യക്കാർ ! വളരെ പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും, ഇന്ത്യക്കാർ ഒന്നാണെന്ന് ലോകത്തിനെ അറിയിക്കാൻ കഴിഞ്ഞു എന്നത് ഇന്ത്യനിസത്തിന്റെ നേട്ടമല്ലെ? ആത്മീയത കൂടാതുള്ള മനുഷ്യജീവിതം ആഗോളതലത്തിൽ എന്നും രക്തരൂക്ഷിത മത്സരങ്ങളുടെ, മതമൗലികതയുടെ ശവപ്പറമ്പാകും. പരസ്പരസ്നേഹത്തിലധിഷ്ഠിതമല്ലാത്ത ഭൗതിക ജീവിതം വെറുമൊരു ശവപ്പറമ്പായി മുഴുവൻ ലോകത്തെ മാറ്റും.

ഇന്ത്യനിസത്തിന്റേതായി ലോകമറിയേണ്ട മറ്റൊരു കാര്യം, സ്ഥിതി സമത്വം ഭൗതികമല്ല ആത്മീയമാണ് എന്നാണ്. ഭൗതിക സ്ഥിതി സമത്വം ഒരു പ്രഹേളിക മാത്രമാണ്. ആത്മാവിനെ വിവിധ അറകളിലാക്കി ഓരോ അറയ്ക്കും ഒരുനാഥനെ വെച്ചുള്ള പുരോഹിത ഭരണരീതിയോ, രാഷ്ട്രീയ കക്ഷികളുടെ ഭരണരീതിയോ അല്ല ആത്മീയ നേട്ടത്തിനാവശ്യമായത്. വ്യക്തി സ്വാതന്ത്ര്യമാണ് ആത്മീയതയുടെ മർമ്മമായ സിദ്ധാന്തം. വ്യക്തിയുടെ വളർച്ചയ്ക്കും വ്യക്തി ഉൾപ്പെടുന്ന സമുദായത്തിന്റെ, രാജ്യത്തിന്റെ വളർച്ചയ്ക്കും സ്വാതന്ത്ര്യം അനുപേക്ഷണീയമാണ്. സംസ്കാരവും പരിഷ്കാരവും ബന്ധപ്പെട്ട ആശയങ്ങളാണ്. അവയ്ക്ക് രണ്ടിനും സ്വാതന്ത്ര്യം അത്യന്താപേക്ഷിതം തന്നെ.

ഇന്ത്യൻ 'ആത്മീയത' ഇന്നും യൂറോപ്യൻസിനെ സംബന്ധിച്ചിടത്തോളം ഒരു മരീചിക പോലാണ്. ആത്മീയത ഗ്രഹിക്കാനോ, ഉൾക്കൊള്ളാനോ തയ്യാറാകാത്ത ബ്രിട്ടീഷ് സംസ്കാരം ഇന്ത്യനിസത്തിന്റേതായ എല്ലാം, സംഗീതം, നാടകം, മറ്റ് കലാസൃഷ്ടികൾ, തത്ത്വശാസ്ത്രം, പാരമ്പര്യം ഒക്കെ തിരസ്ക്കരിക്കുക അവരുടെ സമീപനം ആയി മാറ്റിയിരിക്കുന്നു. പെട്ടെന്നുണ്ടായ ശാസ്ത്രീയ, വ്യവസായിക പുരോഗതി അവരെ അന്ധരാക്കിയെന്ന് വേണം കരുതാൻ. അതോടൊപ്പം വളർന്ന ദുരഭിമാനവും, രാഷ്ട്രീയ ശക്തിയും എന്തിനേയും ഏതിനേയും ചോദ്യം ചെയ്താലെ അവരുടെ അസ്തിത്വം കൂടുതൽ ശക്തമാക്കാൻ കഴിയൂ എന്ന വിശ്വാസം വളരുകയും ചിന്തയിലൂടല്ലാതുള്ള സാമാന്യവൽക്കരണത്തിന് അവർ മുതിരുകയും ചെയ്തു എന്നതാണ് യാഥാർത്ഥ്യം. ഇന്ത്യനിസം എന്തെന്നറിയാൻ ഇന്ത്യയുടെ ആത്മാവിലേക്ക് തന്നെ ചെന്നെത്തണം. അതിനുവേണ്ടിയുള്ള കൂട്ടായ ശ്രമമാണ്, ആത്മീയാധിഷ്ഠിത ഭൗതികജീവിതം. ഇന്ത്യക്കാർ ഇ

■ ലേഖനം


ന്ന് പാലിക്കേണ്ടതും, പരിപോഷിപ്പി ക്കേണ്ടതും അതാണ്. അറിവ് ഖുറാനിൽ നിന്നായാലും ബൈബിളിൽ നിന്നായാലും ഭഗവദ്ഗീതയിൽ നിന്നായാലും സ്വീകാര്യമാണെന്ന വിശാല മനസ്കത വളർത്താനാണ് ഇന്ത്യക്കാർ ശ്രമിക്കേണ്ടത്. മതമൗലികവാദം സംസ്കൃതിയുടെ ഉന്നമനത്തിന് ഗുണകരമല്ല. പരസ്പര സ്നേഹത്തിലധിഷ്ഠിതമായ കൂട്ടായ ജീവിതമാണ് നാം സ്വീകരിക്കേണ്ടത്.

നിങ്ങൾ ഹിന്ദുവല്ല, മുസൽമാനുമല്ല, ക്രിസ്ത്യനുമല്ല, നിങ്ങൾ ഒരു മനുഷ്യൻ മാത്രം, ദൈവത്തെ ഹൃദയത്തിൽ സൂക്ഷിക്കുന്ന മനുഷ്യൻ. മാർക്സിസത്തിന്റെ മേലങ്കി അണിഞ്ഞുകൊണ്ട് മനുഷ്യൻ മനുഷ്യനല്ലാതാവുന്നില്ല. മനുഷ്യരെ സ്നേഹിക്കുന്നതിലൂടെ നിങ്ങൾ മനുഷ്യനാണെന്ന് സ്വയം പ്രഖ്യാപിക്കുന്നു. ഓരോ മനുഷ്യനിലും ദൈവമുണ്ടെങ്കിൽ, ആ ദൈവത്തെ അറിയുക എന്നതാവണം ലക്ഷ്യം. അതിനായി ജാതി തിരിച്ചുള്ള കർമ്മം ആശാവഹമല്ല. നിങ്ങൾ ബുദ്ധിമാനാണെങ്കിൽ ബുദ്ധിക്കനുസൃതമായ കർമ്മം ചെയ്യാൻ നിങ്ങൾ ബാദ്ധ്യസ്ഥനാണ്. മനുഷ്യസൃഷ്ടികളായ ജാതിയും മതവും അതിൽ കൈകടത്തേണ്ടതില്ല. പ്രതിഫലേച്ഛ കൂടാതെ നിങ്ങൾക്ക് കർമ്മം ചെയ്യാനും നാടിന്റെ സംസ്കൃതിക്ക് വിലപ്പെട്ട സംഭാവന ചെയ്യാനും കഴിയണം.

(തുടരും)

■ കവിത

# രാഷ്ട്രീയം





ഉണ്ണിവിശ്വനാഥ്
9895555393

നോട്ടത്തിലുള്ള തീവ്രത
പ്രവൃത്തിയിൽ വന്നപ്പോഴാണ്
നീ, കൊലപാതകിയും
ഞാൻ, ശവമായും മാറിയത്

ഇതിനുമാത്രം നിന്നിലും
എന്നിലുമെന്തെന്നറിയില്ല
വാക്കുകൾ പാതിയിൽ മുറിച്ച്
ഞാനകലേണ്ടതായിരുന്നു

വാളുതന്നു നിന്നെ വിടുമ്പോഴും
വാക്കു നൽകിയെന്നെ വിടുമ്പോഴും
അവർ പറഞ്ഞിരുന്നില്ല
കുടുംബം അനാഥമാകുമെന്ന്

എനിക്കിനി മടക്കമില്ല ജീവിതവും
നിനക്കു മടക്കമുണ്ടാവും
വെറുപ്പിന്റെ കറുത്തകാലം തള്ളി
നീക്കാനായ് മാത്രമൊരു ജീവിതവും

നീ മടങ്ങുമ്പോൾ ഈ വഴി വരണം
തിരഞ്ഞലയേണ്ടതില്ല
നഗരത്തിന്റെ നടുവിലല്ലാതെ
ഒഴിഞ്ഞ്, എന്റെ മണ്ഡപമുണ്ടാവും

ഇപ്പോഴാരും ഈ വഴി വരാറില്ല
ഇനിയെന്റെ വാക്കുകളസ്ത്രങ്ങളായ്
തെരുവുകളിലെ
തിർപ്പായുയരില്ലല്ലോ
ഞാനിന്ന് ചില്ലുകൂട്ടിലെ
ചിത്രം മാത്രം

നീ വരാതിരിക്കില്ലെന്നറിയാം
ഞാൻ കാത്തിരിക്കതന്നെ ചെയ്യും
വെറുക്കാൻ മാത്രം പിരിയും വരെ
എന്നിലും, നിന്നിലുമെന്ത്


ഒരു ദുഖം മാത്രമെനിക്ക്
നീ കൊന്നതുകൊണ്ട് മാത്രം
ഇന്നെനിക്കൊരു മണ്ഡപമുണ്ട്
രക്തസാക്ഷിയെന്ന പുതുനാമവും

നിനക്കുറങ്ങാൻ ആറടി
മണ്ണില്ലാത്ത ദാരിദ്ര്യം മാത്രം
എന്റെ മണ്ഡപത്തിലേക്ക്
നിന്നെ ക്ഷണിക്കാനാവില്ലല്ലോ
എനിക്ക്

അതിനായൊരാൾ മുന്നിട്ടു വന്നാൽ
ഇനിയുമൊരു മണ്ഡപമുയരും
തെരുവിന്റെ മറ്റൊരു മൂലയിൽ
ഒരു കുടുംബം അനാഥവും

■ ദൈവനാമത്തിൽ

# നമുക്ക് പ്രവർത്തിയ്ക്കാം



മുഹമ്മദ് കനി
8086293957

സമ്പത്തും സകലവിധ സൗഭാഗ്യങ്ങളും, മാതാപിതാക്കൾ, ഭാര്യാസന്താനങ്ങൾ, ബന്ധുമിത്രാദികൾ ആരോരും തന്നെ സഹായിയ്ക്കാനില്ലാത്ത ഒരുദിവസം നാമോരോരുത്തരുത്തരും നേരിടേണ്ടി വരും. അന്ന് നമ്മെ സഹായിയ്ക്കാനുണ്ടാവുന്നത് നമ്മുടെ സത്ക്കർമ്മങ്ങൾ മാത്രം. ആ ദിവസത്തിനുവേണ്ടി കരുതലോടെ നമുക്ക് പ്രവർത്തിയ്ക്കാം.

ദൈവത്തിനു സ്തുതി ●

നിസ്വാർത്ഥതയാണ് ദൈവം.
ദൈവത്തെ
ആരാധിക്കുവാനായി നിങ്ങൾ
ഒരു ക്ഷേത്രം പണിതേക്കാം.
പക്ഷെ അതിനേക്കാൾ
മികച്ചൊരു ക്ഷേത്രം ആദ്യമേ
നിലനിൽക്കുന്നു.
നമ്മുടെ മനുഷ്യശരീരം.
**-സ്വാമി വിവേകാനന്ദൻ-**



# ബാല്യം

രാജൻ കിണറ്റിൻങ്കര
8691034228

ഓട്ടക്കീശയാണ്
മാസാവസാനം
പഴയ കാക്കി
ട്രൗസർ പോലെ

നടുറോഡിലൂടെ
നിർത്താതെ ഓട്ടം
ഓഫീസെത്താൻ
സ്കൂളിലേക്കെന്നപോലെ

വഴിവക്കിലെ
കണ്ണിമാങ്ങകൾക്ക്
കണ്ണേറിയും
കല്ലേറിഞ്ഞ ഓർമ്മയിൽ

മഴ കൊണ്ട്
കുതിരും
വണ്ടിയുടെ
ഫുട്ബോർഡിൽ
കീറക്കുടപോലെ

പോക്കറ്റിൽ
ഗോട്ടികൾക്ക് പകരം
*ഗോലി* കളുണ്ട്

ഗോട്ടികളിച്ചത്
ഭക്ഷണശേഷം
*ഗോലി* കഴിക്കേണ്ടതും
ഭക്ഷണശേഷം


ടീച്ചറുടെ
വഴക്കിനു മുന്നിൽ
തലതാഴ്ത്തി നിന്നിരുന്നു
ഇപ്പോൾ
ബോസിന്റെ മുന്നിൽ

ഒന്നും മാറിയിട്ടില്ല
എല്ലാം ഇപ്പോഴുമുണ്ട്

പഴയ വള്ളിട്രൗസറിന്
ഇറക്കം കൂടി
എന്നല്ലാതെ
എനിക്കെവിടെയാണ്
ബാല്യം നഷ്ടമായത് ??



# മാമാങ്കം ഒന്നോർക്കാം



ആദർശ് കെ. വി.
7510981240

***മാമാങ്കവും ചാവേറും***

'മാമാങ്കം' കേരള ചരിത്രത്തിലെ അവിസ്മരണീയവും, ഉജ്ജ്വലജനകവുമായ ആചാരം. മാമാങ്കം, കേൾക്കുമ്പോൾ തന്നെ ഓർമ്മയിൽ നിറയുന്നത് ഭാരതപ്പുഴയും, തിരുനാവായ അമ്പലവുമാണ്. എന്നാൽ ഇന്നത്തെ കേരള സമൂഹത്തിലെ പലർക്കും എന്താണ് മാമാങ്കമെന്നോ, മാമാങ്കം എന്ന പേരുപോലും കേട്ടിട്ടില്ല എന്നു പറയുന്നവരും, അറിയാത്തവരുമാണ്. തെക്കൻ ഭാരതത്തിലെ ആചാരങ്ങളെയും, അനുഷ്ഠാനങ്ങളെയും ലോകത്തിനു മുന്നിൽ ഉയർത്തിക്കാട്ടുന്നതാണ് മാമാങ്കം. മാമാങ്കം എന്നുകേട്ടാൽ തന്നെ ആദ്യം ഓർക്കേണ്ടത് ചാവേറുകളെയാണ്. മാമാങ്കത്തിൽ ചരിത്രവും, ഐതീഹ്യവും, കെട്ടുകഥകളും നിറഞ്ഞു നിൽക്കുന്നു. ചാവേർ സ്വന്തം രക്തത്തിന് പച്ചവെള്ളത്തിന്റെ പോലും വിലനൽകാതെ മരണം വരെ പോരാടുന്നവരുടേതായിരുന്നു മാമാങ്കം. താണ ജാതിക്കാരെ അടിമയാക്കി വച്ച് നാടു ഭരിച്ചിരുന്ന സാമൂതിരിക്കാർക്കെതിരെ വാളുവീശി അവരുടെ കഴുത്തറ്റം എത്തിച്ച അടിമകളുടേതായിരുന്നു മാമാങ്കം. വെറും 16 വയസ്സുള്ള കുട്ടികൾ വരെ ചാവേറുകളായിരുന്നു. സാമൂതിരിയുടെയും, വള്ളുവ കോനാതിരിയുടെയും, 400 വർഷത്തെ കിട മത്സരത്തതിന്റെ ചരിത്രമുറങ്ങുന്ന ആചാരമാണ് മാമാങ്കം. 12 വർഷം കൂടുമ്പോഴാണ് ഇതു നടന്നിരുന്നത്.

മാമാങ്കമെന്നത് ദക്ഷിണ ഗംഗയെന്നറിയപ്പെടുന്ന ഭാരതപ്പുഴയുടെ തീരത്ത് മാഘമാസത്തിൽ ഏതാണ്ട് ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന മഹാമേളയായിരുന്നു.

***തുടക്കവും അവകാശവും***

ഇന്നത്തെ മലപ്പുറം ജില്ലയിൽ നിന്നും 7കിലോമീറ്റർ അകലെ തിരുനാവായ എന്ന സ്ഥലത്താണ് മാമാങ്കം അരങ്ങേറിയിരുന്നത്. ആദ്യം ചേര രാജാക്കന്മാരും, പിന്നീട് പെരുമ്പടപ്പും, അവസാനം 400 വർഷത്തോളം സാമൂതിരിക്കാരുമാണ് മാമാങ്കത്തിന് നേതൃത്വം കൊടുത്തതെന്ന് പറയപ്പെടുന്നു. സാമൂതിരിക്കുമുന്നെ വള്ളുവനാട്ടിലെ രാജാക്കന്മാരും മാമാങ്കം നടത്തിയിരുന്നു. ഏകദേശം പതിനാലാം നൂറ്റാണ്ടിലാണ് (8001124) മാമാങ്കത്തിന് തുടക്കം കുറിച്ചത്. തുടക്കത്തിൽ മാമാങ്കമെന്നത് വാണിജ്യോസ്തവമായിരുന്നു. പെരുമ്പടപ്പുകാർ മാമാങ്കം നടത്തിയിരുന്ന സമയത്ത് കേരളത്തിനകത്തും, പുറത്തുനിന്നുമുള്ളവർ അവിടെ നല്ലൊരു വിപണി കണ്ടെത്തിയിരുന്നു. ഈ വാണിജ്യസദസ്സിലേക്ക് ആളുകളെ ആകർഷിക്കാനായി സംഗീതവും, നൃത്തവും എല്ലാം ഉണ്ടായിരുന്നു. കൂടാതെ കളരിയും, വാൾപ്പയറ്റും, ദ്വന്ദ്വയുദ്ധങ്ങളും വെറും സൗഹൃദപരമായി നടന്നുവന്നിരുന്നു.

***മാറിയ അധികാരം***

ചേര സാമ്രാജ്യർക്കുശേഷം രാജ്യം ചെറിയ ചെറിയ നാടുവാഴികളുടെ കീഴിലായി. കുലശേഖര പെരുമാക്കന്മാരുടെ അനന്തരവന്മാരായ കൊച്ചി രാജകുടുംബത്തിനാണ് പിന്നീട് മാമാങ്കം നടത്താനുള്ള അധികാരം കിട്ടിയത്. അവരിലാണ് കൊയ്നധികാരി എന്ന സ്ഥാനം നിക്ഷിപ്തമായത്. കുറച്ചു കാലം അവരുടെ സംരക്ഷണത്തിൽ മാമാങ്കം നടന്നു.

■ലേഖനം

### *കരാറിലൂടെയുള്ള അധികാര മാറ്റം*

എന്നാൽ കൊച്ചിക്ക് സാമ്പത്തിക ക്ഷീണം സംഭവിച്ചപ്പോൾ, കരാറിനാൽ അധികാരം വള്ളുവക്കോനാതിരിക്ക് കൈമാറി. കൊച്ചി രാജാക്കന്മാർ അവരുടെ പരദേവതമാരെ പ്രതിഷ്ഠിച്ചിട്ടുള്ള വന്ദേരി ചിത്രകൂടത്തിൽ വച്ച് കിരീടം ധരിച്ചു വന്നാൽ നിലപാടുതറ (അധികാരത്തറ) ഒഴിഞ്ഞുകൊടുക്കണമെന്നായിരുന്നു ഉടമ്പടി.

### *സാമൂതിരിയുടെ മാമാങ്കം*

നൂറ്റാണ്ടിന്റെ അന്ത്യത്തോടെ വള്ളുവക്കോനാതിരിയെ തോൽപ്പിച്ച് സാമൂതിരി മാമാങ്കം നടത്തുന്നതിനുള്ള അവകാശം കൈയ്യേറി. എന്നിട്ട് സാമൂതിരി സ്വയം രക്ഷാപുരുഷനായി പ്രഖ്യാപിച്ചു. അങ്ങനെ മാമാങ്കത്തെ അവർ, അവരുടെ പ്രൗഡിയും, പ്രതാപവും പ്രദർശിപ്പിക്കാനുള്ള വേദിയാക്കി മാറ്റി.

### *ശപഥവും ചാവേറുകളുടെ ഉത്ഭവവും*

വള്ളുവക്കോനാതിരി തന്റെ അധികാരം തിരിച്ചുപിടിക്കുന്നതിനായി തിരുനാവായ ദേവിയെ പ്രാർത്ഥിക്കുകയും, ദേവി ചാവേറുകളെ അയച്ചു യുദ്ധം ചെയ്താൽ ജയിക്കുമെന്നും അരുൾ ചെയ്തു. സാമൂതിരി വള്ളുവനാട് പിടിച്ചെടുത്തത് പെരുമ്പടപ്പിലെ ചില അംഗങ്ങളേയും, ശുകപുരത്തുകാരെയും വധിച്ചാണ്. ഇതിൽ പെട്ടവരുടെ പിൻഗാമികളും, ഒപ്പമുണ്ടായിരുന്ന നായർപ്പടയാളികളും ശപഥം ചെയ്തു. ജയിച്ചാലും, തോറ്റാലും സ്വന്തം ജീവൻ പോകുന്നതുവരെ സാമൂതിരിക്കെതിരെ പോരാടുമെന്ന്. അങ്ങനെ അവർ സ്വയം ചാവേറുകളായി. കേരള ചരിത്രത്തിൽ ആദ്യമായി മാമാങ്കത്തിലാണ് ചാവേർ എന്ന പദം ജനിക്കുന്നത്.

### *പകകൊണ്ട ചാവേറുകൾ*

എന്നാൽ അസംഖ്യമായ നായർപ്പടയാളികളാലും, മുസ്ലിം പടയാളികളാലും സംരക്ഷിക്കപ്പെട്ടിരുന്ന സാമൂതിരിയെ കൊല്ലാൻ ചാവേറുകളായി വരുന്നവർക്ക് കഴിയുമായിരുന്നില്ല. ഓരോ ചാവേറും വരുന്നത് തന്റെ മുൻഗാമിയെ വധിച്ചതിന്റെ കൊടിപ്പക തീർക്കാനാണ്. സാമൂതിരിയുടെ അധികാരത്തിലുള്ള സാമന്ത രാജാക്കന്മാർ ഓരോ 12 വർഷം കൂടുമ്പോഴും നടക്കാറുള്ള മാമാങ്കത്തിലേക്ക് തങ്ങളുടെ പതാകകൾ അയച്ചു പോന്നിരുന്നു. എന്നാൽ, വള്ളുവക്കോനാതിരി അയച്ചിരുന്നത് തന്റെ ചാവേറുകളെയായിരുന്നു. മരണം വരെയും പോരാടി മരണം വരിച്ച, എത്രയോ മനുഷ്യജീവനുകൾ ഹോമിച്ച ഈ സമ്പ്രദായം 400 വർഷം നീണ്ടു നിന്നു.

### *ചാവേർപ്പാട്ടിലെ ഐതീഹ്യം*

എന്നാൽ, 1505 ലെ മാമാങ്കത്തിൽ ചെങ്ങഴി നമ്പ്യാരുടെ നേതൃത്വത്തിൽ വന്ന ചാവേറുകൾ മാമാങ്കതറയിൽ (അധികാരത്തറ) നിന്നിരുന്ന സാമൂതിരിയെ വകവരുത്താനായി, കാവൽ നിന്നിരുന്ന പടയാളികളെ നിഷ്പ്രഭമാക്കിയെന്ന് ചാവേർ പാട്ടുകളിൽ പരാമർശിക്കുന്നുണ്ട്. 400 വർഷത്തിലൊരിക്കലും ഒരു ചാവേറും ഒരു സാമൂതിരിയേയും വധിച്ചിട്ടില്ല. ആദ്യമായി 1695ലെ മാമാങ്കത്തിൽ ചന്ദ്രത്തിൽ ചന്തുണ്ണി എന്ന ചാവേർ നിലപാടുതറയിൽ എത്തുകയും സാമൂതിരിയെ വെട്ടിവീഴ്ത്താൻ ശ്രമിക്കുകയും, സാമൂതിരി ഒഴിഞ്ഞുമാറിയതിനാൽ രക്ഷപ്പെട്ടുവെന്നും പറയപ്പെടുന്നു. ആ ചാവേറിന് വെറും 16 വയസ്സേ ഉണ്ടായിരുന്നുള്ളുവെന്നും പറയുന്നു.

### *അവസാന മാമാങ്കം*

മൈസൂർ സുൽത്താനായിരുന്ന ഹൈദരാലി മലബാർ ആക്രമിച്ചു കീഴടക്കിയതോടെ മാമാങ്കം അവസാനിച്ചു. 1695ലും, 1795ലും ആണ് മാമാങ്കം അവസാനിച്ചതെന്ന രണ്ടഭിപ്രായമുണ്ട്. സാമൂതിരിക്കും, കോനാതിരിക്കും ഒരുമിച്ചു അധികാരം നഷ്ടപ്പെട്ടതാണത്രേ കാരണം. 1755ൽ മാമാങ്കം അവസാനിച്ചു എന്നാണ് തെളിവുകളുടെ അടിസ്ഥാനത്തിൽ ഉറപ്പിക്കുന്നത്. എന്നിരുന്നാലും, ചരിത്രത്താളുകളിൽ മാമാങ്കവും, ചാവേറുകളും എന്നും മിന്നി തിളങ്ങി നിൽക്കുന്നു.

●

■കവിത

## തോന്നലുകളുടെ ഭാരം




**തുളസി കേരളശ്ശേരി**

**9526144499**



വഴി വിജനമാണെന്ന<br>
തോന്നലിൽ ഉടക്കി മനം...!<br>
അടുത്തും അകലേയുമായീ<br>
എത്രയെത്ര കൂട്ടങ്ങൾ,<br>
കളിചിരികൾ,<br>
കലപിലകൾ..!<br>
എന്നിട്ടുമെന്തേ<br>
ഈ ശബ്ദ താഴ്‌വരയിൽ<br>
ഏകാന്തതയുടെ<br>
കവനശീലുകൾ...??<br>
ഒരു പൂ വിരിയുന്നതും<br>
കാറ്റു ചിരിക്കുന്നതും<br>
വെയിൽ തിളക്കുന്നതും പോലും<br>
അതിൻെറ ശബ്ദമിശ്രണത്തോടെ<br>
പകർത്തുന്ന പഞ്ചേന്ദ്രിയങ്ങൾ<br>
ബധിരപഞ്ചാംഗം ചമയ്ക്കുന്നതിലെ<br>
യുക്തി ബോധ്യപ്പെടുന്നേയില്ല....!<br>
നമ്മൾ നമ്മളല്ലാതാകുന്നതോടെ<br>
നിശ്ശബ്ദമാകുന്നെടോ<br>
എൻെറ പ്രപഞ്ചം.......!

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## എയ്ത്തുകാർ

“സുഹൃത്തേ മഴയെ കുറിച്ചും പുഴയെ കുറിച്ചും ഓണത്തെ കുറിച്ചും പ്രകൃതിയെ കുറിച്ചും ഒന്നും എഴുതരുത്.”

“അതെന്താ ?”

“അതൊക്കെ കാലാഹരണപ്പെട്ട വിഷയങ്ങൾ. ഇന്നിന്റെ രചനകൾ വരണം.”

“ഇന്നലെയില്ലാതെ ഇന്നുണ്ടോ സാർ ?”

“ഓ... വിവരം... ജ്ഞാനം... ആ ടൈപ്പ് സാധനങ്ങൾ പുറത്തെടുക്കേണ്ട. അതവിടെ തന്നെ വെച്ചേക്ക്. പഴയ തലമുറയുടെ മാത്രം എഴുത്തുകാരനാകാൻ ശ്രമിക്കരുത് മനസ്സിലായോ. മാത്രവുമല്ല വിമർശനങ്ങൾക്ക് ചെവികൊടുക്കണം.”

“അതിപ്പൊ ഇന്നിന്റെ മാത്രം എഴുത്തുകാരനാവാൻ ശ്രമിച്ചാൽ നാളേയ്ക്ക് പറ്റാതാവില്ലേ”

“അതോർത്ത് നീ വിഷമിക്കണ്ട. അത് നാളേയുടെ എഴുത്തുകാർ നോക്കിക്കോളും.”

“അപ്പൊ നേരത്തെ പറഞ്ഞ നമ്മളും ഒരു തലമുറയുടെ മാത്രം.”

“ഇങ്ങോട്ട് പഠിപ്പിക്കണ്ട.”

“ശരി അപ്പോൾ മറ്റൊരു പ്രശ്നം വിമർശനങ്ങൾ ഉൾക്കൊള്ളണം എന്ന് സാർ പറഞ്ഞതും ഇപ്പറഞ്ഞതും തമ്മിൽ അങ്ങോട്ട് ശരിയാകുന്നില്ലല്ലോ.”

“നീ വെറുതേ ‘പുളി’ച്ച വാദം നിരത്തേണ്ട. പറഞ്ഞത് കേട്ടാൽ മതി.”

“ശരി സാർ ഒരു സംശയം ചോദിച്ചോട്ടെ സാർ എന്ത് എഴുതണം എന്ന് ആരാ തീരുമാനിക്കുന്നത്?”

“സംശയമെന്ത് ഞാൻ അല്ലാതെയാര്.”

“അപ്പോൾ വായനക്കാർ അവർക്ക് അഭിപ്രായം പറയാം വിമർശിക്കാം പക്ഷേ എന്തെഴുതണമെന്ന് ഞാനല്ലേ...”

“ആണല്ലേ ?”

“പിന്നല്ലേ

“അപ്പോൾ ഞാൻ എന്തെഴുതണമെന്ന് എങ്ങനെയെഴുതണമെന്ന് ആരാ...?”

“ഉം മനസ്സിലായി നീ പോയേ... നിന്നിടത്ത് നിന്ന് തിരിയണ്ട എഴുതി ഒരു കര പറ്റട്ടെ എന്ന് കരുതി പറഞ്ഞതാ.”

“അതു ശരി അപ്പൊ കര പറ്റാനാ എഴുതണത് അല്ലാതെ”

“നീ വിട് ശരിയാവില്ല.”

“ശരിസാർ ഒന്നുകൂടി പറഞ്ഞോട്ടെ എത്രയെത്ര പുതിയ ഭക്ഷണങ്ങൾ വന്നു സാർ. ആളുകൾ ആസ്വദിച്ചു കഴിക്കുന്നു. ഇനി വരാൻ പോകുന്നതും സ്വാദോടെ കഴിച്ചോളും. അതുകൊണ്ട് ഇനി ആരും കഞ്ഞി വെക്കരുത് വിളമ്പരുത്, കുടിക്കരുത് എന്നൊക്കെ പറയാമോ. അതിഷ്ടപ്പെടുന്നവർ, അത് മാത്രം കഴിക്കാനാഗ്രഹിക്കുന്നവർ, ചിന്തിച്ച ശേഷം അതിലേക്ക് മടങ്ങി വന്നവർ, മറ്റ് ഭക്ഷണം മടുത്തവർ ഒക്കെ ഉണ്ടാവില്ലേ.”

“മനസ്സിലായി മനസ്സിലായി ഉപമ മനസ്സിലായി നിർത്ത്. നിന്നോടൊക്കെ സംസാരിക്കാൻ വന്നത് വിവരക്കേട്.”

“സംസാരിക്കാൻ വന്നതല്ല സാർ സംസാരിച്ച കാര്യമാണ് സാർ വിവരക്കേട്. നമുക്ക് എങ്ങനെ എഴുതണം എന്ത് എഴുതണം എന്നൊന്നും തമ്മിൽ തമ്മിൽ പഠിപ്പിക്കാതിരിക്കാം. എഴുത്തല്ലേ സ്വാഭാവികമായി തന്നെ വരട്ടെ.”

“ഓ... ഇപ്പോൾ വന്ന് വന്ന് ഉപദേശം ഇങ്ങോട്ടായോ വേണ്ട”

“ഇല്ല സാർ ക്ഷമിക്കണം. നിർത്തി ഞാൻ നിർത്തി ഏതായാലും ഒന്ന് മനസ്സിലായി നിങ്ങളിൽ ചുരുക്കം ചിലർ നല്ല എയ്ത്തുകാരാ. നല്ല ഉന്നമുള്ളവര്. കലാഹൃദയങ്ങൾ എയ്ത് പിളർക്കും.”

## സന്മസ്സ്

“കുട്ടേട്ടാ..... ഇതാ കൊട.”

ഗെയ്റ്റിനു സമീപം വന്ന് അവൻ നീട്ടിയ കുട മുറ്റത്ത് നിൽക്കുകയായിരുന്ന ഞാൻ ചെന്ന് വാങ്ങി.

“വലിയ ഉപകാരമായിട്ടൊ അത് പറയാതെ വയ്യ” എന്നവൻ.

“അപ്പൊ ഉപകാരത്തിനു തന്നെയല്ലേടാ കൊട” എന്ന് ഞാൻ.

“അതല്ല കുട്ടേട്ടാ ഇന്നലെ വില്ലേജിന്റവിടുന്ന് കണ്ടപ്പൊ കൊട കൊണ്ടു പൊയ്ക്കോ എന്ന് പറഞ്ഞ് ങ്ങള് നിർബന്ധിച്ചപ്പൊ ഞാൻ എത്ര തവണ വേണ്ടാന്ന് പറഞ്ഞതാ. ങ്ങള് സമ്മതിച്ചില്ല. ദൂരം വഴിക്കല്ലേ മഴ പെയ്താലോ കൊണ്ടു പൊയ്ക്കോന്ന് ഒറ്റ വാശി. അതോണ്ട് രക്ഷപ്പെട്ടു ഞാൻ ടൗണിൽ ചെന്നിറങ്ങിയതും പെരുമഴ. തിരിച്ച് പോരുമ്പോഴും പിന്നെ വീട്ടിലെത്തണവരേയും തുള്ളി തോരാതെ നിന്ന് പെയ്തു. ഓ ഇമ്മാതിരി ഒരു മഴ അടുത്ത കാലത്തൊന്നും...”

“വെറുതെയല്ല പെയ്യും എന്ന് എനിക്ക് തോന്നിയിരുന്നു” എന്ന് ഞാനവന് ഉത്തരം കൊടുത്തു.

“എന്നാ ശരി.” അവൻ തിരിഞ്ഞു നടന്നു.

“ഇത് അകത്തേക്ക് വെക്ക്” എന്ന കൽപ്പനയോടെ ഞാൻ കുട ഭാര്യയുടെ കൈയ്യിലേക്ക് കൊടുക്കവേ അവൾ എന്റെ ചെകിട്ടിൽ പറഞ്ഞു.

“ഹും... ഇന്നലെ ആ പെരുമഴയും നനഞ്ഞ് കയറി വന്ന് നിങ്ങള് അവനെ പറഞ്ഞ പച്ചതെറികളില് ഏതെങ്കിലും ഒന്ന് അവൻ കേട്ടിരുന്നെങ്കില് അവനാ കൊട കൊണ്ട് ങ്ങടെ നെറുകമണ്ടയ്ക്ക് ഒന്ന് തന്നേനെ.”

# മലയാള സിനിമ പിന്നണിഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ



**ടി. വി. നാരായണൻ കുട്ടി**
**9446030344**



**പി. ബി. ശ്രീനിവാസ്**

**പ്ര**തിവാജി ഭായങ്കര ശ്രീനിവാസ് എന്ന മുഴുപ്പേരുള്ള പി. ബി. ശ്രീനിവാസ് 1930 സപ്തംബർ 22ന് ആന്ധ്രപ്രദേശിലെ കിഴക്കെ ഗോദാവരി ജില്ലയിലെ 'കാക്കിനാട' എന്ന സ്ഥലത്താണ് ജനിച്ചത്. അച്ഛൻ പ്രതിവാദി ഭായങ്കര ഫാനിൻണ്ട്ര സ്വാമിയും, മാതാവ് ശേഷഗിരിയമ്മയുമായിരുന്നു. ഈ ദമ്പതിമാരുടെ ഏറ്റവും ഇളയമകനായിരുന്നു പി. ബി. എസ്. അച്ഛൻ സിവിൽ ഉദ്യോഗസ്ഥനാണെങ്കിൽ അമ്മ സംഗീതജ്ഞ. മകനൊരു സർക്കാരുദ്യോഗസ്ഥനാകണമെന്ന മോഹത്തോടെ ബി. കോം ഡിഗ്രിയോടൊപ്പം ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ കീഴിൽ ഹിന്ദിപഠനവും നടത്തുന്നതിന്ന് സൗകര്യമൊരുക്കി. ഇവ രണ്ടിലും ഉന്നത വിജയം നേടിയെങ്കിലും ഇദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ സംഗീതത്തിലായിരുന്നു. തന്റെ അമ്മയുടെ പാട്ടു കേട്ടാണ് സംഗീതത്തോട് ഇഷ്ടം തോന്നിയതെന്ന് ഒരു അഭിമുഖത്തിൽ ഇദ്ദേഹം പറഞ്ഞിരുന്നു. കൂടാതെ പഠനകാലങ്ങളിൽ റേഡിയോവിലൂടെ തന്റെ ഇഷ്ടഗായകനായ റാഫിയുടെ പാട്ടുകൾ കേൾക്കുന്നതും ഇതിന്ന് പ്രചോദനമായി. ഇദ്ദേഹത്തിന്റെ അമ്മാവൻ കിസംബി കൃഷ്ണ സ്വാമി ഒരു നാടകനടനും ഗായകനുമായിരുന്നു. ഇതിലൂടെ തന്റെ പന്ത്രണ്ടാം വയസ്സിൽ ഒരു നാടകത്തിൽ പാടാനവസരം ലഭിച്ചു. പി. ബി. എസ്സിന്റെ അച്ഛൻ ഒരു ജ്യോത്സ്യനോട് തന്റെ മകന്റെ സംഗീതാഭിരുചിയെ പ്പറ്റി തിരക്കിയപ്പോൾ മറുപടി പ്രതികൂലമായിരുന്നു. പക്ഷെ അദ്ദേഹം ഇത് വിശ്വസിക്കാതെ മകന്റെ ആത്മവിശ്വാസത്തെ പിൻതുണയ്ക്കുകയാണുണ്ടായത്.

താമസിയാതെ ഇദ്ദേഹം മദ്രാസിലെ ജെമിനി സ്റ്റുഡിയോയിലെത്തി. അന്നത്തെ പ്രസിദ്ധ വീണ വിദ്വാൻ 'എമനി ശങ്കരശാസ്ത്രി' ശ്രീനിവാസന്റെ കുടുംബസുഹൃത്തായിരുന്നു. ഇദ്ദേഹം ശ്രീനിവാസനെ ജെമിനി സ്റ്റുഡിയോ ഉടമ എസ്. എസ്. വാസന് പരിചയപ്പെടുത്തി. ഇവിടെവെച്ച് ശ്രീനിവാസ് റാഫിയുടെ അന്നത്തെ പ്രശസ്ത ഗാനമായ 'ഹുയേഹം ജിൻകേലിയേ ബർബാദ്' എന്ന ഗാനം പാടി കേൾപ്പിച്ചു. 1951ൽ നൗഷാദ് ഈണം പകർന്ന ഈ ഗാനം പി. ബി.ക്ക് പിന്നണി ഗാനരംഗത്തേക്കുള്ള ചവിട്ടുപടിയായി. തുടർന്ന് 1952ൽ 'മിസ്റ്റർ സമ്പത്ത്' എന്ന ഹിന്ദി സിനിമയിലൂടെ പി. ബി. അരങ്ങേറ്റം കുറിച്ചു. ഇതിൽ ഒരു യുഗ്മ ഗാനവും, സംഘഗാനവുമാണാലപിച്ചത്. ഗീതാദത്ത്, ഷംഷദ് ബീഗം, ജിക്കി എന്നിവരായിരുന്നു സഹഗായികമാർ. ഇദ്ദേഹം ഗീതാദത്തിനൊപ്പം പാടിയ 'അജിഹം ഭാരത് കി നാരീ' എന്ന ഗാനം അക്കാലത്തെ വമ്പൻ ഹിറ്റുകളിലൊന്നായിരുന്നു.

തുടർന്ന് തന്റെ പിന്നണി ഗാന ജീവിതത്തിൽ കന്നട, തെലുങ്ക്, ഹിന്ദി, തമിഴ്, മലയാളം, തുളു, കൊങ്കണി ഭാഷകളിലായി ഏകദേശം മൂവ്വായിരത്തോളം ഗാനങ്ങൾ ആലപിച്ചതായി പറയപ്പെടുന്നു. തെക്കെ ഇന്ത്യയിൽ ഇദ്ദേഹത്തിന്റെ തുടക്കം മൂന്ന് ഭാഷകളിലായി നിർമ്മിച്ച ഒരു സിനിമയിലൂടെയായിരുന്നു. തമിഴിൽ 'ജാതകം', കന്നടത്തിൽ 'ജാതകഫല', തെലുങ്കിൽ 'ജാതകഫലം' എന്നീ സിനിമകൾ. ഇവയിലെല്ലാം രണ്ട് ഗാനങ്ങൾ വീതം പി. ബി. പാടി. തുടർന്ന് ഡോ. രാജ്കുമാർ അഭിനയിച്ച 'ഭക്തകനകദാസ്' എന്ന സിനിമയിലൂടെ കന്നടസിനിമാലോകത്ത് ഒഴിച്ചുകൂടാൻ പറ്റാത്തൊരു ഗായകനായി പി. ബി. മാറി. വിഷ്ണുവർദ്ധൻ, കല്യാൺകുമാർ, ഉദയകുമാർ, ശ്രീനാഥ് തുടങ്ങി പ്രമുഖനായകർക്കൊക്കെ വേണ്ടി ഇദ്ദേഹം പാടി.

തമിഴ് രംഗത്ത് ഏറ്റവും കൂടുതൽ പാടിയത് 'കാതൽ മന്നൻ' ജമിനി ഗണേശന് വേണ്ടിയായിരുന്നു. കൂടാതെ രവിചന്ദ്രൻ, മുത്തുരാമൻ, ജയശങ്കർ എന്നിവർക്ക് വേണ്ടിയും പാടി. യുഗ്മഗാനങ്ങളിൽ പി. സുശീല, എസ്. ജാനകി, പി. ഭാനുമതി (നടി), എൽ. ആർ. ഈശ്വരി, ജമുനാറാണി, ലതാമങ്കേഷ്കർ എന്നിവരൊക്കെ ഭാഗഭാക്കായിരുന്നു. മറ്റു തെന്നിന്ത്യൻ ഭാഷകളിൽ പാടാൻ തുടങ്ങി അധികം താമസിയാതെ പി. ബി. മലയാള സിനിമാ ലോകത്തേക്ക് കടന്നുവന്നു. 1952 'അമ്മ' എന്ന സിനിമയിലാണ് ആദ്യഗാനം. തുടർന്ന് 1954ൽ 'പുത്രധർമ്മം' 1955ൽ 'ഹരിശ്ചന്ദ്ര' എന്നിവയിൽ പാടി. ഹരിശ്ചന്ദ്രയിലെ ഗാനത്തോടെ പലരും ഇദ്ദേഹത്തെ ശ്രദ്ധിക്കാൻ തുടങ്ങി. പല തെന്നിന്ത്യൻ ഭാഷകളിലും പാടിയിട്ടുണ്ടെങ്കിലും കന്നട സിനിമാ ലോകത്താണിദ്ദേഹം ഏറെ ശോഭിച്ചത്. മലയാളത്തിൽ എം. എസ്. ബാബുരാജും ജി. ദേവരാജനുമാണ് ഇദ്ദേഹത്തെ കൂടുതൽ ഉപയോഗപ്പെടുത്തിയത്. 1969ൽ മനുഷ്യൻ ചന്ദ്രനിലിറങ്ങിയതിനെ അനുസ്മരിച്ച് എസ്. ജാനകിയോടൊത്ത് 'മാൻ-ടു-മൂൺ' എന്ന ശീർഷകത്തിൽ ഒരു യുഗ്മ ഗാനവും സോളോയും പാടി. ഇവ ര

ണ്ടും അന്നത്തെ പ്രസിഡണ്ട് 'റിച്ചാർഡ് നിക്സനും' ബഹിരാകാശ യാത്രികൻ 'നീൽ ആംസ്ട്രോങ്ങിനും' അയച്ചുകൊടുത്തു. ഇവർ രണ്ടുപേരും പി. ബി. യെ പ്രശംസിച്ചുവെന്നും പറയപ്പെടുന്നു.

'ശാരദജനസ്തോത്രം', 'ശ്രീ വെങ്കടേശ്വരസുപ്രഭാതം', 'ശ്രീ മല്ലികാർജ്ജുനസ്തോത്രം', 'മുകുന്ദമല' എന്നീ ഭക്തിഗാനങ്ങൾ ആലപിക്കുകയും പുരന്ദരദാസിന്റെ കൃതികൾക്ക് സംഗീതാവിഷ്ക്കാരം നടത്തുകയും ചെയ്തിട്ടുണ്ട്. ചെന്നൈയിൽ ഇദ്ദേഹത്തിന് 'ഹോം എവേ ഹോം' എന്നൊരു ഡ്രൈവ്-ഇൻ-റസ്റ്റോറണ്ട് ഉണ്ടായിരുന്നു. കൂടാതെ സംഗീതവുമായി ബന്ധപ്പെട്ട പല സംഘടനകളിലും ഇദ്ദേഹത്തിന്റെ നിറസാന്നിദ്ധ്യമുണ്ടായിരുന്നു. 'ഇന്നിശൈ നാടകമൻട്രം' എന്ന സംഘടനയുടെ പ്രസിഡണ്ടായും കുറേക്കാലം പ്രവർത്തിച്ചു.

'മാധുര്യ സാർവ്വ ഭൗമ ഡോ. പി. ബി. ശ്രീനിവാസ് - നാദയോഗ്യസുനദായന' എന്ന ആർ. ശ്രീനാഥ്, പി. ബി. എസ്സിനെ കുറിച്ചെഴുതിയ ഗ്രന്ഥം 2013 മെയ് 11ന് പ്രശസ്ത പിന്നണി ഗായകരായ, എസ്. പി. ബാലസുബ്രഹ്മണ്യം, കെ. ജെ. യേശുദാസ്, വാണിജയറാം എന്നിവർ സംയുക്തമായി പ്രകാശനം ചെയ്യുകയുണ്ടായി. 2013ൽ പ്രസിദ്ധീകരിച്ച സിനിമാസാഹിത്യഗ്രന്ഥത്തിനുള്ള കർണ്ണാടക സർക്കാർ അവാർഡും ഈ ഗ്രന്ഥം നേടി. വമ്പിച്ചൊരു ജനാവലിയെ സാക്ഷിനിർത്തി 1992ൽ ഇദ്ദേഹത്തിന് 'മാധുര്യ സാർവ്വഭൗമ' പട്ടം നൽകി ആദരിക്കുകയും ചെയ്തു. കൂടാതെ കർണ്ണാടക മുഖ്യമന്ത്രിയുടെ, സംസ്ഥാനത്തെ ഉയർന്ന രണ്ടാമത്തെ ബഹുമതിയായ 'കന്നട രാജ്യോത്സവ' അവാർഡ്, ഡോ. രാജ്കുമാറിന്റെ 'സൗഹൃദ' അവാർഡ്, കന്നട സർവ്വകലാശാലയുടെ 'കർണ്ണാടക നാദോദ്യ' അവാർഡ്, തമിഴ്നാടിന്റെ ചലച്ചിത്രബഹുമതി കലൈവനാർ അവാർഡ് 2002 എന്നിവയും ഇദ്ദേഹത്തിന് ലഭിച്ചു.

മലയാളത്തിൽ സി. ഐ. ഡി., ഹരിശ്ചന്ദ്ര, മിന്നുന്നതെല്ലാം പൊന്നല്ല, തസ്കരവീരൻ, ആന വളർത്തിയ വാനമ്പാടി, സീത, നാടോടികൾ, ഉമ്മ, അരപ്പവൻ, ക്രിസ്തുമസ് രാത്രി, ജ്ഞാനസുന്ദരി, കണ്ടംവെച്ച കോട്ട്, കൃഷ്ണകുചേല, ഉണ്ണിയാർച്ച, പാലാട്ട് കോമൻ, ശ്രീരാമ പട്ടാഭിഷേകം, വിധി തന്നെ വിളക്ക്, കലയും കാമിനിയും എന്നിവ ഇദ്ദേഹം പിന്നണി പാടിയ ചില സിനിമകൾ മാത്രം. 2013 ഏപ്രിൽ 14ന് ഉച്ചഭക്ഷണ സമയത്ത് സ്വന്തം ഭവനത്തിൽ വെച്ചുണ്ടായ ഹൃദയാഘാതത്തെ തുടർന്നാണ് മരണം. തമിഴ് പുതുവർഷവും, വിഷുവും ചേർന്ന ദിവസമായിരുന്നു അന്ത്യം. ഭാര്യയും കുട്ടികളും മരണസമയത്ത് അടുത്തുണ്ടായിരുന്നു.

**പ്രധാന ഗാനങ്ങൾ**

1. മഹത് ത്യാഗമേ മഹിതമേ നിന്റെ മാർഗ്ഗം
2. മലർ തോറും മന്ദഹാസം
3. കണ്ണീരെന്തിന് വാനമ്പാടി
4. കണ്ണിനാൽ കാൺമതെല്ലാം
5. നിറഞ്ഞ കണ്ണുകളോടെ നിശബ്ദ വേദനയോടെ
6. മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത്
7. ഗീതെ, ഹൃദയസഖി ഗീതെ
8. തുളസി... വിളി കേൾക്കൂ
9. വനദേവതമാരേ, വിട നൽകൂ
10. കിഴക്ക് കിഴക്കൊരാന

ഇത് കൂടാതെ തമിഴിൽ മലയാളികൾക്ക് പ്രിയങ്കരമായ അനേകം പാട്ടുകൾ ഇദ്ദേഹം പാടിയിട്ടുണ്ട്. അന്നത്തെ ഗാനപ്രിയരായ മലയാളികൾ ഇവ പാടി നടക്കലും പതിവായിരുന്നു.

## കവിയൂർ രേവമ്മ



പ്രസിദ്ധ കർണ്ണാടക സംഗീതജ്ഞയായ ഇവർ 1930 ഏപ്രിൽ 14ന് കവിയൂരിലാണ് ജനിച്ചത്. 8ാം വയസ്സിൽ തന്നെ സംഗീതഭ്യസനം തുടങ്ങി. 16ാം വയസ്സിൽ അരുവിപ്പുറത്തെ ഒരു വേദിയിലായിരുന്നു അരങ്ങേറ്റം. സംഗീതത്തിൽ ബി. എ., എം. എ., ബിരുദങ്ങൾ പാസ്സായത് ഒന്നാം റാങ്കോടെ. താമസിയാതെ കേരള സർവ്വകലാശാലയിൽ നിന്ന് ഡോക്ടർ ബിരുദവും നേടി. കേരള സർവ്വകലാശാലയിലെ ആദ്യത്തെ 'ഡോക്ടർ പട്ടം' എന്ന ബഹുമതിക്കും ഇവർ അർഹയായി. തുടർന്ന് തിരുവനന്തപുരം വനിതാ കോളേജിൽ ലക്ചററും, സംഗീത വകുപ്പിന്റെ മേധാവിയുമായി. തുടർന്ന് തൃശ്ശൂർ സർക്കാർ കോളേജിൽ പ്രിൻസിപ്പാളായി ജോലി നോക്കിയശേഷം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായി ജോലിയിൽ നിന്ന് വിരമിക്കുകയാണുണ്ടായത്. 2007 മെയ് 13ന് കൊല്ലത്തുവെച്ച് തന്റെ 78ാമത്തെ വയസ്സിലാണിവർ അന്തരിച്ചത്.

1950ൽ ഇറങ്ങിയ 'ശശിധരൻ' എന്ന സിനിമയിലേതായിരുന്നു ഇവരുടെ ആദ്യത്തെ ഗാനം. തുടർന്ന് ജീവിതനൗക, നവലോകം, പൊൻകതിർ, ചേച്ചി, നീലക്കുയിൽ എന്നിവയിലൊക്കെ ഇവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. അക്കാലത്ത് രേവമ്മ, ജിക്കി, പി. ലീല എന്നിവർ മലയാള സിനിമാ പിന്നണിരംഗത്തെ ത്രിമൂർത്തികളായി അറിയപ്പെട്ടിരുന്നു. ഏകദേശം, ഇരുപതോളം മലയാള സിനിമകളിലിവർ പിന്നണി പാടിയിട്ടുണ്ട്. 1950, 60 കാലങ്ങളിൽ എ. എം. രാജയോടൊത്ത് പാടിയ യുഗ്മഗാനങ്ങൾ പലതും അക്കാലത്തെ ഹിറ്റുകളായിരുന്നു. 'അവൻ വരുന്നു' എന്ന സിനിമയിലെ 'നീയെൻ ചന്ദ്രനെ ഞാൻ നിൻ ചന്ദ്രിക', 'അൻപുതൻ പൊന്നമ്പലത്തിൽ' എന്നിവ ഇവയിൽ പെ

## ■ ഗായകരത്നങ്ങൾ

ടും. സംഗീത സംവിധായകരായ ബ്രദർ ലക്ഷ്മൺ, ദക്ഷിണാമൂർത്തി, കലിം ഗറാവു, ജി. കെ. വെങ്കടേഷ്, എസ്. എം. സുബ്ബയ്യ നായിഡു, ജ്ഞാനമണി, പി. എസ്. ദിവാകർ എന്നിവരുടെ കീഴിലാണിവർ പാടിയത്. ഗാനരചയിതാക്കൾ തുമ്പമൺ പത്മനാഭൻ കുട്ടി, അഭയദേവ്, പി. ഭാസ്കരൻ, വള്ളത്തോൾ ('ജീവിതനൗകയിലെ 'വാർതിങ്കൾ താലമെടുത്തു' എന്ന ഗാനം) എന്നിവരും, കൂടെ പാടിയവർ വൈക്കം മണി, മെഹ ബൂബ്, വി. എൻ. രാജൻ, ജോസ്പ്രകാശ്, ദക്ഷിണാമൂർത്തി, സെബാസ്റ്റ്യൻ എന്നിവരുമായിരുന്നു.

**ചില മലയാള ഗാനങ്ങൾ**

1. ആശ തകരുകയോ (ചേച്ചി)
2. പാഹി തായേ, ഗതിയേതുമില്ല, തോരാത്തശ്രുധാര (ജീവിതനൗക)
3. സുമധുര സുഷമാ കാലമേ (രക്തബന്ധം)
4. കരയാതെന്നോമന കുഞ്ഞേ (വിശപ്പിന്റെ വിളി)
5. വരൂ... നീ പ്രേമറാണി (അമ്മ)
6. അടിതൊഴുന്നേൻ (അവൻ വരുന്നു)
7. പുന്നാര പൂമോളെ (മറിയക്കുട്ടി)
8. ചഞ്ചല ചഞ്ചല, ഓണത്തുമ്പി, എല്ലാരും തട്ടണ് മുട്ടണ് (മുടിയനായ പുത്രൻ)
9. മുരളിമോഹനകൃഷ്ണ (പുതിയ ആകാശം പുതിയ ഭൂമി)

1950 മുതൽ 1962 വരെ പാടിയ ചില ഗാനങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇവർ കേരള, കാലിക്കറ്റ്, മഹാത്മഗാന്ധി സർവ്വകലാശാലകളുടെ 'ബോർഡ് ഓഫ് സ്റ്റഡീസി'ൽ അംഗമായും അമേരിക്കയിലെ ചില സർവ്വകലാശാലകളിൽ സന്ദർശക പ്രൊഫസറായും പ്രവർത്തിച്ചിട്ടുണ്ട്.

*അടുത്ത ലക്കത്തിൽ : പി. ലീല*

(തുടരും)

## ■ കവിത

# തിരിച്ചറിവ്




**നന്ദിനി പുത്തൻവീട്**
**9632771330**

ഇനി നീയെൻ മുന്നിൽ
വരില്ല തീർച്ച
എനിക്കായ് നിൻമനം
കൊതിക്കില്ല തീർച്ച
അറിയുന്നു ഞാനതെങ്കിൽ പോലും
മിഴിനീരിൻ നനവാർന്ന
നിനവുകളിൽ
നീയെനിക്കന്യമെന്നറിയുമ്പോഴും
ഞാനിന്നറിയുന്നു
എന്നിലുള്ളിലുള്ളൊരു
പൂക്കാലമത്രയും നീ
കൊണ്ടുവന്നതായിരുന്നുവെന്ന്
എങ്കിലും...
അറിയില്ലിന്നും സത്യം !
ഞാനെന്തേ വൈകിപ്പോയി ?
അലക്ഷ്യമാം യാത്രയിൽ
വഴി തെറ്റി വന്നൊരെന്നിഷ്ടം
സ്നേഹമെന്നും,
സ്നേഹം പ്രണയമെന്നും,
പ്രണയം നിന്നോടെന്നും
ഞാനിന്നറിയുന്നു.
എങ്കിലും...
അറിയില്ലിന്നും സത്യം !
ഞാനെന്തേ വൈകിപ്പോയി...

## ■ കവിത

# മനസ്സാക്ഷി



**എടത്തറ ജയൻ**
**9446033861**

കാലത്തിനൊത്ത് നടന്നിടുമ്പോൾ
കാൽച്ചോട്ടിലെ മണ്ണ് കളഞ്ഞിടല്ലേ
കൈരളിയ്ക്കാർന്നുള്ള
പൂർവ്വകാലം
കൈമോശമാകാതിരുന്നിടണ്ടേ ?
വേലകൾ കൂടി ഞാറ്റ്യേലമാറി
വേലികളെല്ലാം മതിലുമായി
വേലിപ്പരുത്തിയും വള്ളികളും
വേലിപ്പടർപ്പുമില്ലാതെയായി.
കായ്കനി നൽകിയ വള്ളിച്ചെടി
കായ്ക്കുവാൻ
തൈകളില്ലാതെയായി
കാരമുള്ളിൻ പഴം കൊത്തിടാനായ്
കുഞ്ഞുകിളിക്കോ ചെടികളില്ല.
പുല്ലുകൾ മേയുന്ന പൈക്കിടാവോ
പുൽത്തകിടിയിലെത്താറുമില്ല
പുൽച്ചെടി പിന്നെയോ കാടതായി
പുൽവർഗ്ഗം തീർത്താപരപ്പുമാത്രം.
സ്വന്തമാം വീടിന്റെ വൃത്തി നോക്കി
സ്വന്തമല്ലാത്തതായ് ചുറ്റുപാടും
സ്വസ്ഥതയ്ക്കായി മതിലു പൊങ്ങി
സ്വസ്ഥതയെങ്ങുമില്ലാതെയായി.
മണ്ണിൽ ലയിക്കേണ്ട വസ്തുക്കളെ
മണ്ണിൻ പുറമേ പരത്തിടുമ്പോൾ
മണ്ണിനോ ജൈവം ലഭിച്ചിടാതെ
മാലിന്യമായി പുഴയിലെത്തി.
മാലിന്യമേറെയകറ്റുവാനായ്
മാന്യമായ് ചെയ്യുന്ന തീജ്വലനം
മൂക്കിനും ശ്വാസകോശത്തിനുമെ
മുക്കാലും കേടുവരുത്തിടുന്നു.
ആര് പഠിപ്പിച്ചതാണിതെല്ലാം
ആദ്യത്തെ കാല സ്മൃതികളോർക്കു
ആരുമേ ചോദ്യമില്ലെന്നതിനാൽ
ആർക്കുമേയെന്തുമെവിടെയാകാം.
എന്നുള്ള കാലം കഴിഞ്ഞുപോയി
എന്നും മനസ്സാക്ഷി ചോദ്യമില്ലേ ?
എത്രയോ രോഗം കയറിവന്നു
ഏറെ ദുരിതം പെരുകിടുന്നു.
ചോദ്യത്തിനാരുമില്ലെന്ന ചിന്ത
ചേതനയില്ലാത്ത മർത്യനാകാം
ചോദ്യമായെന്നുമേ മുന്നിലെത്തും
ചേതസ്സായിടും മനസ്സാക്ഷിയും.

# ഒന്നും പറയാതെ

ടി. വി. ഹരികുമാർ
9446118387



**ഡോ**ക്ടറുടെ മുറിയിൽ നിന്ന് പുറത്തേക്കിറങ്ങിയപ്പോൾ രമേശിന്റെ തോളിൽ തല ചായ്ച്ചുകൊണ്ട് സരിത പറഞ്ഞു – "ഒരു ദൈവവും തുണച്ചില്ലല്ലോ രമേശേട്ടാ..."

ഒന്നും മിണ്ടാനാവാതെ സരിതയെ ചേർത്തുപിടിച്ചു രമേശ്. "മോളൂ... നീയിങ്ങനെ തളർന്നാലോ ?" രമേശിന്റെ ആശ്വാസവചനങ്ങളിലും പതർച്ചയുണ്ടായിരുന്നു. നഗരത്തിലെ പ്രശസ്തമായ ആശുപത്രിയുടെ വിശാലമായ പുൽത്തകിടിയിലെ ഒഴിഞ്ഞ ചാരുബഞ്ചിനരികിലേക്ക് അറിയാതെ രണ്ടുപേരുടേയും കാലുകൾ നീങ്ങി. ബഞ്ചിലിരുന്ന് പുൽത്തകിടിയിലെ കാഴ്ചകൾ എത്രയോ വട്ടം കണ്ടിരിക്കുന്നു. അന്നൊക്കെ ചെറിയ ചെറിയ അസുഖങ്ങൾക്കായിരുന്നു ചികിത്സ. പുൽത്തകിടിയുടെ ഓരത്ത് നിറയെ പൂചൂടി നിൽക്കുന്ന കടലാസുചെടി നോക്കി സരിത പറഞ്ഞു – "നോക്കൂ, കൊടും വേനലിലും നിറയെ പൂചൂടുന്ന ആ ചെടിയായി മാറിയെങ്കിൽ എന്നാണാഗ്രഹം." രമേശ് സരിതയുടെ സജല നേത്രങ്ങളിൽ നോക്കി ഒന്നും പറഞ്ഞില്ല. "അല്ല ആ ചെടിയായിട്ടെന്തിനാ അല്ലേ രമേശേട്ടാ. ചെടി ഒരിടത്തുനിൽക്കയല്ലെയുള്ളു. രമേശേട്ടനോടൊപ്പം എന്നും ഉണ്ടാവുന്ന ഒരു വസ്തുവായി പിറക്കണം."

"എന്താ സരിതേ ഇങ്ങനെ..." മുടിയിഴകളിൽ തലോടി പതിയെ പറഞ്ഞുകൊണ്ട് നിറഞ്ഞ തന്റെ കണ്ണുകൾ സരിത കാണാതിരിക്കുവാനായി രമേശ് ദൂരേക്ക് നോക്കി.

"അല്ല രമേശേട്ടാ നമ്മൾ പ്രേമിച്ചുകളഞ്ഞത് നീണ്ട ആറുവർഷമാണ്. അതബദ്ധമായി പോയി അല്ലേ ? ഒരു മിച്ചുള്ള ജീവിതത്തിലെ ആറുവർഷത്തിന്റെ കുറവ്..."

"സരിതേ..." ആർദ്രമായ വിളിക്ക് തന്റെ മനോഹരമായ പുഞ്ചിരിയാണ് സരിത സമ്മാനിച്ചത്. പുൽത്തകിടിയിലെ ഒഴിഞ്ഞ കോണിൽ ആരോ തീർത്ത മണ്ണിന്റെ ശില്പം നോക്കി അനങ്ങാതെയിരിക്കുവാനേ രമേശിനായുള്ളു. മതവും ജാതിയും വേലിക്കെട്ടുകൾ തീർത്ത സമൂഹത്തിൽ സരിതയെന്ന അനാഥാലയത്തിലെ പെൺകുട്ടിയുടെ കൈപിടിച്ചുനടക്കുമ്പോൾ ലോകം കീഴടക്കിയ യോദ്ധാവിന്റെ ഭാവമായിരുന്നു രമേശിന്. നഗരത്തിലെ ടൈലറിംഗ് യൂണിറ്റിൽ നിത്യം കാണുന്ന പെൺകുട്ടിയുടെ നിറഞ്ഞ ചിരിയാണ് രമേശിന്റെ മനസ്സിൽ. നിറയെ വസന്തം തീർക്കുന്ന ബോഗൻവില്ല പൂക്കൾ പോലെ അഴിച്ചിട്ട മുടിയുമായി വസന്തം വിതറി നടന്നുപോകുന്ന പെൺകുട്ടി. ആരെന്നറിഞ്ഞല്ലല്ലോ പ്രണയം ഉടലെടുക്കുന്നത്. ആറുവർഷത്തെ കാത്തിരിപ്പ്. അതിനിടയിൽ ഒളിഞ്ഞും തെളിഞ്ഞും എത്ര സമാഗമങ്ങൾ. പഴയകാല പ്രതാപം പേറി വെറും തൂണുകളായി നിലകൊള്ളുന്ന കടൽപ്പാലത്തിന്റെ അരികിലായി എത്രയോ സായന്തനങ്ങൾ... തന്റെ നെഞ്ചിലേക്ക് തലചായ്ച്ച് മയങ്ങുന്ന സരിതയുടെ മുടിയിഴകളിൽ വിരലോടിച്ച് നനുത്ത രോമരാജികൾ അതിരുകൾ തീർക്കുന്ന മനോഹരമായ കഴുത്തിൽ രമേശ് ചുംബിച്ചു. പലപ്പോഴും നീർകുമിളകൾ അടർന്നുവീണ കഴുത്ത് നനഞ്ഞുകൊണ്ടിരുന്നു. എത്രനേരം എന്ന് നിശ്ചയമില്ല. എപ്പോഴോ മനസ്സുപറഞ്ഞു പോകാം...

"സരിതേ..." രമേശിന്റെ വിളിയിൽ സരിതയില നക്കമില്ല. പാവം തന്റെ നെഞ്ചിൽ ചേർന്നുകിടക്കുന്ന സരിതയെ അയാൾ പതിയെ ഉയർത്തി. "സരിതേ..." അയാളുടെ കൈയിൽ നിന്ന് വഴുതി പുഞ്ചിരിക്കുന്ന മുഖവുമായി സരിത മടിയിലേക്ക് വീണു.

■ കവിത

അബ്ദുറബ്ബ് പറളി
9400227780




# ഇടവപ്പാതി പെയ്യാതിരുന്നത്

അന്ന് പെയ്തൊഴിഞ്ഞ ഇടവപ്പാതിയിൽ
പാടംനിറഞ്ഞതും, ഞണ്ടുകൾ
മണ്ണിൽമാളമൊരുക്കിയതും
നിനക്കുവേണ്ടി
പച്ചതവളകൾ കൂട്ടമായ് കരഞ്ഞതും
കളകളായ കളകളൊക്കെ മുളച്ച്പൊന്തിയതും
നിനക്കുവേണ്ടി
മാനം ഈവിധം പെയ്തതും, ഏറ്റുമീനുകൾ
ചാകരയായ് വന്ന് നിറഞ്ഞതും
നിനക്കുവേണ്ടി
നീർക്കോലികൾ ഇടവിട്ടിടവിട്ട് മേഞ്ഞതും
നിർദോഷിയാം മണ്ണിരകൾ പ്രത്യക്ഷപെട്ടതും
നിനക്കുവേണ്ടി
മഴവെള്ളംനിറഞ്ഞ പാടത്ത് തവളകൾ മുട്ടയിട്ടതും
മാടത്തക്കിളി തീറ്റതേടി പറന്നുല്ലസിച്ചതും
നിനക്കുവേണ്ടി
ഉഴുതിട്ട പാടത്ത് വെള്ളകൊക്കുകൾ വന്നിരുന്നതും
പച്ചപ്പായലുകൾ ഇടക്കിടെ പച്ചനിറം തന്നതും
നിനക്കുവേണ്ടി
ഒടുവിൽ എല്ലാറ്റിനും മേൽ കൊടും കീടനാശിനിയിട്ട്
എല്ലാത്തിനേയും ഒന്നിച്ച് കൊന്നൊടുക്കിയതും നീ
നിനക്കുവേണ്ടി
എങ്കിലിതല്ലേ സത്യം, നിൻെറ കൊടും വിഷത്താൽ
ഇവയെല്ലാം ചത്തൊടുങ്ങിയതു കണ്ടിട്ടല്ലേ
ഇടവപ്പാതി പെയ്യാൻ മടിച്ചത്.

■ കവിത

# മാഞ്ഞു പോവുന്നത്



**വിനോദ് ചെത്തല്ലൂർ**
**9562410046**

അതിരുകൾ മായ്ച്ച
ങ്ങോടി നടന്നു, കുട്ടിക്കാലം.
മറവുകളില്ലാ കൂരകൾ
തന്നു, സ്നേഹക്കാലം.

തെരുതെരെ തമ്മിൽക്കണ്ടു
നിത്യം, കൈകൾ കോർത്തു...
അവരുടെ മകളിന്നിവരുടെ
മകളായ്, ഒരുമകൾ തീർത്തു.

വറുതികൾ, വാഴ്‌വിൻ കുരുതികൾ
തമ്മിൽ, താങ്ങിത്തീർത്തു..
മുറിവുകൾ, കീറും നെഞ്ചുകൾ
പോലും തുന്നിച്ചേർത്തു.

നിറവും മതവും ജാതിക്കൂത്തും
തിരിയാതാർത്തു...
മുറുകെപ്പുണരേ,യിവനെന്നുയിരി-
ന്നുയിരെന്നോർത്തു.

തൊടികളിലതിരുകൾ
വന്നു, പിന്നെ പൊട്ടക്കാലം...
മനസ്സുകൾ നീറ്റും മേടകൾ
നൽകി, നോവിൻകാലം.

കളികളിലൂടെ,യിഴുകി
ച്ചേരും, മനസ്സുകളൊന്നായ്
എഴുതും നാടിൻ കാവ്യമതെന്നും
ഇതിഹാസം പോലെ !!

വരിക്കാരായി സഹകരിക്കുക
**ഏക തത്ത്വ മാസിക**
**വാർഷിക വരിസംഖ്യ - 170 രൂപ**
**രണ്ടുവർഷത്തേയ്ക്ക് - 340 രൂപ**
**മൂന്നുവർഷത്തേയ്ക്ക് - 500 രൂപ**
**രചനകളും കത്തുകളുമയക്കേണ്ട വിലാസം**
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

■ കഥ

# നസീബ്



**ടി. കെ. ഉണ്ണികൃഷ്ണൻ**
**9447972209, 0491 - 2578098**

നഗരത്തിൽ എവിടെ നോക്കിയാലും അവളുടെ ഫോട്ടോ നിറഞ്ഞ ബോർഡുകൾ. മൈക്ക് പിടിച്ചുള്ള അവളുടെ ഫോട്ടോ ഒന്നുനോക്കാതെ ആരും മുന്നോട്ടുപോവില്ല. മാപ്പിളപ്പാട്ടിന്റെ റാണി, അങ്ങിനെയാണ് ആളുകൾ അവളെ വിശേഷിപ്പിക്കാറ്. 2019 ലെ ജനുവരി 1ന് നഗരത്തിലെ ഏറ്റവും വലിയ ഓഡിറ്റോറിയത്തിൽ വെച്ചാണ് പരിപാടി. ടിക്കറ്റുകൾ കഴിഞ്ഞിരിക്കുന്നുവത്രെ. വൈകുന്നേരം 6 മണിക്ക് ഓഡിറ്റോറിയത്തിൽ തിരക്കിന്റെ ബഹളം. ടിക്കറ്റ് കിട്ടാത്തവരുടെ ബഹളം സഹിക്കാൻ വയ്യാതെ ഭാരവാഹികൾക്ക് പുറത്തുനിൽക്കുന്നവർക്കുവേണ്ടി വലിയ ടി. വി. സ്ക്രീൻ വെയ്ക്കേണ്ടിവന്നു.

ഓഡിറ്റോറിയത്തിന്റെ കതക് അടഞ്ഞു. പരിപാടി തുടങ്ങാൻ വേണ്ടിയുള്ള അനൗൺസ്മെന്റ് തുടങ്ങി. പ്രേക്ഷകരുടെ കൈയടിയും വിസിലടിയും പുറത്ത് സ്ക്രീനിൽ കാണുന്നവരുടെ ബഹളവും പരിസരം ഇളക്കി. മുടിയും താടിയും വളർന്ന് തലയിൽ തൊപ്പിയും കറുത്ത ജുബ്ബയും കള്ളിമുണ്ടും കൈയിൽ ഊന്നുവടിയുമായി ഒരു വൃദ്ധൻ സ്ക്രീനിനുമുന്നിൽ വന്നു കുത്തിയിരുന്നു.

അതാ അവൾ സ്റ്റേജിലേക്ക് വരുന്നു. ചുണ്ട് ചുകപ്പിച്ച്, കവിൾ ചുകപ്പിച്ച് കൺപോളകൾ ചുകപ്പിച്ച്, കൺമഷി നീട്ടിവരച്ച് പകുതി മുടി മുന്നോട്ട് ഇട്ട് നഗ്നത പുറത്ത് ഒഴുകുന്ന വസ്ത്രമിട്ട് സ്റ്റേജിൽ മൈക്കുമായി അവൾ നിന്നപ്പോൾ ചെറിയ ചെറിയ നിക്കറും കുടുങ്ങിയ ബനിയനുമിട്ട് കുറേ പെൺകുട്ടികൾ അവൾക്ക് പിന്നിൽ നിരന്നു. കളറുകൾ മാറ്റി മാറ്റി അടിക്കുന്ന ലൈറ്റിന്റേയും ഉച്ചത്തിലുള്ള മ്യൂസിക്കിന്റെയും ആൾക്കാരുടെ കൈയടിയുടേയും ഇടയിൽ അവളുടെ ശബ്ദം ഉയർന്നു. പിന്നിൽ നിറഞ്ഞ പെൺകുട്ടികളുടെ ഡാൻസ് കൊഴുത്തു.


മാപ്പിളപ്പാട്ട് അതിന്റെ രൂപം മാറിയിരിക്കുന്നു. പുതിയ പുതിയ താളം വന്നിരിക്കുന്നു. പാടുന്നവളുടേയും കൂടെ നൃത്തം വെയ്ക്കുന്നവരുടേയും വസ്ത്രങ്ങളുടേയും ഫാഷൻ മാറിയിരിക്കുന്നു. പാട്ട് കേൾക്കുന്നതിലും ഇഷ്ടം കാണുന്നതിലായിരിക്കുന്നു. എല്ലാം കണ്ടിരിക്കുന്ന വൃദ്ധന്റെ കണ്ണ് നിറഞ്ഞതാരും നോക്കിയില്ല. അയാൾ മറിഞ്ഞുവീണതാരും ശ്രദ്ധിച്ചില്ല. ശ്വാസം നിലച്ചതും ജനം അറിഞ്ഞില്ല.

പരിപാടി കഴിഞ്ഞ് ആളുകൾ പോകുന്ന തിരക്കിൽ ആരോ അയാളെ തട്ടി വീണപ്പോഴാണ് ആൾക്കാർ അയാളെ ശ്രദ്ധിച്ചത്. ചിലർ അയാളെ കുലുക്കി വിളിച്ചു. പിന്നെ അയാൾ മരിച്ചിരിക്കുന്നുവെന്ന് ആൾക്കാർക്ക് ബോധ്യം വന്നു. ഒരാൾ പോക്കറ്റ് തപ്പി. അതിൽനിന്ന് ഒരു മുഷിഞ്ഞുനാറിയ ഡയറി കിട്ടി പലരും ചോദിച്ചു ഡയറിയിൽ വല്ല അഡ്രസ്സും ഉണ്ടോ ? അഡ്രസ്സൊന്നും ഇല്ല പക്ഷെ പരിപാടിയിൽ അവൾ പാടിയ പാട്ടുകൾ എഴുതിയിട്ടുണ്ട്. എന്നാലിത് അബൂബക്കർ തന്നെ. കുറേ കൊല്ലങ്ങൾക്ക് മുമ്പ് പൂരപ്പറമ്പുകളിൽ ഇയാൾ പാടുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഓൻ എഴുതിയതാ ഇതിലെ വരികൾ എന്ന് ഒരു വയസ്സൻ പറഞ്ഞപ്പോൾ ഒരാൾ മൂക്കത്ത് വിരൽ വെച്ച് പറഞ്ഞു വല്ലാത്തൊരു നസീബ്. ലക്ഷങ്ങൾ വാങ്ങിപ്പോകുന്ന അവളുടെ പരിപാടിയിൽ ഈ പാട്ടു

കളെഴുതിയവന്റെ പേര് പോലും പറഞ്ഞില്ല. അതിനൊരാളുടെ ഉത്തരമുണ്ടായി – നിങ്ങൾ പറഞ്ഞ ആ നസീബ് എല്ലാവർക്കും ഉണ്ടാവില്ല. ഗായകർ അവാർഡുകൾ വാങ്ങുമ്പോൾ ഗാനം എഴുതിയവർ പലപ്പോഴും ആരും അറിയാതെ പോകും. നേതാവും മന്ത്രിയും പ്രസംഗം തട്ടി വിടുമ്പോൾ അത് എഴുതിക്കൊടുത്ത ആളെ ലോകം കാണില്ല. സിനിമയിൽ നായകൻ അതിഗംഭീരമായി സ്റ്റണ്ടുകൾ നടത്തുമ്പോൾ അത് ചെയ്ത ഡ്യൂപ്പുകൾ ആരാണെന്ന് അറിയില്ല, ഇതെല്ലാം ഒരു നസീബാണ്.

അത് ശരിവെച്ച് ആൾക്കാർ പിരിഞ്ഞപ്പോൾ അവരുടെ സംസാരത്തിൽ അബൂബക്കർ മറഞ്ഞിരുന്നു. പരിപാടിയിൽ അവളുടെ ശരീരഘടനയും ഇടയ്ക്കിടെ വസ്ത്രങ്ങൾ മാറിയതും പുറകിലെ നിക്കറിട്ട പെൺകുട്ടികളുടെ നൃത്തവും സംസാരത്തിൽ തിങ്ങി നിന്നു. നമ്മുടെ സംസ്ക്കാരത്തിലെ പഴയ മാപ്പിളപ്പാട്ടിന്റെ ഗതി നഷ്ടമാവുന്നതിൽ ആർക്കും ഒന്നും പറയാനുണ്ടായിരുന്നില്ല. •

# എന്ന് സ്വന്തം മണിക്കുട്ടി



സൈനുദീൻ മുണ്ടക്കയം
9947253006

**ഒ**രു പശുക്കുട്ടിയായി ജനിച്ചതിൽ ഞാൻ അഭിമാനപുളകിതയാണ്. എന്റമ്മയുടെ സംരക്ഷകർ ആരതിയുഴിഞ്ഞും കുങ്കുമചന്ദനാദികൾ അണിയിച്ചും എന്നെ സ്വീകരിച്ചത് ഞാനോർക്കുന്നു. അമ്മയുടെ യജമാനന്മാർ, അയ്യോ ക്ഷമിക്കണം അവർ എന്റേയും യജമാനന്മാരാണല്ലോ. അവർ അതിരറ്റ് സന്തോഷിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നത് ഞാൻ കണ്ടു. അവർ എന്നെ വാരിയെടുത്ത് ഉമ്മ വയ്ക്കുകയും എടുത്തുകൊണ്ടുനടക്കുകയും ചെയ്തു.

എന്റെ ശൈശവം അതീവ സുന്ദരമായിരുന്നു. ഞാനെന്റെ വീട്ടുകാരുടെ കണ്ണിലുണ്ണിയായി. കഴുത്തിൽ മണി ആഭരണം അണിയിച്ചു. എന്റെ ഓരോ ചലനത്തിലും മണിക്കിലുക്കം മണിക്കുട്ടിയെന്ന ഓമനപ്പേരും തന്നു. എന്റെ അമ്മയെ, കാലത്തുതന്നെ ശരീരശുദ്ധി വരുത്തിച്ച്, പാൽ കറന്നെടുക്കുമായിരുന്നു. എനിക്ക് കുടിക്കുവാൻ അല്പം തരും ബാക്കി മുഴുവൻ കറന്നെടുക്കും. എന്നിരുന്നാലും ഇളം പുല്ലും പിണ്ണാക്കും കാലിത്തീറ്റയെന്ന വിശിഷ്ട ഭക്ഷണവും ഞങ്ങൾക്ക് തന്നിരുന്നു.

ഞങ്ങളോടൊപ്പമുണ്ടായിരുന്ന മറ്റൊരമ്മ പെറ്റത് ഒരു കാളക്കുട്ടിയേയായിരുന്നു. എന്റമ്മയോട് കാണിച്ച സ്നേഹപ്രകടനം അവിടെ കണ്ടില്ലെന്ന് മാത്രമല്ല, ആ കിടാവിന് പാൽ കുടിക്കാനവസരം കൊടുക്കാതെ മുഴുവൻ പാലും കറന്നെടുക്കുക പതിവായിരുന്നു. പെറ്റമ്മ മകനെ ദയനീയമായി നോക്കിനില്ക്കുന്ന കാഴ്ച ഞങ്ങളെ വേദനിപ്പിച്ചു. ആ അമ്മ പാൽ മുഴുവൻ ചുരത്താതെ മകനുവേണ്ടി കരുതുന്നുണ്ടെന്ന് യജമാനന് സംശയം. അതിന്റെ പേരിൽ ആ അമ്മയ്ക്ക് പീഡനങ്ങൾ ഏല്ക്കേണ്ടതായും വന്നിട്ടുണ്ട്.

ഇതൊക്കെയാണെങ്കിലും ഗോമാതായെന്ന് വിളിക്കുകയും വിശേഷ ദിവസങ്ങളിൽ ആരാധിക്കുകയും ചെയ്തിരുന്നു എന്നത് മറ്റൊരു യാഥാർത്ഥ്യം. കാളക്കുട്ടിക്ക് വേണ്ടത്ര പരിഗണന കിട്ടിയിരുന്നില്ല. അവൻ എന്നോടൊപ്പം കളിക്കാൻ കൂടുമായിരുന്നു. അത് മാത്രമായിരുന്നവന്റെ ഏക സന്തോഷം. മിണ്ടാപ്രാണികളാണെങ്കിലും ഞങ്ങൾക്ക് ഞങ്ങളുടേതായ വിചാരവികാരങ്ങളുണ്ടല്ലോ. ഞങ്ങൾക്കത് പരസ്പരമറിയാം.

ഞങ്ങളുടെ യജമാനൻ, ഗോമാതാക്കളുടെ ചാണകവും മൂത്രവും ഭയഭക്തിയോടെ ശേഖരിക്കുന്നത് പതിവായിരുന്നു. അപൂർവ്വം ചിലർ മൂത്രം ഭയഭക്തിപുരസ്സരം പാനം ചെയ്യുന്നതും ചാണകം പ്രത്യേകം എടുത്തുകൊണ്ടുപോകുന്നതും കണ്ടിട്ടുണ്ട്. ഞങ്ങൾ പശുക്കൾ എത്ര ഭാഗ്യശാലികൾ; ആദരണീയർ എന്നോർത്ത് അഭിമാനിച്ചിരുന്നു.

ഈ അടുത്ത കാലത്തായി അവർ, അമ്മയെ, അമ്മ ഒരു സുന്ദരിയാണ്. കാഴ്ചയ്ക്കും മേനിക്കൊഴുപ്പിനും പേരു കേട്ടവൾ, ചില ചിട്ടവട്ടങ്ങൾ പഠിപ്പിച്ചുതുടങ്ങി. മനുഷ്യന്റെ കോലമുണ്ടാക്കി. മണിയടി ശബ്ദത്തിനനുസരിച്ച് വലതുകാൽ ഉയർത്തികോലത്തിൽ വയ്പിക്കും. അനുഗ്രഹം കൊടുക്കുകയാണത്രെ !! എന്തായാലും കുറച്ചുദിവസങ്ങൾ കൊണ്ട് അമ്മ ആ വിദ്യ പഠിച്ചു. ആൺ പെൺ, പ്രായഭേദമില്ലാതെ ആളുകൾ വരികയും അമ്മയുടെ (ഗോമാതാവിന്റെ) അനുഗ്രഹം തേടുകയും ചെയ്യുന്ന കാഴ്ച എന്നെ ആശ്ചര്യപ്പെടുത്തി. വരുന്നവർ പഴങ്ങൾ നിവേദിക്കും. ഉണ്ടികയിൽ പണം നിക്ഷേപിക്കും. യജമാനന് നല്ലവരുമാനമുള്ള ഏർപ്പാടായി അത് വികസിച്ചു. എനിക്കധികസമയം അമ്മയോടൊപ്പം ചെലവഴിക്കാൻ കിട്ടാതായി. അമ്മ വൃത്തിയുള്ള മുറിയിൽ കർപ്പൂരചന്ദനങ്ങൾ പുകയ്ക്കുന്ന സ്ഥലത്ത് ഭക്തരെ അനുഗ്രഹിക്കാൻ നില്പാണ്. പാൽ കറന്നതിനുശേഷം കാലത്തും വൈകീട്ടുമാണ് ദർശനസമയം നിശ്ചയിച്ചിരുന്നത്. ഇടയ്ക്ക് ഭക്ഷണവും വെള്ളവും മുടക്കം കൂടാതെ കിട്ടിയിരുന്നു. എന്തായാലും ഞങ്ങൾ കുട്ടികൾ കൗതുകത്തോടെ കാഴ്ചകൾ

കണ്ടുനടക്കും. ഭക്തർ ഞങ്ങൾക്കും പഴങ്ങൾ തന്നിരുന്നു. ഈ മനുഷ്യരുടെ ഒരു കാര്യം !!

പശുക്കളെ വളർത്തുന്നത് പാലിനും ചാണകത്തിനുമാണെന്ന് ആളുകൾ പറയുന്നു. ശരിയാണ്, ഞങ്ങളുടെ മലമൂത്രാദികൾ നല്ല വളമാണ്. സസ്യങ്ങൾക്ക് നല്ല പോഷകം നിറഞ്ഞ ആഹാരം. ഗോമൂത്രം മനുഷ്യരുടെ ചില രോഗശാന്തിക്ക് മരുന്നാണെന്നും പറയപ്പെടുന്നു. വളരെ നല്ലത്.

മൃഗങ്ങളിൽ വച്ച് മുന്തിയ വർഗ്ഗം മനുഷ്യരാണെന്ന് ഒരാൾ കുട്ടികളോട് പറയുന്നതുകേട്ടു. നാല് ക്കാലികളായ അതും പശുവർഗ്ഗത്തിൽ പെട്ട ഞങ്ങളെ ഉത്കൃഷ്ടരാക്കുകയും ആരാധിക്കുകയും ചെയ്യാനെന്തേ കാരണം ?

ദേവാംശത്തിൽ ജനിച്ചതാണെന്നും അതുകൊണ്ടുതന്നെ ഗോക്കൾ പരിശുദ്ധരാണെന്നും ചിലർ പറയുന്നത് കേൾക്കുമ്പോൾ എന്തെന്നില്ലാത്ത സന്തോഷവും അഹങ്കാരവും തോന്നിപ്പോകുന്നതിന് ഞങ്ങളെ കുറ്റപ്പെടുത്തരുതേ ! മനുഷ്യർക്ക് ഞങ്ങൾ ആരാധ്യരാകുന്നത് ഇക്കാരണത്താലാണല്ലോ. ഈ ഭൂമിയിൽ മറ്റൊരു ജീവിക്കും ലഭിക്കാത്ത സൗഭാഗ്യമാണത്.

ഈ അടുത്ത കാലത്തായി ഒരു വിഭാഗം മനുഷ്യർ ഞങ്ങളെ ആരാധിക്കുന്ന കാര്യത്തിൽ മത്സരിക്കുന്നു. ഞങ്ങളെ ഉപദ്രവിക്കുന്നവരെന്ന് സംശയിച്ച് തന്റെ സഹചരരെപ്പോലും പീഡിപ്പിക്കുകയും കൊലപ്പെടുത്തുകയും വരെ ചെയ്യുന്നതായി കേൾക്കുന്നു. അതെന്തായാലും നന്നല്ല.

മനുഷ്യരിൽ ചില വിഭാഗങ്ങൾ ഞങ്ങളുടെ വർഗ്ഗത്തെ കൊന്നുതിന്നുന്നുമുണ്ട്. അതവരുടെ ആവശ്യവും അവകാശവുമാണെന്ന് അവർ വിശ്വസിക്കുന്നു. കൊന്നാൽ പാപം തിന്നാൽ തീരുമത്രേ !!

എന്തായാലും ഏത് ജീവിക്കും പ്രത്യുല്പാദനവും വംശവർദ്ധനവും സ്രഷ്ടാവ് നല്കിയിട്ടുണ്ട്. ഞങ്ങളാണെങ്കിൽ ചെറുപ്രായത്തിൽ ത്തന്നെ, മനുഷ്യരുടെ ഒന്നരവർഷം വംശവർദ്ധനവിന് യോഗ്യരാകുന്നു. ഞാനും ആ പ്രായത്തിൽ ഒന്നുമറിയാതെ ഗർഭം ധരിച്ചു. ഒരിണയുമായി ബന്ധപ്പെട്ടിട്ടുപോലുമില്ല. ഒരു ഡോക്ടർ വന്ന് കൃത്രിമ ബീജസങ്കലനം എന്ന ക്രിയ നടത്തിപ്പോയി. എന്റെ ജന്മാവകാശം ഹനിക്കപ്പെട്ടു. ഉടമകൾ നല്ല പരിചരണം തന്നു. അങ്ങനെ ഞാനും ഒരമ്മയായി.

നിർഭാഗ്യം ഒരാൺ കിടാവാണ് പിറന്നത്. കുറച്ചവഗണന സഹിച്ചെങ്കിലും പാൽ സമൃദ്ധിയിൽ അവർ സന്തുഷ്ടരായി. അതുകൊണ്ടുതന്നെ പീഡനം ഏറെയുണ്ടായില്ല. ഒന്നുപറയാൻ മറന്നു. എന്റെ കളിക്കൂട്ടുകാരൻ കാളക്കുട്ടനെ രണ്ടു വയസ്സുതികഞ്ഞപ്പോൾ രഹസ്യമായി ഇറച്ചിവെട്ടുകാരൻ വാറുണ്ണിക്ക് വിറ്റിരുന്നു. അവൻ വേദനയോടെ പടികടന്നുപോയ കാഴ്ച എന്നെ വല്ലാതെ വേദനിപ്പിച്ചു. ദൈന്യത നിറഞ്ഞ അവന്റെ നോട്ടം മറക്കാൻ കഴിയുന്നില്ല. ഇനി എന്റെ മകന്റെ ഭാവിയും അതാവില്ലേയെന്നോർക്കുമ്പോൾ മനസ്സ് നടുങ്ങുന്നു. ഞങ്ങളുടെ ദുഃഖം ആരറിയാൻ ? കറവപ്പശുവിന് ദിവസം രണ്ടുനേരം പാൽ ചുരത്താൻ യോഗം.

ആയിടയ്ക്കാണ് പ്രായമായ ഒരു തള്ളപ്പശുവിന് കാര്യമായ എന്തോ രോഗം ബാധിച്ചു. ഞങ്ങളിൽ നിന്നും ദൂരെ പറമ്പിൽ അതിനെ തനിച്ചുകെട്ടിയിട്ടു ആ രോഗം മറ്റുള്ളവർക്കും ബാധിക്കാതിരിക്കാനല്ലെ എന്നാശ്വസിച്ചു. അവഗണന കാരണം അത് നന്നേ ക്ഷീണിച്ചു.

ഗോഹത്യ പാപമാണെന്നും, ഹത്യ നടത്തുന്നവർക്കെതിരെ എന്തക്രമവും ചെയ്യാൻ മടിയില്ലാത്തവരുമാണ് പലരും. വാറുണ്ണി ഇറച്ചിക്കായി ആ തള്ളപ്പശുവിനെ കിട്ടുമോ എന്നന്വേഷിച്ചുവന്നിരുന്നു. ഉടമകൾക്ക് വിറ്റാൽ കൊള്ളാമെന്നുണ്ട്. കുറച്ചുപണം കിട്ടുകയും ചെയ്യും. പക്ഷെ, വിറ്റാൽ പ്രശ്നമാകും. ഗോഹത്യ !! നിരാശയോടെയാണെങ്കിലും വാറുണ്ണിയെ മടക്കിയയച്ചു.

രോഗിണിയും ഇനിയും പ്രസവിക്കില്ലെന്ന് ഉറപ്പായ പശുവിനെ എന്തുചെയ്യും ? സമൂഹത്തിൽ നിലയും വിലയുമുള്ളവരായതിനാൽ ആ പശുവിനെ കെട്ടഴിച്ചുവിട്ടു. ഒരു ലാഭവുമില്ലാത്ത ഒന്നിന് ഭക്ഷണവും വെള്ളവും കൊടുത്തിട്ടെന്തുകാര്യം ? കൊല്ലാനും തിന്നാനും വയ്യ. പൊതുനിരത്തിലെവിടെയോ കൊണ്ടു ചെന്നുവിട്ടു. ശീലം കൊണ്ട് അത് പഴയ ആല തേടി വന്നു. വീണ്ടും കുറേദൂരെ എവിടെയോ കൊണ്ടുപോയി ഉപേക്ഷിച്ചു.

നഗരപ്രാന്തത്തിൽ ഈ വിധം അലഞ്ഞുനടക്കുന്ന കാലികളുടെ എണ്ണം പെരുകി, നാട്ടുകാർക്ക് സ്ഥിരം തലവേദനയായി. ചിലത് വഴിയിൽ ചത്തുവീണു. സാമൂഹ്യമായ ഒരു ആരോഗ്യപ്രശ്നമായി വളർന്നു. മനുഷ്യർക്കും പ്രതിഷേധിക്കാൻ നിർവ്വാഹമില്ലാത്ത വിധം പശുവികാരം കൊണ്ടാടപ്പെടുന്നു. കാലത്തിന്റെ രൂപ പരിണാമം !!

ഞാനും എന്റെ ഭാവിയെ സ്വപ്നം കാണാൻ തുടങ്ങി നാളെ എന്റെ അവസ്ഥയും വിഭിന്നമല്ലല്ലോ എന്നോർത്ത് നെടുവീർപ്പിടാനല്ലാതെ മറ്റെന്തുമാർഗ്ഗം. ലോകജീവിതം ശാശ്വതമല്ലെന്ന് ഇപ്പോൾ അറിയുന്നു. ഞങ്ങൾ മൃഗങ്ങൾ ! പക്ഷെ, മനുഷ്യർ മുന്തിയ വർഗ്ഗമായിട്ടും മാതാപിതാക്കളെ വഴിയിൽ തള്ളുന്ന പ്രവണത കൂടുന്നു. അപ്പോൾ വരുമാനവും ആരോഗ്യവും നഷ്ടപ്പെട്ടാൽ ആരായാലും അവഗണിക്കപ്പെടും തീർച്ച !!

എത്ര വലിയ ആരാധനാപാത്രമായിരുന്നാലും ഒരു ഘട്ടം കഴിഞ്ഞാൽ അവഗണന, അവജ്ഞ ഇവ ഏറ്റുവാങ്ങാൻ വിധിക്കപ്പെടുമെന്നാണ് അനുഭവം പഠിപ്പിക്കുന്നത്.

പൂജ്യരായ് വാണവർ പൂജ്യമായ് തീരുന്നത് അടിക്കടി കാണുന്നവർ മനസ്സിലാക്കുന്നുമില്ല, പഠിക്കുന്നുമില്ല. എല്ലാം മിഥ്യ എന്ന് ജപിക്കുന്നവർ സത്യം മാത്രം കണ്ടെത്തുന്നില്ല. കഷ്ടം !!

എന്റെ ജീവിതം ധന്യം എന്നുപറയാൻ വരട്ടെ. അത് ജീവിതാന്ത്യത്തെ കൂടി ആശ്രയിച്ചിരിക്കും. ആരാധന എന്നുമുണ്ടായിരിക്കില്ല എന്ന എന്റെ അറിവ് എന്നെ അലട്ടുന്നു.

എന്ന് സ്വന്തം മണിക്കുട്ടി

●

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയ മുരളീധരൻ സാർ,

കഴിഞ്ഞ ഏപ്രിൽ, മെയ്, ജൂൺ ലക്കങ്ങളിലെ 'ഏക തത്ത്വ' എനിയ്ക്ക് തപാൽ വഴിയായ് അയച്ചു തന്നത് വായിച്ചുതീർത്തു. ഒത്തിരി നന്ദി.

ശരിയും മൂല്യവത്തുമായ വിലയിരുത്തലോ, സൃഷ്ടിപരമായ നിർദ്ദേശങ്ങളോ ആയി ഇതിനെ കാണണമെന്നില്ല. അത് സാഹസ്സമാണന്നറിയാവുന്നതിനാൽ ! എങ്കിലും വായനക്കാരന്റെ ആദ്യധാരണ (first impression)യിൽ വന്ന ചില കാര്യങ്ങൾ കുറിയ്ക്കട്ടെ.

വേഗത കൂടിയ ആഡംബര വാഹനങ്ങളിലും വില പിടിപ്പുള്ള കംപ്യൂട്ടറുകളിലും തുടങ്ങി, യുദ്ധങ്ങളും അവയ്ക്കു പിന്നിലെ കച്ചവടതാത്പര്യങ്ങളും, തീവ്രവാദി ഗ്രൂപ്പുകളുടെ പിറവിയുടെ പിന്നിലെ സാമ്രാജ്യതാത്പര്യങ്ങളും തത്സംബന്ധമായ തിരിച്ചറിവുകളുടെ അപര്യാപ്തതയും മുതൽ ഒരു പിടി വിഷയങ്ങൾ സംബോധന ചെയ്യുന്ന ഏപ്രിൽ പതിപ്പ്.

'നമ്മളോളം വിലയില്ല, നമ്മൾ നിർമ്മിച്ചവയ്ക്ക്' എന്ന മഹത്തായ സന്ദേശം വിളംബരം ചെയ്യുന്ന മെയ് മാസലക്കം! ചിലരൊക്കെ അർഹതയില്ലാതെ ലഭിച്ച സൗഭാഗ്യങ്ങളിൽ അഭിരമിയ്ക്കുമ്പോൾ, ഭാഗ്യം കടാക്ഷിച്ചില്ലയെന്ന ഒറ്റക്കാരണത്താൽ, ആജീവനാന്തം കയ്പ്പുനീർ കുടിയ്ക്കുവാൻ വിധിയ്ക്കപ്പെട്ടവരെ ഇടയ്ക്കൊക്കെ ഓർമ്മിയ്ക്കുകയെങ്കിലും ചെയ്യേണ്ട സാമാന്യ നീതിയേപ്പറ്റിയും വായനക്കാരെ ഓർമ്മപ്പെടുത്തുന്നു. വളരെ മഹത്തരം.

'ദൈവത്തെ അറിയുവാനുള്ള മതങ്ങളുടെ വെപ്രാളത്തിൽ, വിവേകചിന്തയും ഒഴിവാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളിൽ, 'മനുഷ്യനാവാൻ എത്ര ശ്രമിച്ചാലും', മതത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്ന് മനുഷ്യൻ എന്നാണ് രക്ഷപ്പെടുകയെന്ന സന്ദേശം ബാക്കി നില്ക്കുമ്പോൾ, 'ഒന്നായിക്കാണാനായാൽ നീ ഭാഗ്യവാൻ' എന്ന് അവനെ അനുസ്മരിപ്പിയ്ക്കുന്ന അറിവിന്റെ വരമുത്തുകൾ... അഭിനന്ദനീയം തന്നെ.

ഏപ്രിൽ, മെയ് ലക്കങ്ങളെ അപേക്ഷിച്ച്, ജൂൺ ലക്കത്തിലെ മുഖത്താളിൽ, അത്രമേൽ ആശയ ബാഹുല്യം ഇല്ലയെന്നത് പത്രാധിപരുടെ ഉൾക്കാഴ്ച്ചകൾ കൂടുതൽ ആഴപ്പെടുത്തുന്നതിന് തെളിവായിയെടുക്കാമോ ?

'നിയമങ്ങൾ ഉണ്ടാക്കുന്നവർ തന്നെ ലംഘിയ്ക്കുന്ന നാട്ടിൽ, രാഷ്ട്രപിതാവ് ദിനംപ്രതി ഇകഴ്ത്തപ്പെടുന്ന നാട്ടിൽ, ആദർശങ്ങൾ മാറ്റി വച്ച്, ക്രിയാത്മക ചിന്തകൾക്ക് മരണാശംസകൾ നേർന്ന്, ഒതുങ്ങിക്കൂടുന്ന യുവതയെ'തട്ടിയുണർത്തുവാൻ 'ഏക തത്ത്വ' പോലുള്ള പ്രസിദ്ധീകരണങ്ങൾക്ക് സാധിയ്ക്കട്ടെ !

അറിവിന്റെ വഴികളിലൂടെ ജ്ഞാനത്തിലേയ്ക്ക് നടന്നടുക്കുവാനുള്ള ദിശാബോധം നല്കുന്ന ഈ കാഴ്ച്ചപ്പാട്, തികച്ചും അഭിനന്ദനീയം... 'അറിവിനായ് ജനിച്ചവൻ, എന്തിനൊക്കെയോ വേണ്ടി അലഞ്ഞു നടന്ന് വഴി മാറി മാറിയൊടുവിൽ നേടിയതോ അറിവ് ? ഇല്ലെങ്കിൽ വിട്ടേക്കുക, അവനെ: ഏക തത്ത്വമായഗ്രപഞ്ചാത്മാവിന്റെ കൈകളിലേയ്ക്ക് !

മുന്നോട്ടുതന്നെ ചരിയ്ക്കട്ടെ ! ഏക തത്ത്വ ! വിജയാശംസകൾ ഒരിയ്ക്കൽ കൂടി,

അലക്സാണ്ടർ മുട്ടത്തുപാടം
9447868255

---

പ്രിയ പത്രാധിപർ,

'ഏക തത്ത്വ' ജൂൺ ലക്കം കിട്ടി. നന്ദി. മാസിക കൃത്യമായി കിട്ടുന്നുണ്ട്. ക്ഷമിക്കണം. എന്നാൽ കൃത്യമായി പ്രതികരണം കുറിക്കാൻ പലപ്പോഴും സാധിക്കാറില്ല. വിഭവങ്ങളോരോന്നും സ്വീകാര്യം തന്നെ. അവയിൽ പ്രകാശൻ ചുനങ്ങാടിന്റെ നിയമത്തിന്റെ വഴികൾ, കോട്ടയ്ക്കൽ മധുവുമായുള്ള അഭിമുഖം ഡോ. ഒ. സി. പ്രമോദിന്റെ പത്തും ഗുസ്തിയും മുക്കം ഭാസിയുടെ ഓർമ്മ എന്നിങ്ങനെ ചിലത് കൂടുതൽ ഇഷ്ടമായി എന്നും എഴുതട്ടെ.

ഓരോ ലക്കവും ചീഫ് എഡിറ്ററെഴുതുന്ന കുറിപ്പുകൾ ഹൃദയം തൊടുന്നവ തന്നെ. അലസമായി വായിച്ചുതള്ളിയ, കണ്ടുനീങ്ങിയ വാർത്തയും കാഴ്ചയും മാനുഷീക അർത്ഥത്തോടെ അദ്ദേഹം ഓർമ്മിപ്പിക്കുന്നു. നിറഞ്ഞ നന്ദി, നിറഞ്ഞ ആദരം.

വിനയപൂർവ്വം

ശങ്കരൻ കോറോം
9496314677

---

പ്രിയപ്പെട്ട മുരളിസാർ,

ഏക തത്ത്വ ജൂലൈ ലക്കം വായിച്ചു. വളരെയേറെ സന്തോഷമുണ്ട്. കാരണം മറ്റുള്ള പ്രസാധകർക്ക് പറയാനാവാത്ത യാഥാർത്ഥ്യങ്ങളാണ് 'ജനനവും മരണവും നിശ്ചയിക്കുന്ന കാല'ത്തിലൂടെ ഇ. ടി. പറഞ്ഞത്.

പണത്തിനും പ്രശസ്തിക്കും വേണ്ടിമാത്രം എഴുതുകയും പണം ചിലവിടുകയും ചെയ്യുന്ന വലിയ ഒരു സംഘം. അവരുടെ പ്രവർത്തി കൊണ്ട് ഒരു സമൂഹത്തെ, ഒരു സംസ്കൃതിയെ, ഒരു മാനവികതയെ – അങ്ങിനെ നാം ഓരോരുത്തരും കാത്ത് സൂക്ഷിച്ച പൈതൃകത്തെ തന്നെ തുടച്ചുനീക്കും. ഹൈസ്പെഷാലിറ്റി എന്ന് വാലക്കം ചേർത്ത ആശുപത്രികളും സ്ഥാപനങ്ങളും ഇന്ന് പൊതുജനത്തെ കറവ പശുക്കളാക്കുന്നു.' സ്വയം അനുഭവിച്ചറിഞ്ഞതിനേക്കാളും വലുതല്ലല്ലോ വായിച്ചറിയുന്നത്. എല്ലാം സധൈര്യം തുറന്നുപറഞ്ഞ ഏക തത്ത്വയുടെ ശബ്ദത്തിന് ഒരായിരം നന്ദി അറിയിക്കുന്നു.

ലേഖനങ്ങളും, കഥകളും കവിതകളും ഒന്നിനൊന്ന് മികച്ചത്. അപരാഹ്നചിന്തകൾ, പത്തും ഗുസ്തിയും ഭൗതിക ആത്മീയ സിദ്ധാന്തങ്ങൾ, ചിന്തിക്കാൻ പഠിക്കൂ, ജാതിഭ്രഷ്ടൻ തുടങ്ങി ലേഖനങ്ങളെല്ലാം വായനയിൽ പിടിച്ചിരുത്തി, യജമാനൻ, ദുഃഖം, തെക്കീട്ടിൽ കഥകളും കവിത

കളും മനസ്സിൽ തട്ടി. ഇത് കൂടാതെ പല പംക്തികളും നന്നായിരുന്നു. ഏറെ പ്രതിസന്ധി നിറഞ്ഞ ലോകത്ത് മനുഷ്യത്വവും, ധാർമ്മികതയും സംസ്കാരവും ഉയർത്തികാട്ടാനുള്ള ഏക തത്ത്വയുടെ ആർജ്ജവം എന്നെന്നും നിലനിൽക്കട്ടെ.

അബ്ദുറബ്ബ് മാസ്റ്റർ
9400227780

**പറയേണ്ടതുതന്നെ... എല്ലാം സത്യങ്ങൾ**

പ്രിയ മുരളീധരൻ സാർ,

ഏക തത്ത്വ ജൂലായ് ലക്കം കിട്ടി. മുഖച്ചിത്രം ശ്രദ്ധേയം. താഴെ അടിക്കുറിപ്പ് ജനനവും മരണവും നിശ്ചയിക്കുന്ന കാലം: ആ മുഖച്ചിത്രത്തിന് ചേരുന്ന അടിക്കുറിപ്പാണെന്ന് തോന്നി. പേജ് മറിച്ചപ്പോൾ എനിക്ക് പറയാനുള്ളത് വായിച്ചു കഴിഞ്ഞ് ഒന്നുകൂടി വായിച്ചു. സാധാരണ ഞാൻ ഒരുവട്ടം വായിക്കുകയേയുള്ളു. പക്ഷെ ചില വാക്യങ്ങളിലൂടെ കടന്നുപോയപ്പോൾ ഒന്നുകൂടി വായിക്കണമെന്നുതോന്നി. എഴുതിയതെല്ലാം സത്യം. ഞങ്ങൾക്കും പറയാനുള്ളത് തന്നെ സാർ പറഞ്ഞത്. നേരായ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവർക്ക് നിലനിൽപ്പില്ലാത്ത കാലം. രാജഭരണകാലത്തെ പാലം ഇപ്പോഴും ഗതാഗതയോഗ്യം. ജനായത്ത ഭരണകാലത്തെ പാലം പൊളിഞ്ഞുവീഴുന്നു. എന്താ പറയുക ? സമൂഹത്തിലെ ചില വിഭാഗം ഉദ്യോഗസ്ഥരുടെ വരുമാനം എങ്ങനെയെന്ന് ആരും അന്വേഷിക്കാത്തതെന്താ ? ഏക്കറുകണക്കിനു സ്ഥലവും കൊട്ടാരവും വാഹനവുമൊക്കെ എവിടെനിന്നു കിട്ടി. ആരന്വേഷിക്കുന്നു ? ഇങ്ങനെ നോക്കിയാൽ എല്ലാ രംഗത്തും അഴിമതി തന്നെ. ഓരോന്നിനും ഓരോ ദിനം, ആഘോഷം, വായനാദിനം ഉത്സവമാണ്. ആർക്കുവേണ്ടിയാണ് ? ആർക്കറിയാം. വായനാദിന പരിപാടിയിൽ ഒന്നുരണ്ടു സ്കൂളുകളിൽ ഞാനും പങ്കെടുത്തു. പക്ഷെ കുഞ്ഞുങ്ങളുടെ മുന്നിൽ വായനയെക്കുറിച്ച് പറയുന്നതിലെന്തർത്ഥം. വായനയിലേക്കവരെ നയിക്കുകയല്ലേ വേണ്ടത്. ഒക്കെ കാട്ടിക്കൂട്ടലാണ്. മറിമായം. കഷ്ടപ്പെടുവാൻ ആരും തയ്യാറല്ല. കാപട്യങ്ങളുടെ ലോകം - സത്യം വിളിച്ചുപറയുന്നവൻ ഒറ്റപ്പെടും. ഏക തത്ത്വ വ്യത്യസ്തമാകുന്നതിലൊരു കാര്യം താങ്കളുടെ എനിക്ക് പറയുവാനുള്ളതുതന്നെ. ആശംസകൾ.

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387

പ്രിയ മുരളിയ്ക്ക്,

ഏക തത്ത്വയുടെ ജൂലൈ ലക്കം സശ്രദ്ധം വായിച്ചു. പുതുമഴയിൽ പൂത്തുലഞ്ഞു നിൽക്കുന്ന ഒരു പൂമരം പോലെ ആസ്വാദകനെ ആനന്ദസാഗരത്തിൽ ആറാടിക്കുന്നു. ഒരു സഹൃദയനെ സംബന്ധിച്ച് തികച്ചും സംതൃപ്തി നൽകുന്ന ഒരു കലാ സാംസ്കാരിക മാസിക എന്ന നിലയിൽ 'ഏക തത്ത്വ' മുൻനിരയിലാണ്.

മുഖപ്രസംഗം പതിവുശൈലിയിൽ മുന്നേറുന്നു. എഴുത്തുകാരൻ, യോഗ, നരകം, ബീഡിവലിക്കാർ, ഹോസ്പിറ്റൽ ജീവനക്കാർ എന്നിങ്ങനെ വിവിധ വിഷയങ്ങൾ ഇതിൽ പരാമർശിക്കുന്നു. മുഖപ്രസംഗം എല്ലാ മാസവും ഉള്ളതിനാൽ ഓരോ മാസവും ആനുകാലിക പ്രാധാന്യമുള്ള ഏതെങ്കിലും ഒരു വിഷയം മാത്രമായാൽ അത് കൂടുതൽ ദൃഢവും കാര്യമാത്ര പ്രസക്തവുമാകും. വായനക്കാരന്റെ മനസ്സിൽ ആഞ്ഞു പതിക്കും. ഇത് ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്.

കവിതക്ക് ഇത്രയേറെ പ്രാധാന്യം നൽകുന്ന മാസിക വേറെയില്ല. ഇത്തവണ 11 കവിതകൾ ഏക തത്ത്വയിൽ കണ്ടു. ഇതിൽ ഇന്ദുജയുടെ ഏക തത്ത്വം, ഇ. എൻ. നാരായണന്റെ വയ്യിനി പെയ്യാൻ. ഹരിയുടെ ഇരുട്ട്, സൈനുദീന്റെ പുതുച്ചൊല്ലുകൾ തുടങ്ങിയ നിലവാരം പുലർത്തുന്ന നല്ല കവിതകൾ.

ആദരണീയനായ പ്രിയ ഭാസി സാറിന്റെ ഓർമ്മച്ചിത്രങ്ങളും ഡോ. ഒ. സി. പ്രമോദിന്റെ വിജ്ഞാന ച്ചെപ്പും ഡോ. സുനീത് മാത്യുവിന്റേയും ഡോ. സി. രാമകൃഷ്ണന്റേയും ആരോഗ്യലേഖനങ്ങളും ടി. വി. നാരായണൻകുട്ടിയുടെ ഗായക രത്നങ്ങളും ഏക തത്ത്വയെ മോടിപിടിപ്പിക്കുന്നു.

ഏക തത്ത്വയുടെ തലയെടുപ്പും പ്രൗഢിയും വിളിച്ചോതുന്ന ഇത്തവണത്തെ പുറംചട്ട ഏറെ ഗംഭീരമായിരിക്കുന്നു. സാഹിത്യ, കലാ, സാംസ്കാരിക രംഗങ്ങളിലെല്ലാം നിറസാന്നിദ്ധ്യമായ ഏക തത്ത്വയ്ക്ക് എല്ലാ മംഗളങ്ങളും നേരുന്നു.

സ്നേഹപൂർവ്വം
വി. ബി. രാമൻകുട്ടി
9496161911

ഇടവപ്പാതിത്തിളക്കം

ജൂലായ് ലക്കത്തിലെ എനിക്ക് പറയാനുള്ളത് കുറിക്കുകൊള്ളുന്നതാണ്. നമുക്ക് ചുറ്റും നടനമാടുന്ന തട്ടിപ്പിലേക്കുള്ള ചാട്ടുളി പ്രയോഗങ്ങൾ നമ്മെ തൊട്ടറിയിപ്പിക്കുന്ന പല സത്യങ്ങളും തുറന്നു പറയാനുള്ള ആർജ്ജവം എടുത്തുകാട്ടുന്നു. പ്രശസ്ത കഥകളി സംഗീതജ്ഞൻ കോട്ടക്കൽ മധുവായി കൃഷ്ണ എഴക്കാടിന്റെ അഭിമുഖം ശ്രേഷ്ഠമായി. ഒരു നല്ല പത്രപ്രവർത്തകയുടെ പ്രതിഭ വിളിച്ചോതുന്നു. രാജീവ് മാമ്പുള്ളിയുടേയും ജലജ പ്രസാദിന്റേയും നുറുങ്ങുകവിതകളും മനസ്സിൽ തങ്ങിനിൽക്കുന്നു. മഹാത്മജിയുടെ ജീവിതത്തിലെ ഏടുകൾ അനാവരണം ചെയ്യുന്ന ബിന്ദു. കെയുടെ പംക്തി ഉപകാരപ്രദമായി. ടി. വി. നാരായണൻ കുട്ടിയുടെ ഗായകരത്നങ്ങൾ നല്ല രത്നച്ചാർത്തായി. വിനോദ് ചെത്തല്ലൂരിന്റെ 'യജമാനൻ' എന്ന കഥ അസ്സലായി. തിരിച്ചും മറിച്ചും എന്ന ഇ. ടി. മുരളീധരന്റെ പംക്തി നഗ്നസത്യങ്ങളുടെ വെളിപ്പെടുത്തലായി. ഈശ്വർകുമാർ തരവത്തിന്റെ 'ഒരു പുനർജ്ജനിയുടെ ഓർമ്മ' (അനുഭവം) അനുഭവഭേദ്യമാർന്നതായി. മലയാളത്തിൽ വേറിട്ടുനിൽക്കുന്ന മാസിക ഓരോ ലക്കം കൂടുമ്പോഴും ശ്രേഷ്ഠമാവുന്നു എന്ന് കാണുമ്പോൾ ആനന്ദം. ഓണാശംസകളോടെ...

ശ്രീപ്രകാശ് ഒറ്റപ്പാലം
9447240642

അർഹതയുടെ മാനദണ്ഡം പലപ്പഴും അറിയാ സമസ്യയെന്ന് തോന്നും. മെട്രോമാൻ ശ്രീധരൻ സാറാണ് ഏറ്റവുമാദ്യം ഓർമ്മയിലെത്തുക. അത്തരം പ്രഗത്ഭമതികളെപ്പോലും തഴഞ്ഞ് അഴിമതിയിൽ ഉന്നതാഭ്യാസങ്ങൾ നേടിയവരാണ് ഇന്നെല്ലാ വകുപ്പുകളും കയ്യാളുന്നത്. ശ്രീ.ഋഷിരാജ്സിങ് മിന്നൽ റെയ്ഡിൽ ജയിലുകളിൽ കണ്ടെത്തിയ കുറ്റവാളികളുടെ കള്ളക്കളികൾ താനുള്ളപ്പോൾ ഒട്ടുമേയില്ലായിരുന്നെന്നും ഉണ്ടാക്കിക്കഥ പോലെന്നും ഒരുളുപ്പുമില്ലാതെ മുമ്പാസ്ഥാനിയായ ശ്രീലേഖ സ്ത്രീയുദ്യോഗസ്ഥ... എന്താല്ലേ..! മുരളി സാറിന്റെ എഡിറ്റോറിയൽ വായിച്ചപ്പോൾ ഓർമ്മ വന്നതാ ന്യായീകരണവാദികളെ പറ്റി. M.M.മേനോൻ സാറിന്റെയും Prof .V. K. M. നായരുടേയും ശശികുമാർ സാറിന്റെയും ഏഴംകുളം സാറിന്റെയും V. A. മേനോൻസാറിന്റെയും ലേഖനങ്ങളും രാമകൃഷ്ണൻ സാറിന്റെയും Dr. സുനീത് മാത്യുവിന്റെയും P. C രാമകൃഷ്ണൻ സാറിന്റെയും ആരോഗ്യ ലേഖനങ്ങളും ശ്രദ്ധേയമായി. ജോസ് മാഷ്ടെ 'തിരശ്ചീനരേഖയും ലംബരേഖയും' വലിയതത്വം ചുരുക്കിപ്പറഞ്ഞു. രാജീവ്, ഹരി പുരക്കൽ, ഉണ്ണി, ജലജാ പ്രസാദ്, പ്രേമ, ഇന്ദുജൻ, കുന്നിൽ വിജയൻ, സൂര്യ എന്നിവരുടെ കവിതകൾ നന്നായി. കൊച്ചനുജൻ അജയ് ബാലചന്ദ്രന്റെ ദുഃഖം ബാധിക്കാത്ത ഊർജ്ജവരികൾ പതിവുപോലെ ഉഷാറായി. ഒപ്പം നാരായണങ്കിളിന്റെ പെയ്യാതോടുന്ന കാലവർഷത്തിന്റെ വിഷമം പ്രസക്തമായി. മുരളിയേട്ടന്റെ സംഗീതതപസ്യയും നാരായണ മാമന്റെ പഴയ പിന്നണി ഗായകരെ പറ്റിയുള്ള ലേഖനവും കൃഷ്ണച്ചേച്ചീടെ ശ്രീ. കോട്ടക്കൽ മധുവുമായുള്ള അഭിമുഖവും മാനേജിങ്ങ് എഡി. ബിന്ദുവിന്റെ മഹാത്മ പംക്തിയും നൗഷാദ് ഖാൻ സാറിന്റെ പൊതുവിജ്ഞാന പംക്തിയും Dr.പ്രമോദ് ന്റെ വിജ്ഞാനച്ചെപ്പും മികവുറ്റതായി. സൈനു മാഷ്ടെ പുതുച്ചൊല്ലുകൾ ചിരിയുണർത്തി. 'നാടൻ പ്രേമ'ത്തിന്റെ കഥ ചേച്ചി പറഞ്ഞുതന്നത് മറന്നിരുന്നു. ലൈബ്രറീലും ഇല്ല. അപ്പഴാ ഭാസി വല്യച്ഛൻ മുക്കം ഓർമ്മച്ചിത്രങ്ങളുമായി ഒന്നൂടിപറഞ്ഞു തന്നത്. ചുണ്ടങ്ങ ചന്തയിൽ പോലും കിട്ടാത്തപ്പഴാ കൊതിപ്പിക്കാൻ ജയച്ചേച്ചി ചുണ്ടങ്ങപ്പുളിയുമായി വന്നത്. അശോകൻ രാജീവം എഴുതിയ ചോറ്റുരുള കണ്ണുകൾ നിറയാതെ വായിക്കാനാവില്ല. ജോസഫ്പൂതക്കുഴിയുടെ സമ്മാനപ്പെരുമഴയും പ്രകാശൻ ചുനങ്ങാട് സാറിന്റെ അനുഭവകഥയും ആകർഷണീയങ്ങളായി. സുരേഷേട്ടന്റെ മിനിക്കഥകളെ പ്രത്യേകം പറയേണ്ടതില്ലല്ലോ. അശോക് കുമാർ പെരുവ, ദേവസ്യ, വിനോദ്, മുരളി സാറുമാർടെ മിനിക്കഥകളും ചിന്തനീയങ്ങളായി. അടുത്ത ഏക തത്ത്വ കാത്തിരിപ്പുമായി...

ഇന്ദു മാരാത്ത്
9947678213

# ഈറൻമുകിൽ



**മായ ബാലകൃഷ്ണൻ**
**9497157065 വാട്സ്ആപ്പ്**

രാമഴ തുള്ളിതുള്ളിയായ് കിനിഞ്ഞു രാക്കിളി
കൂട്ടിനുള്ളിൽ ചിലമ്പിച്ച നേർത്തതാളമായ്
അടരുകളടരുകളായ് പിൻമറിഞ്ഞീടുന്നു .
മുനിഞ്ഞുകത്തും മണ്ണെണ്ണവിളക്കിൻ ചോട്ടിൽ
നാലഞ്ചുകുഞ്ഞുങ്ങളെ, നോവിൽ പൊതിഞ്ഞു
ആഴിത്തിര തന്നിൽ നെഞ്ചോട് ചേർത്തീ
ജീവിതപ്പാടം കൊയ്തുകേറീയോൾ;


എന്തോ ഏതെന്നോ തിരിച്ചറിയാതെ
കൂട്ടായവരെ കൊണ്ടുപോയി കാലവും
ഒറ്റയ്ക്കിരുന്നു തത്തിപ്പിടയുന്നൂ മന
മുറഞ്ഞകൂട്ടിൽ, നെറുകിൽ തലോടി
യെന്നുമമ്മയ്ക്കു തുണയായോനെ
പറിച്ചെടുത്തൊടുവിലീ കാലവും!

തോൽക്കുവാൻ മാത്രമായീ ജന്മവും
ആദ്യം പെണ്ണായ് പിറന്നു പിന്നെ
പോറ്റുവാനാവാതെ താലിച്ചരടിൽ
കോർത്തതാമവൾതൻ ബാല്യകൗമാരവും.
ഒരു ചാറ്റലായ് വന്ന ദാമ്പത്യവും അനപത്യ
ദുരന്തമായ്, വിണ്ടവേനലിൻ വരമ്പിൽ
ഒറ്റക്കാലിൽ തപസ്സുചെയ്തവൾ!

ഇന്നീ രാക്കിളിക്കൂട്ടിനുള്ളിൽ 'അമ്മേ '
യെന്നൊരു വിളി കാതിൽ പെരുമഴയ്ക്കൊപ്പം
ആർത്തലച്ചൂ നെഞ്ചിൽ ; കുറുകിക്കുറുകി
നേർത്ത രാമഴയായ് തുള്ളി തുള്ളിയായ്
മിഴികൾ പൊത്തിടുന്നു!

മക്കളെ വേർപെട്ടൊരമ്മതൻ രോദനം
ഈറൻപുതച്ച മുകിൽമാലയായ്
വീർപ്പടക്കിയിതെത്ര നാൾ ? ഒരുനാൾ
കനത്തുപെയ്തു തീരുംവരെയീ ജന്മവും
നേർത്തുനേർത്തു പോകുമതത്രേ!

# സാക്ഷാൽ ഹർഷപുരം



**ശ്രീപ്രകാശ് ഒറ്റപ്പാലം**
9447240642

**എ**ന്റെ പ്രിയ മിത്രം ഹർഷപുരം ഹർഷവർദ്ധന്റെ (ഞങ്ങൾ ഇഷ്ടനെ വിളിക്കുന്നത ഹർഷൻ സാർ) നിർബന്ധം മൂലമാണ് ഞാനെന്റെ എല്ലാ തിരക്കുകളും മാറ്റിവെച്ച്, ഇഷ്ടൻ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്ന ചടങ്ങിന് കൂടെപ്പോയത്. കാറിൽ നിന്നിറങ്ങുന്നതിന് മുമ്പുതന്നെ ഹർഷൻ സാർ തന്റെ മൊബൈൽ നിശ്ശബ്ദതയിലാക്കി എന്നെ ഏൽപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം, ഫോട്ടോയിലും വീഡിയോയിലും പകർത്തി തത്സമയം നവമാധ്യമങ്ങളിലൂടെ കൈമാറണേ എന്ന് പറയാതെ പറഞ്ഞു.

അളിയാ കാര്യോക്കെ ശരി, നമുക്ക് കരിമീൻ വറുത്തതും, സ്കോച്ചും, കശുവണ്ടി വറുത്തതുമൊക്കെയായി ഒത്തുകൂടണം മറന്നേക്കരുത്. ഉല്ലാസ നൗകയിലെ സുഖശീതളിമയിൽ നേരം പുലരുവോളം നമ്മുടെ ഇരുവരുടേയും കവിതകൾ ഉച്ചത്തിൽ ചൊല്ലണം. ഞാൻ ചെമ്പിലും ഇരുമ്പ് ബക്കറ്റിലും താളം പിടിക്കാം. നിന്നെ ഞാൻ തൃപ്തിപ്പെടുത്താമെന്റെ ചങ്ങാതി എന്ന ഭാവേന ഇഷ്ടൻ എന്നോട് മൗന ഭാഷയിൽ സമ്മതമരുളി.

ഞങ്ങളിരുവരും കൃത്യസമയം പാലിച്ച് അവിടെ എത്തിയപ്പോൾ ക്ലബ്ബ് ഭാരവാഹികൾ ഞങ്ങളെ കണ്ട് സത്യത്തിൽ അന്ധാളിച്ചു. അവിടെ ഒരുക്കങ്ങളൊക്കെ തുടങ്ങുന്നതേയുള്ളു. സ്റ്റേജിനിരുവശവും പരസ്യദാതാക്കൾ തങ്ങളുടെ ഫ്ളക്സ് ബോർഡുകൾ ഒരുക്കുന്നതേയുള്ളു. നിറയെ കസേരകളുമായി ഒരു പെട്ടി ഓട്ടോറിക്ഷ അവിടെ കിതച്ചെത്തി. ഞങ്ങളെ കണ്ട പാടെ ക്ലബ്ബ് ഭാരവാഹികൾ കാറിന്നടുത്തേക്ക് പാഞ്ഞെത്തി. ഇഷ്ടന്റെ കഴുത്തിലേക്ക് വലിയ പുഷ്പഹാരം ഇടുവാനാഞ്ഞു. സന്ദർഭത്തിനനുസരിച്ച് ഉണർന്ന ഞാൻ അത് ക്യാമറയിൽ പകർത്തി. ഞങ്ങളെ പന്തലിന്റെ ഒരോരത്ത് കൊണ്ടുപോയി ഇരുത്തി. കുടിക്കാൻ ഇളനീർ നൽകി ഞങ്ങളെ സത്ക്കരിച്ചു.

സാറമ്മാര് അഞ്ചുമിനിട്ട് ഇരുന്നാട്ടെ എന്നുപറഞ്ഞ് ഞങ്ങളെ സമീപത്തെ ഒരു വീട്ടിലേക്കാനയിച്ച് അവിടെ മുറിയിൽ ഫാനിട്ട് ഇരുത്തി. ഞങ്ങളുടെ ആഗമനം മണത്തറിഞ്ഞ മേൽവിലാസമില്ലാത്ത ചില സാഹിത്യകാരന്മാരും, സാഹിത്യതല്പരരും ഞങ്ങളെ മുഖം കാണിക്കാനെത്തി. ഹർഷൻ സാർ കസേരയിൽ കാലിന്മേൽ കാൽ കയറ്റിയിരുന്ന് ഗൗരവം വിടാതെ വിദൂരതയിലേക്ക് കണ്ണുപായിച്ച് മൗനം പൂണ്ടിരുന്നതേയുള്ളു. സെൽഫിയെടുക്കാനും, ഓട്ടോഗ്രാഫിനുമായി ചിലർ തിരക്കുകൂട്ടി, ഹർഷൻ സാർ ഇതിനൊക്കെ അനുവദിച്ചുകൊടുത്തു.

ഉദ്ഘാടനവേദിയിൽ മൈക്ക് ടെസ്റ്റിംഗിന്റേയും മറ്റും കോലാഹലങ്ങൾ പൊന്തിത്തുടങ്ങി. പഞ്ചവാദ്യം ആരംഭിച്ചു. താലമേന്തിയ ബാലികമാരുടെ അകമ്പടിയോടെ ഞങ്ങളെ സ്റ്റേജിലേക്ക് ആനയിച്ചു. ഞങ്ങൾക്ക് ധരിക്കുവാനായി സ്വാഗതസംഘക്കാർ വലിയ ബാഡ്ജ് നൽകി. അവിടെക്കൂടിയ എല്ലാവർക്കും ചെറിയ ബാഡ്ജ് ഉണ്ടായിരുന്നു. വാദ്യക്കാർ സ്റ്റേജിന്റെ മുന്നിൽ മതിയാവോളം കൊട്ടി അരങ്ങുണർത്തി. ഞാൻ വേദിയിൽ സദസ്യരുടെ മുൻനിരയിൽ സ്ഥാനംപിടിച്ചു. സ്വാഗതപ്രാസംഗികൻ മൈക്ക് കൈയ്യിലെടുത്തു. എന്നാൽ തുടങ്ങാം...

ഹർഷനെ പ്രകീർത്തിച്ചുകൊണ്ടുള്ള സ്വാഗതപ്രസംഗം ആരംഭിച്ചു. നമ്മുടെ നാട്ടിൽ പ്രഗത്ഭരിൽ പ്രഗത്ഭനായ ഈ മഹാപ്രതിഭ ഹർഷപുരം ഹർഷവർദ്ധനൻ സാറിനെപ്പോലെ പുകൾപെറ്റ നോവലിസ്റ്റും കവിയും കഥാകൃത്തും അതിലുപരി ഒരു മികച്ച സംഘാടകനും, നമ്മുടെ സംസ്ഥാനത്തിന്റെ തന്നെ അഭിമാനവുമായ ഈ സാറിനെ ഈ മഹനീയ ചടങ്ങിന് ഉദ്ഘാടകനായി ലഭിച്ചത് നമ്മുടെ മുജ്ജന്മസുകൃതമെന്നേ പറയാവൂ. ഈ സ്വാഗത പ്രസംഗം തന്നെ അരമണിക്കൂറിലധികം നീണ്ടു. അദ്ധ്യക്ഷൻ ഉദ്ഘാടകനെ ക്ഷണിച്ചപ്പോൾ റിയാലിറ്റി ഷോയിലെപ്പോലെ നന്നായി ഞാൻ കൈയ്യടിക്ക് തുടക്കം കുറിച്ചത് ജനം ഏറ്റെടുത്തു.

ഹർഷൻ മൈക്കിന് സമീപം സാവകാശം നടന്നെത്തി. അദ്ധ്യക്ഷനോട് എന്തോ പറഞ്ഞു. പോഡിയത്തിന് സമീപം പ്രാസംഗികനുള്ള കുപ്പിവെള്ളമെത്തി. മൈക്കിനെ ഞൊടിച്ചും ഊതിയും തൊട്ടുണർത്തി പ്രസംഗമാരംഭിച്ചു. പ്രസംഗപാടവം സാവകാശം കത്തിക്കയറി. ഇടക്കിടക്ക് ഞാൻ പുട്ടിന് തേങ്ങ പീര ഇടുംപോലെ കൈയ്യടിച്ച് പ്രോത്സാഹിപ്പിച്ചത് സദസ്യർ അതേറ്റെടുത്തു. പ്രസംഗം മണിക്കൂറുകൾ താണ്ടിയതറിഞ്ഞില്ല. ഞാനിതിനകം തന്നെ കുറേ ഫോട്ടോയും വീഡിയോയും എടുത്ത് നവമാധ്യമങ്ങൾക്ക് കൈമാറിയിരുന്നു.

ഹർഷൻ ഒരു വിഷയത്തിൽ നിന്ന് മറ്റ് വിഷയത്തിലേക്ക് കവുങ്ങു കയറ്റക്കാർ പടർന്നുകയറും പോലെ തന്റെ പ്രസംഗ പാടവം തെളിയിച്ചുകൊണ്ടേയിരുന്നു. പുട്ടിന് പീര പോലെ എന്റെ നിലക്കാത്ത കൈയ്യടിയും മേമ്പൊടി ചേർന്നു. ആശംസ പ്രസംഗത്തിനെത്തിയവർ അവരവരുടെ മൊബൈലിൽ തോണ്ടി സമയം നോക്കി മുഖത്തോട് മുഖം നോക്കി പരസ്പരം പിറുപിറുത്തു. അദ്ധ്യക്ഷന്റെ ആദ്യത്തെ വാണിംഗ് നോട്ടീസ് ഹർഷന് ലഭിച്ചു. ഇതിനകം പല ആശംസാ പ്രസംഗിത

രും താന്താങ്ങളുടെ കവർ കൈപ്പറ്റി തടിയെടുത്തു. സദസ്സ് അല്പാല്പം ശുഷ്ക്കമായിക്കൊണ്ടിരുന്നു. എനിക്കാണെങ്കിൽ വിശന്നിട്ട് കണ്ണുകാണാൻ വയ്യാത്ത അവസ്ഥയും. അദ്ധ്യക്ഷൻ ഹർഷന്റെ അടുത്തെത്തി എന്തോ ചെവിയിൽ പറഞ്ഞു.

പ്രിയമുള്ളവരെ, എന്റെ ഈ ലഘു പ്രഭാഷണം അല്പം നീണ്ടുപോയി. സദയം പൊറുക്കണെ, എന്തുവന്നാലും വേണ്ടില്ല ഞാനെന്റെ ഈ പ്രസംഗം ഒരര മണിക്കൂറിനകം നിർത്താൻ പരമാവധി പരിശ്രമിക്കുകയാണ്. ഹർഷൻ സാർ തന്റെ പ്രസംഗ പാടവത്താൽ ഹനുമാൻ സ്വാമി തീകൊളുത്തിയ വാലിനാൽ ലങ്കയെ ആകമാനം ഭസ്മീകരിക്കുന്ന രീതിയിൽ സദസ്സിനെയാകെ വധിക്കുന്ന തീവ്രയത്നത്തിലാണെന്ന് എനിക്ക് ബോധ്യമായി.

ഇതിനകം വിശന്നുവലഞ്ഞ എന്റെ കുടൽ, വെള്ളം വറ്റിയ കാറിന്റെ റേഡിയേറ്റർ പോലെ പുകയാൻ ആരംഭിച്ചു. എന്റെ കണ്ണുകളിൽ ഇരുട്ട് കട്ട പിടിക്കുന്നു. നാവ് വരണ്ടു, കുപ്പിയിലെ വെള്ളം ഒരിറക്ക് ഇറക്കിയപ്പോൾ എന്റെ ക്ഷീണം അധികരിച്ചു. എനിക്ക് തലകറക്കം അനുഭവപ്പെട്ടു. കിട്ടിയ കസേരയിൽ പിടിച്ച ഞാൻ എന്റെ കൊച്ചു ഫോണിൽ നിന്നും എന്റെ മറ്റെ ഫോണിലേക്ക് ഒരു കാൾ പായിച്ചു. ജീവൻവെച്ച സ്മാർട്ട് ഫോണുമായി ഞാൻ ഒരുവിധം ഓടിയകലുകയായിരുന്നു. ●

---

# ഒരു 9.16 പുഞ്ചിരി



**എം. ഡി. വിശ്വംഭരൻ**
**9446142131**

**പ**തിവ് പ്രഭാത സവാരി കഴിഞ്ഞുള്ള തിരിച്ചുനടത്തത്തിലാണ് അവളെ കണ്ടത്. ക്ഷേത്രദർശനം കഴിഞ്ഞുവരുന്ന അവൾ, അടുത്തുവന്നപ്പോൾ ചിരിച്ചു. മനോഹരമായ ചിരി. ഇതിനുമുൻപ് കണ്ടതായി ഓർക്കുന്നില്ല. പിന്നെ ചിരിക്കാൻ കാരണം ? തന്നോടായിരിക്കില്ല. അറിയാതെ പിന്നിലേക്ക് നോക്കി. മറ്റാരെങ്കിലും ഉണ്ടോ അവരോടായിരിക്കാം ചിരിച്ചതെന്ന് കരുതി. പക്ഷെ, ആരുമില്ല. ചെറിയ അമ്പരപ്പ് ഉണ്ടെങ്കിലും ആ ചിരി വല്ലാതെ മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്നു. ഒരു നിമിഷം കൊണ്ട് ഒരായിരം ചോദ്യങ്ങൾ ഉടലെടുത്തു. അവൾ അടുത്തെത്തി കൈകൂപ്പി നമസ്തേ പറഞ്ഞു.

“സർ, വിനോദ് സാറല്ലേ ?”

“അതേ”

“ഞാൻ സാറിന്റെ കവിതകളൊക്കെ വായിക്കാറുണ്ട്. ഇത്തവണത്തെ മണ്ഢോധരി എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അതിലെ പരാമർശം എനിക്ക് പുതിയ അറിവാണ്.”

“എന്ത് ?”

“അല്ല, ഇന്ദ്രജിത്ത് യഥാർത്ഥത്തിൽ ശിവന്റെ പുത്രനാണെന്നുള്ളതും മണ്ഢോധരിയുടെ കഥയുമെല്ലാം.”

“ഓ... അങ്ങനെ പുരാണത്തിൽ ഒരുപാട് കഥകളുണ്ട്, വിചിത്രങ്ങളും അവിശ്വസനീയമായ ഒരുപാട് കഥകൾ. അതിലൊന്ന് ഞാൻ കവിതക്ക് വിഷയമാക്കിയെന്നേയുള്ളു. ആട്ടെ, ഇയാളെ പരിചയമില്ലല്ലോ എവിടെയാ വീട് ?”

“ഇവിടെ അടുത്തുതന്നെയാ സാർ.”

“വിശ്വാസം വരാതെ നോക്കുമ്പോൾ അവൾ തുടർന്നു. ഞാൻ പാലക്കാട്ടുകാരിയാണ്. ഭർത്താവിന് കയർ ബോർഡിലാണ് ജോലി. ഇങ്ങോട്ടുമാറ്റമായി വന്നതാണ്. രണ്ടു മാസമേ ആയിട്ടുള്ളു ഇവിടെ വന്നിട്ട്. പക്ഷെ സാറിനെ കവിയെന്ന നിലയിൽ എനിക്ക് നേരത്തേ അറിയാം. ഇവിടെ വന്നശേഷമാണ് കാണുന്നത്. നേരിൽ കാണാൻ കഴിഞ്ഞതിൽ ഒരുപാട് സന്തോഷം.

“ഓ... ഒരു പുതിയ പരിചയക്കാരിയെ കണ്ടതിൽ എനിക്കും സന്തോഷം. വായനയിൽ താല്പര്യമുണ്ടെന്നറിഞ്ഞതിൽ ഏറെ സന്തോഷം. വായന കുറഞ്ഞുവരുന്ന ഇക്കാലത്ത്, അതും ഒരു പെൺകുട്ടി എന്റെ വായനക്കാരി ആയതിൽ ഏറെ ഇഷ്ടം. എന്താ പേര് ?

“സിനി, സിനിമോൾ. വർത്തമാനം പറഞ്ഞ് രണ്ടുപേരും നടക്കുകയായിരുന്നു. വീട്ടിലേക്ക് തിരിയുന്നിടത്ത് എത്തിയപ്പോൾ നിന്നു. ഞാൻ ഇവിടെവരെയുള്ളു, ആ കാണുന്നതാണ് എന്റെ വാസസ്ഥാനം.”

“എനിക്കറിയാം സാർ, ഇതിനും രണ്ട് വീട് അപ്പുറത്താണ് എന്റെ വീട്. വാങ്ങിയതാണ്.”

“ഓ... അപ്പോൾ നമ്മൾ അയൽക്കാരുമാണ് അല്ലേ, നന്നായി. മതിലുകൾ വീടുകളേയും മനുഷ്യരേയും ഒരുപാട് അകത്തുന്നുമുണ്ട്. ഇതൊന്നുമല്ലാതിരുന്ന കാലത്ത് ആളുകൾ തമ്മിൽ അറിയുമായിരുന്നു. ഇപ്പോൾ അത് കുറഞ്ഞു.”

“ശരിയാണ് സാർ, ഞങ്ങളുടെ നാട്ടിൽ മതിലുകളില്ല, ടൗണിലെ കാര്യമല്ല, ഞാനൊരു നാട്ടുമ്പുറത്തുകാരിയാണ്. ഇവിടെ വന്നപ്പോൾ എല്ലാ വീടുകളും മതിലിന്റെ ആവരണത്തിലായിരിക്കുന്നു. എനിക്ക് അധികം പരിചയക്കാരില്ല ഇവിടെ.”

“ ഓ... അതൊക്കെ പിന്നാലെ വന്നുകൊള്ളും. ശരി, അപ്പോൾ വീണ്ടും കാണാം.” അവൾ ചിരിച്ചുകൊണ്ട് നടന്നുനീങ്ങി. ഒന്നുകൂടി നോക്കാതിരിക്കാൻ കഴിഞ്ഞില്ല. നല്ല സൗന്ദര്യവും വടിവൊത്ത ശരീരകാന്തിയും, അതിനേക്കാളേറെ അവളു

ടെ ചിരിയാണ് ആകർഷണീയം. ഹൃദയത്തിലേക്ക് ഒരു കുളിർമഴയായി പെയ്തിറങ്ങുന്ന ചിരി. പത്തരമാറ്റിന്റെ ചിരി. അല്ല, ഇപ്പോൾ ഹാൾമാർക്കിന്റെ കാലമാണല്ലോ ! അതേ, ഒരു 9.16 ചിരി. വീട്ടിലേക്ക് നടക്കുമ്പോൾ മനസ്സ് മുഴുവൻ അവൾ നിറഞ്ഞുനിന്നിരുന്നു.

പലദിവസങ്ങളിലും അവളെ കണ്ടു. പ്രഭാതസവാരിക്കിടയിലും ചിലപ്പോൾ വൈകുന്നേരങ്ങളിൽ വായനശാലയിലേക്ക് പോകുമ്പോഴും. അപ്പോഴെല്ലാം ആ ചിരി, പൂനിലാവ് ഒഴുകിവരുന്നതുപോലെ തന്റെ നേരേ നിർല്ലോഭം ഒഴുക്കിവിട്ടു. കുളിർമ്മ തോന്നുന്ന ആ പാൽപുഞ്ചിരി. അവൾക്ക് ചിരിക്കാൻ മാത്രമേ കഴിയു എന്നുതോന്നും. എപ്പോഴും ചിരിക്കാൻ കഴിയുന്നത് ഒരനുഗ്രഹമാണ്. പലർക്കും കഴിയാത്തതും അതുതന്നെയാണല്ലോ. വൈകുന്നേരങ്ങളിൽ സ്കൂൾ ബസ്സ് കാത്തുനിൽക്കുന്ന അവളെ കാണാം. നഗരത്തിലെ സെന്റട്രൽസ്കൂളിലാണ് മകൾ പഠിക്കുന്നതെന്ന് പറഞ്ഞു. ചിലപ്പോൾ ബസ്സ് വരാനുള്ള അഞ്ചോ പത്തോ മിനിറ്റുനേരം അവളുമായി സംസാരിച്ചുനിൽക്കും. ചിരപരിചിതരെപ്പോലെയോ ബന്ധുക്കളെപ്പോലെയോ ആയിരിക്കുന്നു ഇപ്പോൾ സിനിയുടെ സംസാരം. കാണാത്ത ദിവസങ്ങളിൽ എന്തോ വലിയ നഷ്ടം സംഭവിച്ചപോലെയും. ഒരു മകളെപ്പോലെ കാണാവുന്നതേയുള്ളു. പക്ഷെ, മനുഷ്യമനസ്സ് ചപലചിന്തകൾ കൊണ്ടുനിറഞ്ഞതാണല്ലോ താനും അതിൽ നിന്നും ഒട്ടും മുക്തനല്ല എന്ന് ചിലപ്പോഴൊക്കെ തോന്നാറുണ്ട്. നിർവ്വചിക്കാനാകാത്ത ഒരു ഇഷ്ടം അവളോട് തോന്നുന്നു.

ഒരുദിവസം അവൾ വീട്ടിലേക്ക് കടന്നുവന്നു. അപ്പോൾ സിറ്റൗട്ടിലിരുന്നു എന്തോ വായിക്കുകയായിരുന്നു താൻ. ചാരിയിട്ടിരുന്ന ഗേറ്റ് തുറക്കുന്ന ശബ്ദം കേട്ട് നോക്കുമ്പോൾ ആ പതിവ് ചിരിയുമായി അവൾ വരുന്നു. കുറച്ച് അത്ഭുതവും ഏറെ സന്തോഷവുമായിരുന്നു തനിക്ക്. അവളോട് കടന്നിരിക്കാൻ ക്ഷണിച്ചു, ഇത്തിരി സംശയിച്ചശേഷം അവൾ കയറിയിരുന്നുകൊണ്ട് ചോദിച്ചു, അമ്മ...? അകത്തുണ്ട്, അധികമൊന്നും പുറത്തുവരാറില്ല. റിട്ടയർമെന്റിനുശേഷം ആളാകെ മാറി. ഏതുനേരവും വായനയിലോ പ്രാർത്ഥനയിലോ ആണ്, കൂടുതലും ആദ്ധ്യാത്മിക ഗ്രന്ഥങ്ങളാണ് പഥ്യം. പുസ്തകങ്ങളുമായി കഴിയുന്നു.''

''അപ്പോൾ ആഹാരമൊക്കെ...?''

''അതിനൊന്നും കുഴപ്പമില്ല, പിന്നെ എന്തിനും ഒരറ്റം പിടിക്കാൻ ഞാനുണ്ടാകണമെന്നുമാത്രം. അവൾ ചിരിച്ചു. ആ പതിവ് ചിരി. ഇവളൊരു ചിരിക്കുടുക്ക തന്നെ. കുറച്ചുനേരം വർത്തമാനം പറഞ്ഞാണ് പിരിഞ്ഞത്. അതൊരു തുടക്കമായിരുന്നു. ഇടയ്ക്കിടെ അവൾ വരും. സിനിയുമായി സംസാരിച്ചിരുന്നാൽ നേരം പോകുന്നതറിയില്ല. ഒരുപാട് പറയാനുണ്ടാകും അവൾക്ക്. ഈ നാട്ടിലേക്ക് വന്നിട്ട് പലയിടങ്ങളിൽ താമസിച്ചു, വിലയ്ക്ക് വാങ്ങിയും വാടകയ്ക്കും. ഇത്രനാൾ കഴിഞ്ഞതിൽ നിന്നും ഏറെ വ്യത്യസ്തമായി ഇവിടം അനുഭവപ്പെടുന്നതായി അവൾ പറഞ്ഞു, ചില നല്ല വശങ്ങളും ചില പൊരുത്തക്കേടുകളും.

അവൾ ചിലപ്പോൾ തന്നെ സാർ എന്ന് വിളിക്കും. ചിലപ്പോൾ ചേട്ടനാകും, ചിലപ്പോൾ അച്ഛാ എന്നും മാറിമാറി വിളിക്കും. എല്ലാം സന്തോഷം പകരുന്ന സംബോധന തന്നെ. തിരിച്ച് അവളെ മോളെ എന്നോ പൊന്നു എന്നോ ചക്കരെ എന്നോ താനും വിളിക്കും. അവൾ അതെല്ലാം ആസ്വദിക്കുന്നതായും തോന്നി. തനിക്ക് ആരൊക്കെയോ ആണ് സിനി എന്ന തോന്നൽ കലശലായിട്ടുണ്ട്. രണ്ടുദിവസം കണ്ടില്ലെങ്കിൽ എന്തോ ചെറിയ നിരാശ, കുറഞ്ഞകാലം കൊണ്ട് അവൾ തനിക്ക് ആരോ ആയിരിക്കുന്നു. ഒരു കൗമാരകാമുകന്റെ മനസ്സാണോ തനിക്ക് ? ശ്ശേ... സ്വയം ശാസിക്കും. അവൾ നിനക്ക് ആരാണ് ? അവളുടെ സംസാരത്തിൽ നിന്നും ഒരുപാട് കഷ്ടപ്പെട്ട് - കനൽവഴികൾ താണ്ടി - വന്നതാണെന്ന് മനസ്സിലായി. ചെറുപ്പത്തിലെ അച്ഛന്റെ മദ്യപാനം മൂലമുള്ള മാനസികപീഡനങ്ങൾ എന്തിനും ഏതിനും കുറ്റപ്പെടുത്താനും ശാരീരിക ഉപദ്രവങ്ങളും ചെയ്യാറുള്ള അമ്മ. അച്ഛൻ മദ്യപിച്ചുവന്നു ബഹളമുണ്ടാക്കുമെങ്കിലും മക്കളോട് സ്നേഹമായിരുന്നു പ്രത്യേകിച്ചും മകളോട്. അച്ഛൻ സ്നേഹവും വാത്സല്യവും വാരിച്ചൊരിഞ്ഞു. പിന്നീട് വിവാഹം നടന്നപ്പോൾ വറച്ചട്ടിയിൽ നിന്നും എരിതീയിലേക്കുള്ള വീഴ്ച്ചയായിരുന്നു അത്. അയാൾ സ്ഥിരം മദ്യപാനിയും മയക്കുമരുന്നിന് അടിമയുമായിരുന്നു. രണ്ടുമാസം മാത്രം നീണ്ടുനിന്നുള്ളു ആ ബന്ധം. അങ്ങനെ ഒരുപാട് കഷ്ടപ്പാടും മാനസ്സിക പീഡനങ്ങളും അനുഭവിച്ച് ജീവിതം ചുട്ടുപഴുത്ത് വന്നതായിരുന്നു. എന്നിട്ടും അവൾക്ക് ചിരിക്കാൻ മാത്രമേ കഴിയുമായിരുന്നുള്ളു, നിഷ്കളങ്കമായ ചിരി. അതാണ് തനിക്ക് ഏറെ അത്ഭുതവും സന്തോഷവും സമ്മാനിച്ചത്. ഇടയ്ക്ക് ശുണ്ഠി ഉണ്ടെങ്കിലും ഇപ്പോഴത്തെ ഭർത്താവ് സ്നേഹസമ്പന്നനാണ് എന്നവൾ പറയും.

ഒരിക്കൽ സിനി വന്നപ്പോൾ പറഞ്ഞത്, ഭർത്താവ് നാട്ടിൽ ഒരു ബന്ധുവിന്റെ മകളുടെ വിവാഹ നിശ്ചയത്തിന് പോയിവന്നപ്പോൾ അവിടുത്തുകാരും വീട്ടുകാരും പറയുന്നു അങ്ങോട്ട് തിരിച്ചുചെല്ലാൻ, അവിടെ അവർ സ്ഥലം നോക്കാം നാട്ടിൽത്തന്നെ താമസിക്കണം, അന്യനാട്ടിൽ കഴിയുന്നതിലും ഭേദം സ്വന്തം നാട്ടിൽ കഴിയാം എന്നാണ്.

''അപ്പോൾ നിങ്ങൾ ഇവിടെ നിന്നും പോകും അല്ലേ ? കഷ്ടമാണ് കേട്ടോ, പരിചയപ്പെട്ടുവന്നിട്ട് ഇവിടം വിട്ടുപോകുന്നത് സങ്കടമാണ് മോളൂ.'' അങ്ങനെ പറയുമ്പോൾ വല്ലാത്ത വിഷമം തോന്നി. പക്ഷെ, എന്തു ചെയ്യാൻ ? വേറേ വിവാഹം തീരുമാനിച്ചു എനിക്കൊന്നും ചെയ്യാൻ കഴിയില്ല എന്ന് കാമുകി പറയുമ്പോഴുള്ള കാമുകന്റെ മാനസ്സീകാവസ്ഥയായിരുന്നു ആ സമയം. ഈ വേർപിരിയൽ അനിവാര്യമാണെന്നറിയാം. എങ്കിലും ചിരിയിൽ ചിലമ്പു കെട്ടിയ ഈ ചങ്ങാതിയുടെ നഷ്ടം ഓർക്കാൻ കൂടി കഴിയുന്നില്ല. ഹൃദയം മുറിയുന്ന വേദന, ഓ... അങ്ങനെ ഓർക്കേണ്ട, ഇടയിൽ വീണുകിട്ടിയ

ഒരു സൗഹൃദം, അത് പെട്ടെന്ന് ഇല്ലാതായി എന്ന് കരുതിയാൽ മതി. പക്ഷെ, തനിക്ക് അങ്ങനെ നിസ്സാരമായി തള്ളിക്കളയാൻ കഴിയുന്നില്ല. ഈ കുട്ടി തനിക്ക് ആരാണ് എന്ന് മനസ്സിനോട് ചോദിക്കും സ്വയം ശാസിക്കും. ആ പെൺകുട്ടി തനിക്ക് ആരൊക്കെയോ ആയിരുന്നു. ഒരുവേള അവളോട് ചോദിച്ചു, നിങ്ങൾക്ക് ഇങ്ങോട്ടുവന്ന നേരത്ത് മറ്റെവിടെയെങ്കിലും പോയി താമസിച്ചുകൂടായിരുന്നോ ? ഇതിപ്പോൾ... അവൾ ചിരിച്ചു ഒരു വാടിയ ചിരി. അവൾക്കും വിഷമമുണ്ടെന്ന് തോന്നി. അവൾ പറഞ്ഞു ഞങ്ങൾക്ക് പോകേണ്ടിവരും പക്ഷെ ഉടനെയില്ല. പോയാലും ഞാനൊരിക്കലും മറക്കില്ല ഈ ആളിനെ. അച്ഛൻ മരിച്ച ദുഃഖം മറക്കുന്നത് ഈ മുഖം കാണുമ്പോഴാണ്. എനിക്ക് അച്ഛനെപ്പോലെയാണ് ഒപ്പം സുഹൃത്തും. ഞാൻ വിളിയ്ക്കാം ഇടയ്ക്കിടെ.

''ഓ... അതൊക്കെ പറയും. എല്ലാം എളുപ്പം മറക്കില്ലെ, എനിക്കതിൽ പരാതിയില്ല കേട്ടോ മോളൂ. കാലം പോകെ എല്ലാവരും അങ്ങനെയാണ്. അനിവാര്യമായത് നടക്കും നടക്കേണ്ടത് നടന്നേ തീരു.''

കാലം പെട്ടന്നാണ് പോയിമറഞ്ഞത്. ഇത്തിരി സങ്കടത്തോടെ ഓർത്തുകൊണ്ടിരുന്ന ആ നാൾ പെട്ടെന്നാണ് വന്നെത്തിയത്. മകളുടെ ഹൈസ്കൂൾക്കാലം കഴിയാൻ കാത്തിരിക്കുകയായിരുന്നു അവർ. എല്ലാ ഒരുക്കങ്ങളും നടത്തി പോകുന്നതിന്റെ തലേദിവസം അവൾ വീട്ടിലേക്കുവന്നു. അവൾ വരുമ്പോൾ തനിക്ക് തോന്നാറുള്ള സന്തോഷം അപ്പോൾ തോന്നിയില്ല. മനസ്സ് വല്ലാതെ വിങ്ങിപ്പൊട്ടുന്നു. രണ്ടുപേരും കുറേനേരം നോക്കിയിരുന്നു, വേർപാടിന്റെ സങ്കടച്ചുഴികൾ അവളിലും കാണാമായിരുന്നു. എന്തുപറഞ്ഞു തുടങ്ങണം എന്ന വൈഷമ്യം തന്നെ പൊതിഞ്ഞു നിന്നു. ഒടുവിൽ അവൾ തന്നെ തുടക്കമിട്ടു.

''എന്തായിത്, കൊച്ചുകുട്ടികളെപ്പോലെ, പിണങ്ങാതെ എന്റപ്പാ.''

അപ്പോൾ അവളുടെ ആ ചിരി തെളിഞ്ഞുവന്നു. ഗ്രഹണം കഴിഞ്ഞു പുറത്തുവരുന്ന ചന്ദ്രികയെപ്പോലെ മങ്ങലേറ്റ ചിരിയായിരുന്നു അത്. അവളോട് പതിവ് സന്തോഷത്തോടെ എന്തെങ്കിലും പറയാൻ അശക്തനായിരുന്നു. എന്നാൽ ആ കുട്ടിയെ വിഷമിപ്പിക്കാതിരിക്കണം എന്ന തോന്നൽ രൂഢമൂലമായി മനസ്സിലുണ്ട്. പക്ഷെ, ഒന്നിനും കഴിയുന്നില്ല. കുറച്ചുനേരം എന്തൊക്കെയോ അർത്ഥശൂന്യമായി പറഞ്ഞുകൊണ്ടിരുന്നു. അവൾ ചിരിക്കുന്നുണ്ടായിരുന്നു, പ്രകാശം കുറഞ്ഞ ചിരി. ഒടുവിൽ, എന്നാൽ ഞാൻ പോകട്ടെ എന്നുപറഞ്ഞ് എഴുന്നേറ്റു, ഒന്നും മിണ്ടാനാകാതെ താനും. ഇറങ്ങാൻ നേരം അടുത്തുവന്ന് തന്നെ ചേർത്തുപിടിച്ച് കവിളിൽ ഉമ്മ തന്നുകൊണ്ട് പറഞ്ഞു,

''സന്തോഷമായിരിക്കണം, യോഗമുണ്ടെങ്കിൽ ഇനിയും കാണാം വിഷമിക്കാതിരിക്കൂ. നാളെ രാവിലെ പത്തുമണിക്ക് ഞങ്ങൾ പോകും. അപ്പോൾ വരണം, അല്ലെങ്കിൽ വേണ്ട രാവിലെ വീട്ടിലോട്ട് പോരൂ, കാപ്പി നമുക്ക് അവിടെ കഴിക്കാം എല്ലാവർക്കും കൂടി. ഇവിടെ ഒന്നും ഉണ്ടാക്കേണ്ട.'' അവൾ ഇറങ്ങി നടക്കുമ്പോൾ ഒരിക്കൽക്കൂടി ''ഓർമ്മിപ്പിച്ചു വരണം, വരാതിരിക്കരുത്.''

വരുമെന്നോ ഇല്ലെന്നോ വായിക്കാവുന്ന ഒരു ചിരിയിലൊതുക്കി മറുപടി. പിറ്റേന്ന് രാവിലെ ഉണരുമ്പോൾ പോകണോ വേണ്ടയോ എന്ന ചിന്ത മനസ്സിനെ വല്ലാതെ മഥിച്ചു. സമയം രാവിലെ ഒൻപതായി, പത്തായി പിന്നെയും സമയം കടന്നു പോയി. ചുവരിലെ ക്ലോക്കിൽ വെറുതെ നോക്കിക്കൊണ്ടിരുന്നു. സമയം പതിനൊന്നര. മനസ്സ് ഒന്ന് പിടഞ്ഞു. അവർ പോയിക്കാണും. പോകുമ്പോൾ അവൾ തന്നെ പ്രതീക്ഷിച്ചു കാണുമോ ? തന്റെ പ്രിയപ്പെട്ട കുട്ടി, തന്റെ പൊന്നു. ചിന്തകൾ അവളുടെ പിന്നാലെ സഞ്ചരിക്കുകയായിരുന്നു.

●

■നർമ്മകഥ

# നളിനാക്ഷിയമ്മയുടെ സാഹിത്യസഞ്ചാരങ്ങൾ

**ശങ്കരൻ നായർ**
**ചേർത്തല**

**പ**തിവുപോലെ രാവിലെ കട്ടൻ ചായയും നുണഞ്ഞ് സിറ്റൗട്ടിലിരുന്നു പത്രം വായിക്കുമ്പോഴാണ് ഗേറ്റ് തള്ളിത്തുറന്ന് ആരോ വരുന്നതറിഞ്ഞ് പടിക്കലേക്ക് നോക്കിയത്. നളിനാക്ഷിയമ്മ കയറിവരുന്നു. ആരെങ്കിലും എഴുതിക്കൊടുക്കുന്നതോ പറഞ്ഞ് എഴുതിക്കുന്നതോ ആയ സൃഷ്ടികൾ സാഹിത്യസദസ്സുകളിൽ തന്റേതാക്കി അവതരിപ്പിക്കുന്ന സാഹിത്യകാരി. പ്രായം എഴുപത്തി നാല്. പരദൂഷണം, ഏഷണി, പാരപണിയൽ ഇതിന്റെയൊക്കെ സ്പെഷ്യലിസ്റ്റ്. കുളിച്ച് കുറിയിട്ട് വെള്ള മുണ്ടും നേരിയതും വേഷം. ഇന്ന് ആരേ വധിക്കാനുള്ള പുറപ്പാടാണ് എന്ന് ചിന്തിച്ചിരിക്കുമ്പോഴാണ് വെളുക്കെ ചിരിച്ച് അവർ മുന്നിലെത്തുന്നത്. വന്നപാടെ സിറ്റൗട്ടിലിട്ടിരുന്ന കസേരയിൽ തനിക്ക് അഭിമുഖമായി ഇരുപ്പുറപ്പിച്ചു.

''അല്ലാ, ശങ്കരൻ നായരെ എന്തോന്നാണ് പത്രത്തിൽ വിശേഷം ? പ്രത്യേക വാർത്തകൾ വല്ലതുമുണ്ടോ ?

''ഓ... ഒന്നുമില്ല നളിനാക്ഷിയമ്മേ, എല്ലാം പതിവിൻപടി.''

''അല്ല, എന്നും പീഡനവാർത്തകളാണല്ലോ അതുകൊണ്ട് ചോദിച്ചു എന്നുമാത്രം.''

കെളവിക്ക് ഇപ്പോഴും പീഡനചിന്ത മാത്രമേ ഉള്ളല്ലോ എന്ന് ഓർ

ത്തെങ്കിലും ഒന്നും പറഞ്ഞില്ല. പറഞ്ഞത് ഇങ്ങനെ: "ഇന്ന് അത്തരത്തിലുള്ള വാർത്തകൾ ഒന്നുമില്ല. ഓ... എന്താണ് രാവിലെ ?"

"ഓ, എന്നാ പറയാനാ ശങ്കരൻ നായരേ, ഇപ്പോൾ പുതിയ, പുതിയ എഴുത്തുകാര് പിള്ളേര് നമ്മുടെ സാഹിത്യവേദികളിൽ കയറിവരുന്നതുകൊണ്ട് അവർക്കാർക്കും നമ്മളെ പിടിക്കാതായി. അതുകൊണ്ട് അവരുടെ മുന്നിൽ നിന്നുപൊറുക്കണമെങ്കിൽ വല്ലതും നല്ല കഥയോ കവിതയോ വേണം, എനിക്ക് ശങ്കരൻ നായര് നല്ലൊരു കവിത എഴുതിത്തരണം. അടുത്ത സർഗ്ഗവേദിയിൽ വായിച്ച് ഒന്ന് ഷൈൻ ചെയ്യണം. ഞാൻ നന്നായി കവിത ചൊല്ലുമെന്ന് നിങ്ങൾക്കറിയാമല്ലോ ! പുതിയ പിള്ളാര് ഞെട്ടണം. അത്തരമൊരു കവിത എഴുതിത്തരണം."

"കഥയും കവിതയും അവരവര് തന്നെ എഴുതി അവതരിപ്പിക്കുകയല്ലേ വേണ്ടത്. മറ്റുള്ളവരെക്കൊണ്ട് എഴുതിപ്പിച്ച് തന്റേതാക്കി അവതരിപ്പിക്കുന്നത് ഭംഗിയാണോ ചേച്ചി ?"

"ഹാ... എന്റെ ശങ്കരൻ നായരേ അങ്ങനെ പറയരുത്. ഞാൻ എഴുതി നോക്കിയതാ, പക്ഷെ ഒന്നും അങ്ങോട്ടു ശരിയാകുന്നില്ല. നിങ്ങൾ ഒരെണ്ണം എഴുതിത്തരൂന്നേ... ഞാനീ വയസ്സാംകാലത്ത് എന്തോ എഴുതാനാ ? എന്നെക്കൊണ്ടാവൂല്ല. ഒരു നാടകമായാലും മതിയെ. എനിക്ക് വേദികളിൽ അവതരിപ്പിക്കാമല്ലോ ! അടുത്തയാഴ്ച പൂവച്ചൽ ഷമീർ സാറിന്റെ വേദിയിൽ ഞങ്ങൾ ഒരു നാടകം കളിക്കുന്നുണ്ട്. അതിൽ ഒരാൾ എന്നെ റേപ്പുചെയ്യുന്ന സീനുണ്ട്. ഞാനതിൽ കലക്കും നിങ്ങൾ നോക്കിക്കോ. നാടകം കാണാൻ ശങ്കരൻ നായര് വരണം കേട്ടോ. വൈഫിനേം കൂട്ടിക്കോ." അതും പറഞ്ഞ് നളിനാക്ഷിയമ്മ അകത്തേക്ക് നോക്കി നീട്ടി വിളിച്ചു.

"ലീലാവതിയേ... എന്തെടുക്കയാ, ഞാൻ പറഞ്ഞതൊക്കെ കേട്ടോ ? എന്റെ നാടകം കാണാൻ വരണം. എന്നെ റേപ്പ് ചെയ്യുന്ന സീനുണ്ട്. വരാൻ മറക്കരുത് മൂന്ന് മണിക്കാണ്. ഓ... പിന്നെ കാപ്പി ഒന്നുമായില്ലേ ലീലാവതിയെ, രാവിലെ ഒന്നും കഴിച്ചില്ല. വീട്ടിലെ മൂധേവി അടുക്കളേൽ കേറീട്ടില്ല."

ഈ കെളവിക്ക് റേപ്പ് സീൻ അഭിനയിക്കാനായിട്ട് എന്താ പരവേശം എന്ന് മനസ്സിലോർത്തു. "നളി നാക്ഷിയമ്മേ ഈ പ്രായത്തിൽ ഇതുപോലുള്ള സീനുകളിലൊക്കെ അഭിനയിക്കുന്നത് എന്തിനാ ? കാണുന്നവർ എന്തുവിചാരിക്കും, മോശമല്ലേ?"

"ഇതെന്നാ ശങ്കരൻ നായരെ നിങ്ങൾ പറയുന്നത് ? കഴിഞ്ഞ നാടകത്തിൽ എന്റെ അഭിനയം കസറി എന്നാ കണ്ടവർ പറഞ്ഞത്. ഞാൻ യൂ ട്യൂബിന് വേണ്ടി അഭിനയിച്ചത് നിങ്ങൾ കണ്ടില്ലേ ?"

"എന്തെല്ലാം ജോലിയുണ്ട് ചേച്ചി, ഞാൻ യൂ ട്യൂബിലൊന്നും കയറാറില്ല."

"നിങ്ങൾക്ക് അസൂയയാണ് ശങ്കരൻ നായരേ. എന്റെ അഭിനയം കണ്ടവരെല്ലാം നല്ല അഭിപ്രായമാണ് പറഞ്ഞത്. എനിക്കൊരു കവിത എഴുതാ നിങ്ങൾ. എനിക്ക് പോകണം. ലീലാവതിയേ ചായ ആയില്ലേ ? എന്താ പുറത്തുകാണാത്തത് ? ആ സോമിനി ഇപ്പോൾ വിലസുകയല്ലേ, വലിയ കവി ആണെന്നാ വിചാരം. എന്താ അവളുടെ ഒരു ഭാവം ? അവൾ അഹങ്കാരിയാ. കണ്ടുകൂടാ എനിക്ക്."

സോമിനിയെ ചാക്കിട്ട് എല്ലാ സാഹിത്യ വേദികളിലും അവരുടെ ചെലവിൽ പോവുകയും കാണുന്നിടത്തുനിന്നെല്ലാം അവരുടെ ചെലവിൽ ഇഷ്ടഭക്ഷണവും കഴിച്ചിട്ടാണ് ഈ കുറ്റപ്പെടുത്തൽ എന്നറിയാമെങ്കിലും ഈ നാരദകാളിയെ മുഷിപ്പിക്കുന്നത് തനിക്ക് പാരയാകുമെന്നതുകൊണ്ട് ഒന്നും പറഞ്ഞില്ല.

"അല്ല നളിനാക്ഷിയമ്മേ, ഇപ്പോൾ മംഗളമൊന്നും വായിക്കാറില്ലേ ?"

"അതെന്നാ ശങ്കരൻ നായരെ എനിക്കിട്ടൊരു തട്ടാണല്ലോ അത്."

"ഹേയ്, അങ്ങനെയൊന്നുമില്ല. ചേച്ചി സ്ഥിരമായി അതൊക്കെ വായിക്കാറുള്ളതല്ലേ. അതുകൊണ്ട് ചോദിച്ചതാണ്."

"ഞാൻ മേടിച്ചുവായിക്കുന്നുണ്ടേ, പക്ഷെ പഴയതുപോലെ നല്ല തമാശകഥകളൊന്നും അതിലില്ല."

മംഗളത്തിലും മറ്റ് ആനുകാലികങ്ങളിലും വരുന്ന ചിലതൊക്കെ അതേപടി പകർത്തി സ്വന്തം സൃഷ്ടിയാണെന്ന ഭാവത്തിൽ വേദികളിൽ അവതരിപ്പിക്കുന്നത് ആരും അറിയില്ലെന്നാണ് കക്ഷിയുടെ വിചാരം. മറ്റുള്ളവരെക്കൊണ്ട് എഴുതിയും കോപ്പിയടിച്ചുമാണ് മൂപ്പത്തിയാര് വിലസുന്നത്. മുഖ്യതൊഴിൽ പരദൂഷണവും മറ്റുള്ളവരെ തമ്മിലടിപ്പിക്കലും. അതൊന്നും ആർക്കും മനസ്സിലാകുന്നില്ല എന്ന് പാവം കരുതുന്നു. മറ്റൊരു വീക്നസ്സ് കാണുന്നവരോടും പരിചയപ്പെടുന്നവരോടും പണം കടം ചോദിക്കലും. കിട്ടിക്കഴിഞ്ഞാൽ അടുത്ത ആഴ്ച മുതൽ കൊടുത്തയാളെ ഓർമ്മിപ്പിക്കലും മേടിച്ചത് ഒരിക്കലും കൊടുക്കാതിരിക്കലുമാണ്. ആരോടെങ്കിലും ഇഷ്ടക്കേട് തോന്നിയാൽ അയാളെ പരമാവധി തേജോവധം ചെയ്യലാണ്. ഒരുവിധം മെച്ചപ്പെട്ട എഴുത്തുകാരെയെല്ലാം താനാണ് വളർത്തിവലുതാക്കിയതെന്ന് പറഞ്ഞുനടക്കാൻ ഒട്ടും മടിയില്ല. അത് ചോദിച്ചിട്ട് പണം കൊടുക്കാത്തവരേയും വേദിയിൽ അവർ ആഗ്രഹിക്കുന്ന പരിഗണന കൊടുക്കാത്തവരേയും തിരഞ്ഞുപിടിച്ച് അപവാദപ്രചരണം നടത്തും. എഴുതിത്തെളിഞ്ഞു വരുന്നവരെല്ലാം തന്റെ പിൻതുണ കൊണ്ടാണെന്ന് അവർ അവകാശപ്പെടുന്നു.

ലീലാവതി കൊണ്ടുവന്ന ചായ മേടിച്ച് ഊതിക്കുടിക്കുന്നതിനിടയിൽ, "ലീലാവതി എന്റെ നാടകം കാണാൻ വരണം കേട്ടോ. അല്ലാ, ചായ മാത്രമേ ഉള്ളോ കഴിക്കാൻ ഒന്നും ഉണ്ടാക്കിയില്ലേ ?"

"ചേച്ചി ചായ കുടിച്ചിരിക്ക്. ദോശ ഉണ്ടാക്കിയിട്ടുണ്ട് ഇനി ചമ്മന്തി ഉണ്ടാക്കണം. അതുവരെ നിങ്ങൾ സംസാരിക്ക്, ദോശ കഴിച്ചിട്ടു പോകാം." ലീലാവതി അകത്തേക്ക് കയറിപ്പോകുമ്പോൾ നളിനാക്ഷിയമ്മ വീണ്ടും കവിതയിലേക്ക് വന്നു.

"ആ... ശങ്കരൻ നായരെ എനിക്കൊരു കവിത

വേണം, നിങ്ങൾ ഒന്നും പറഞ്ഞില്ല ഇതുവരെ.''

''ചേച്ചി ഇത്ര പെട്ടെന്ന് കവിത വേണം എന്നു പറഞ്ഞാൽ എങ്ങനെയാ, ഞാൻ നോക്കട്ടെ. നാളെ കഴിഞ്ഞുവന്നാൽ മതി. കുറച്ച് തെരക്ക് ഉണ്ട്. ദോശ ആയെങ്കിൽ കഴിച്ചിട്ടുപോകാം. കുറച്ചുനാളായല്ലോ എന്റെ കൈയിൽ നിന്നും വാങ്ങിയ പണം തന്നില്ല, ഓർമ്മയുണ്ടോ ?''

''അതെന്നാ ശങ്കരൻ നായരെ പണം ഞാൻ തരും. തരുമ്പോൾ തീരുന്നതല്ലേ കടം. മറന്നിട്ടില്ല.''

ഒരിക്കലും കിട്ടാൻ പോകുന്നില്ല എന്നുമനസ്സിൽ ഓർത്തെങ്കിലും പറഞ്ഞില്ല. പറഞ്ഞിട്ടുകാര്യമില്ല എന്നറിയാം. ഇതിനകം പലരേയും ആക്ഷേപിക്കാനും മുതുക്കി മറന്നില്ല. സോമിനിയും ലീലയും ലീനയും സുരേന്ദ്രനും സഹദേവനുമെല്ലാം അവരുടെ ഇരകളായിരുന്നു. അകത്തുപോയി ലീലാവതി കൊടുത്ത കാപ്പിയും കഴിച്ച് പോകാനൊരുങ്ങുമ്പോൾ അവർ ഓർമ്മിപ്പിച്ചു - ''ശങ്കരൻ നായരേ, നളിനാക്ഷിയമ്മയെ മറക്കാമോ ? ഞാനാണ് നിങ്ങൾക്ക് സാഹിത്യലോകത്ത് പേരുണ്ടാക്കിത്തന്നത്. അത് മറക്കുത് ശങ്കരാ. നന്ദി വേണം നന്ദി. എല്ലാവരോടും നിങ്ങളെ പറ്റി പുകഴ്ത്തിപ്പറയാൻ ഈ നളിനാക്ഷിയമ്മ മാത്രമേയുള്ളു. എന്നാൽ ശരി ഞാനിറങ്ങട്ടെ, മറ്റന്നാൾ വരാം. നളിനാക്ഷിയമ്മ പിറുപിറുത്തു കൊണ്ട് ഇറങ്ങി നടക്കുമ്പോൾ എല്ലാം കേട്ടുനില്ക്കുകയായിരുന്ന ലീലാവതി കടന്നൽ കുത്തേറ്റ മുഖവുമായി കടന്നുവന്നു. അവൾക്ക് ദേഷ്യം പതഞ്ഞ് ഉയരുകയായിരുന്നു. അവൾ ചോദിച്ചു:

''നിങ്ങളെന്താ ഇളിച്ചോണ്ടിരിക്കുന്നത്. അവർ പറഞ്ഞതെന്തോ ന്നാ ? അവരാണോ നിങ്ങളെ വളർത്തിയത് ? എത്ര കാലമായി ഓരോ പ്രസിദ്ധീകരണങ്ങളിൽ സൃഷ്ടി വരുന്നു, ഈ തള്ള എത്ര നാളായി രംഗത്തു വന്നിട്ട്. അതും നാലുവരി സ്വന്തമായിട്ട് എഴുതുമായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. വല്ലവരുടേയും കൃതികൾ മോഷ്ടിച്ച് അവതരിപ്പിച്ച് വെലസി നടക്കുകയല്ലേ. എന്നിട്ട് പറയുന്നത് കേട്ടില്ലേ?''

''അവർ എന്തെങ്കിലും പറയുകയോ ഭാവിക്കുകയോ ചെയ്യട്ടെ നമുക്കെന്താ, എന്തെങ്കിലും പറഞ്ഞാൽ അപവാദം പരത്തും.''

''പിന്നെ പിന്നെ ഇതുപോലുള്ള ജീവികളെ വീട്ടിൽ കയറ്റുന്ന നിങ്ങളെയാ പറയേണ്ടത്.''

ലീലാവതി നിലം ചവിട്ടിക്കുലുക്കി അകത്തേക്ക് പോയി. മാറ്റിയിട്ടിരുന്ന പത്രം കയ്യിലെടുത്ത് വായന തുടർന്നു. ●

**ഒരിടത്ത് ഒരു മരക്കുറ്റി നിൽപ്പുണ്ടായിരുന്നു. ഇരുട്ടത്ത് ഒരു കള്ളൻ ആ വഴി വന്നു. "അതൊരു പോലീസുകാരൻ തന്നെ." അയാൾ പറഞ്ഞു. പിന്നെയൊരു യുവാവ് തന്റെ പ്രിയതമയെ തേടിവന്നു. "അതെന്റെ കാമുകി തന്നെ." അവൻ പറഞ്ഞു. പ്രേതകഥകൾ കേട്ടുവളർന്നൊരു കുട്ടിയും ആ വഴി വന്നു. "അയ്യോ പ്രേതം." കുട്ടി പറഞ്ഞു. പക്ഷെ അപ്പോഴെല്ലാം അത് മരക്കുറ്റി മാത്രമായിരുന്നു. നാം എന്താണോ, അപ്രകാരം നാം ലോകത്തെ കാണുന്നു.**

**-സ്വാമി വിവേകാനന്ദൻ-**

■ കവിത

# ബന്ധനം



**ഭാരതി ഹരിദാസ്**
**7902338436**

എന്തിനലറിക്കരഞ്ഞു നീ പാരിതിൽ
സന്തതം വന്നു പിറന്നൊരു ഭീതിയാൽ
മാനവജീവിതം മറ്റൊരു ബന്ധനം
ആ നവചിന്തയാൽ നീ മിഴി പൂട്ടിയോ
നിന്റെ വിസർജ്ജ്യങ്ങളമ്മയ്ക്കറപ്പുതാൻ
നീയോ ഡയപ്പറിൽ ബന്ധിതനല്ലയോ
മുജ്ജന്മവാർദ്ധകവേളയിൽ ദുസ്സഹ
ദുർഗ്ഗന്ധശയ്യയിൽ ഓർമ്മയിലെത്തിയോ ?
പേലവകൈവിരൽത്തുമ്പിലും കയ്യുറ
പോലൊരു ബന്ധുരബന്ധനമെന്തിനോ
താരാട്ടുകേട്ടുമയങ്ങേണ്ട തൊട്ടിലോ
തായയ്ക്കതൊക്കെയും ആകുലമാകവേ
ചുറ്റുമഴികൾ നിരത്തിയ കട്ടിലിൽ
ചെറ്റുമനങ്ങാൻ കഴിയാത്ത ബന്ധനം
കമ്രമാം മറ്റൊരു ഭീമമാം കൂടതിൽ
കാമ്യം കളിപ്പാട്ടമൊക്കെയും നൽകിടും.
ഭൂവിതിൽ ബന്ധങ്ങൾ ദീർഘമാം ബന്ധനം
ആവില്ല മോചനം, ഓർത്തു കരഞ്ഞതോ.

■ കവിത

# കറതീരും വരെ..



ബിബിത് പാലക്കാട്
9567471727

തീപ്പന്തം കൊണ്ടെഴുതിയ ചരിത്രങ്ങളനവധി..
ഇന്നിൻ കൈയ്യുടയാളം കഠാരകൊണ്ടത്രെ..
ചോര കിനിഞ്ഞത് ഇടനെഞ്ചിൽ നിന്നല്ല
വാനിൽ മിന്നുന്ന ചുവന്ന നക്ഷത്രത്തിൽ നിന്ന്
തലകുനിക്കണം...
ശിരസ്സിൽ കയറിയ ഘനം തീരും വരെ
കൈകളിൽ തെറിച്ച കറ തീരും വരെ..!

# വരൂ, നമുക്ക് വാക്കുകളാൽ ലോകം തീർക്കാം...



**ജിനു പ്രഭാകരൻ**
**8547589735, 9061101483**

**തി**കച്ചും യാന്ത്രികമാണീ ലോകം. ജീവന്റെ തുടിപ്പുകൾക്ക് ഉത്തരം നൽകേണ്ട ഒരായിരം ചോദ്യങ്ങൾ. അവയ്ക്കിടയിൽ പലതും മൗനമായ് എരിഞ്ഞു നീറിയേക്കാം. ഇവിടെയാണ് ശാസ്ത്രം തോറ്റുപോകുന്ന സാഹിത്യത്തിന്റെ പ്രാധാന്യം. കുഞ്ഞുണ്ണിമാഷ് പറഞ്ഞതു പോലെ,

*വായിച്ചാലും വളരും*
*വായിച്ചില്ലെങ്കിലും വളരും*
*വായിച്ചാൽ വിളയും*
*വായിച്ചില്ലെങ്കിൽ വളയും.*

അതുപോലെ പ്രാധാന്യമർഹിക്കുന്ന ഒന്നു തന്നെയാണ് കലാസാഹിത്യരംഗവും. കടന്നുപോകുന്ന പാതകളെ ക്യാമറക്കണ്ണുകൾ ഒപ്പിയെടുക്കുന്നത് പോലെയാവാം, സമൂഹത്തോട് വ്യക്തിത്വങ്ങൾക്ക് പറയാനുള്ളവ ഒരുപക്ഷെ എഴുത്തിലൂടേയും, ചിത്രങ്ങളിലൂടേയും നാം ലോകത്തോട് വിളിച്ചുപറയുന്നത്. എഴുതുമ്പോഴും ചിത്രങ്ങൾക്ക് രൂപം നൽകുമ്പോഴും അവയെല്ലാം നഗ്നമായിത്തന്നെ വേണം. കലർപ്പോ, മായമോ അവയെ ഒരിക്കലും തളരാനിടയാക്കരുത്. സത്യമെന്തെന്നാൽ ആ നഗ്നതയിലാണ് തികച്ചും യാഥാർത്ഥ്യമാർന്ന ഒരു സമൂഹം ജനിക്കുന്നത്. നിങ്ങളുടെ അഭിപ്രായങ്ങൾ അത് തികച്ചും നിങ്ങളിലൂടെ മാത്രമാണ്. പൊടിപ്പും തൊങ്ങലും തിങ്ങിനിറഞ്ഞ വാക്കുകളിലൂടെ രൂപപ്പെട്ട ഓരോന്നിന്റേയും അവസാനം അത്രയൊക്കെ അടിച്ചേൽപ്പിച്ച വാക്കുകൾ മാത്രമായിരിക്കും.

*വിരിയുന്ന പൂക്കളേ, വാക്കുകളാൽ ലോകം തീർക്കാൻ വാകച്ചുവട്ടിലേക്ക് ഇതാ ഒരു പുതുവസന്തം കൂടി...*



# പൊതുവിജ്ഞാനം

**നൗഷാദ് ഖാൻ**
**9846454199**



1. ഭിന്നശേഷിക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് കേരള സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി ?
ഉ. അനുയാത്ര

2. ഏത് മുൻ ഇന്ത്യൻ പ്രധാനമന്ത്രിയാണ് രാജാസാഹബ് എന്ന് അറിയപ്പെടുന്നത്?
ഉ. വി. പി. സിങ്ങ്

3. 'യാചന പദയാത്ര' നടത്തിയ പ്രസിദ്ധ കേരളീയൻ ?
ഉ. വി. ടി. ഭട്ടതിരിപ്പാട്

4. ലോക പ്രശസ്ത ചിത്രകാരൻ പാബ്ലോ പിക്കാസോ ഏത് രാജ്യക്കാരനാണ് ?
ഉ. സ്പെയിൻ

5. ഏത് രാജ്യത്താണ് ബോഫോഴ്സ് തോക്കുകൾ നിർമ്മിച്ചത് ?
ഉ. സ്വീഡൻ

6. എന്താണ് 'കാലിഗ്രാഫി' ?
ഉ. കലാപരമായ എഴുത്ത് ശൈലി

7. വോട്ടർമാർക്ക് തിരിച്ചറിയൽ കാർഡ് നൽകിയ ആദ്യ ഇന്ത്യൻ സംസ്ഥാനം ?
ഉ. ഹരിയാന

8. 'നോക്കിയ' എന്ന വാർത്താവിനിമയ കമ്പനി ഏത് രാജ്യത്തെയാണ് ?
ഉ. ഫിൻലാന്റ്

9. പച്ചക്കറികളിൽ നിന്നും ലഭിക്കാത്ത ജീവകം ഏത് ?
ഉ. വിറ്റാമിൻ ഇ

10. ജഗന്നാഥക്ഷേത്രം സ്ഥിതിചെയ്യുന്ന പട്ടണമേത് ?
ഉ. പൂരി



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001


# ഏകത്തത്വയുടെ പുസ്തകങ്ങൾ

Eka Thathwa

BOOKS





പേജ് - 92 വില - 100 രൂപ




പേജ് - 94 വില - 100 രൂപ




പേജ് - 214 വില - 210 രൂപ




പേജ് - 126 വില - 120 രൂപ




പേജ് - 70 വില - 70 രൂപ




പേജ് - 102 വില - 100




പേജ് - 44 വില - 45 രൂപ




പേജ് - 55 വില - 60 രൂപ




പേജ് - 70 വില - 60 രൂപ




പേജ് - 132 വില - 130 രൂപ



പേജ് - 100 വില - 60 രൂപ

**Published on 15/07/2019, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 9, Issue 9, August 2019, Rs.15/-**
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019




**For Typing Designing Printing and Publishing Contact**

# ഏകതത്വ

9446443321,9387118131

**Eka Thathwa assure you the quality and honesty in printing and publishing**

